# അനുദിനപ്രാർത്ഥന

## കുടുംബങ്ങളിൽ



ഡോ. സേവ്യർകൂടപ്പുഴ

# അനുദിനപ്രാർത്ഥന

## കുടുംബങ്ങളിൽ

(ആറാം പതിപ്പ്)

(സീറോ—മലബാർ സഭയുടെ ആരാധനക്രമവത്സരം
അനുസരിച്ച് തയ്യാറാക്കിയത്)

റവ. ഡോ. സേവ്യർ കൂടപ്പുഴ

ACHARYA PALACKAL JEEVASSKENDRAM ALUVA
LIBRARY

St. Thomas Ap. Seminary, Vadavathoor,
Kottayam — 686010

Malayalam

ANUDINAPRARDHANA KUDUMBANGALIL

**Rev. Dr. Xavier Koodapuzha**

St. Thomas Ap. Seminary
Vadavathoor, Kottayam-686010

1st Published in January, 1980
2nd Edition- February, 1980
3rd Edition-June, 1980
4th Edition-January 1982
5th Edition- 1983
6th Edition-January, 1984

M/249
KOO

**Price Rs. 3. 50**

Printed at:
St. Josph's Press, Mannanam

Available at:
Book Stall, St. Thomas Ap. Seminary, Vadavathoor,
Amala Book Centre, Kanjirapally 686507
St. Joseph's Orphanage Book Stall, Chry. 686101

Copyright to the Author

Cover Design: V. Maniambra

Nihil Obstat:
Rev. Dr. Mathew Vellanickal

Imprimatur:
MAR JOSEPH POWATHIL
Bishop of Kanjirappally.

# ആമുഖം

കുടുംബപ്രാർത്ഥനയിൽ മഹത്തായ ഒരു പാരമ്പര്യമുള്ള നാടാണ് നമ്മുടേത്. പക്ഷിജാലങ്ങളുടെ പശ്ചാത്തലഗാനത്തോടൊപ്പം സന്ധ്യാവേളകളിൽ നമ്മുടെ വീടുകളിൽനിന്നും മുഴങ്ങുന്ന പ്രാർത്ഥനകൾ ഈ പ്രകൃതിയെത്തന്നെ ഭക്തിനിർഭരമാക്കുന്നു. നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനകൾ സജീവവും കാലാനുസൃതവും നമ്മുടെ മതവിജ്ഞാനത്തിന് അനുഗുണവുമാക്കിത്തീർക്കണമെന്നുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെ ഫലമായിട്ടാണ് ഈ പുസ്തകരചനയ്ക്കു ഞാൻ ഉദ്യുക്തനായത്.

സഭയുടെ ചൈതന്യം നുകർന്നുകൊണ്ട്, ആരാധനക്രമവത്സരത്തോട് അനുരൂപപ്പെട്ടുകൊണ്ട് പ്രാർത്ഥന ചൊല്ലുന്ന രീതി എത്രയോ അഭികാമ്യമാണ്! അതിനു യോജിച്ച മാതൃകയിലാണ് ഈ 'അനുദിനപ്രാർത്ഥന' സംവിധാനം ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

1 കുടുംബപ്രാർത്ഥന ആരാധനക്രമവത്സരത്തെ അടിസ്ഥാനമാക്കി ഒൻപതു യൂണിററായി തിരിച്ചിരിക്കുന്നു.

2 കാലാനുസൃതമായ പ്രാർത്ഥനയ്ക്കു പുറമേ എല്ലാ ദിവസവും ചൊല്ലുന്നതിനുള്ള പൊതുപ്രാർത്ഥനയും ഇതിലുണ്ട്.

3 ആരാധനക്രമവത്സരത്തിനു യോജിച്ച ബൈബിൾ വായനകളും ഇതിൽ ചേർത്തിരിക്കുന്നു. സീറോ–മലബാർ സഭയുടെ ആരാധനക്രമം പുനരുദ്ധരിക്കപ്പെട്ടപ്പോൾ റോമിൽനിന്നും നല്കിയ കലണ്ടർ അനുസരിച്ചുള്ള വി. ഗ്രന്ഥഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4 ജപമാല സജീവമാക്കുന്നതിന് സഹായകമാംവിധം വിശുദ്ധഗ്രന്ഥഭാഗങ്ങളും പ്രാർത്ഥനകളും പ്രത്യേകം ചേർത്തിട്ടുണ്ട്.

5 കുടുംബാംഗങ്ങൾക്ക് ഒരുമിച്ചു പാടാവുന്ന ലളിതങ്ങളായ പ്രാത്ഥനാഗാനങ്ങളാണ് നല്കിയിരിക്കുന്നതു്.

6 രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാത്ഥനയും മരിച്ചവക്കുവേണ്ടിയുള്ള പ്രത്യേക പ്രാത്ഥനയും ചെറിയ ഒപ്പീസും അഞ്ചാം ഭാഗത്തു് ഉൾപ്പെടുത്തിയിരിക്കുന്നു. അവസാനമായി കുടുംബപ്രതിഷ്ഠയുടെ പ്രാർത്ഥനയും ചേത്തിരിക്കുന്നു.

ഈ ഗ്രന്ഥരചനയ്ക്കു് എന്നെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള ധാരാളംപേരുണ്ട്. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പൗവ്വത്തിൽ ഒരു നല്ല അവതാരികയെഴുതി ഈ പ്രാത്ഥനാമഞ്ജരിയെ മനോഹരമാക്കി. നിർദ്ദേശങ്ങൾ നല്കിയും പ്രാത്ഥനകൾ രചിച്ചും മററു പലതരത്തിലും എന്നെ സഹായിച്ച സുഹൃത്തായ ശ്രീ കുര്യൻ വേമ്പേനി, മോൺ. തോമസ് നെടുങ്കല്ലേൽ, ഫാ. മാത്യു വെള്ളാനിക്കൽ, ഫാ. ജേക്കബ് വെള്ളിയാൻ, ജോസഫ് ആട്ടമാക്കിൽ, ജേക്കബ് വടക്കേൽ, ജോസ് മലേപ്പറമ്പിൽ, ജയിംസ് പുത്തൻപറമ്പിൽ തുടങ്ങിയവരെപ്പററിയുള്ള കൃതജ്ഞതാനിർഭരമായ സൗഹൃദ്സ്മരണകൾ ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുകയാണ്. ഈ പുസ്തകം ഉപയോഗിച്ചു നമ്മുടെ കുടുംബപ്രാത്ഥന സജീവമായാൽ ഞാൻ കൃതകൃത്യനായി.

സെമിനാരി<br>
വടവാതൂർ<br>
25-2-1980

ഫാ. സേവ്യർ കൂടപ്പുഴ

# അവതാരിക

കുടുംബപ്രാത്ഥന നമ്മുടെ ധന്യമായൊരു പാരമ്പ ര്യമാണ്. പകലന്തിയോളം പണിയെടുത്തശേഷം കുടും ബനാഥൻ മററംഗങ്ങളോടൊത്തു് ദൈവത്തെ ആരാധി ക്കുന്നതിന് ഒന്നിച്ചുകൂടുന്ന കാഴ്ച എത്ര അനുഗൃഹീതം! എല്ലാ നന്മകളുടെയും ദാതാവായ ദൈവത്തിനു കൃതജ്ഞ താസ്തോത്രമാലപിക്കുന്നതിലൂടെ കുടുംബത്തിലെ ഐക്യ വും സ്നേഹവും എല്ലാവരുംകൂടി അനുദിനം ആഴമായി ഉറ പ്പിക്കുകയാണ്.

ക്രൈസ്തവകുടുംബം സഭയുടെ പ്രതീകമാണ്. പിതാ വിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമ ത്തിൽ കുടുബാംഗങ്ങൾ ഒന്നിച്ചുകൂടി ദൈവസ്നേഹം മാനു ഷികമായി അവതരിപ്പിക്കുകയാണ്. ദൈവനാമത്തിലു ള്ള സമ്മേളനമാണ് ഈ പ്രാത്ഥനാസമ്മേളനം. ഈ സ മ്മേളനത്തെ നയിക്കുന്ന ചൈതന്യവിശേഷം ദൈവാരൂ പിയും.

മാർത്തോമ്മാക്രിസ്ത്യാനികളുടെ മഹത്തായൊരു പാ രമ്പര്യമാണു കുടുംബപ്രാത്ഥന. എന്നാൽ കാലത്തിൻെറ ഗതിവിഗതികളാൽ പല കാരണങ്ങൾകൊണ്ടും കുറെയൊ ക്കെ കോട്ടം ഇതിനു സംഭവിക്കുന്നില്ലേയെന്നും സംശയി ക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമൊരു സാഹചര്യത്തിൽ തിരുസ്സഭയുടെ ആരാധനക്രമവത്സരത്തിൻെറ അടിസ്ഥാ നത്തിൽ കുടുംബപ്രാത്ഥന നടത്തുവാൻ സഹായിക്കുകയാ ണ് ഈ ഗ്രന്ഥത്തിൻെറ ലക്ഷ്യം.

ആരാധനക്രമജീവിതവും കുടുംബപ്രാത്ഥനയും പൊ രുത്തപ്പെട്ടുപോകേണ്ടതാണ്. കാരണം സഭയുടെ ആരാധ നക്രമം സഭാജീവിതത്തിൻെറ സമുന്നതമായ ആവി ഷ്ക്കരണമാണ്. ആ ചൈതന്യത്തോടൊന്നുചേരുന്നതി

ലൂടെ സഭാജീവിതം സജീവമാകുന്നു. ആരാധനക്രമജീവിതത്തിന്റെ കേന്ദ്രബിന്ദു മനുഷ്യാവതാര രഹസ്യങ്ങളാണ്. അതിന്റെ വിവിധ വശങ്ങളാണ് ആരാധനക്രമവത്സരത്തിലൂടെ അവതരിപ്പിക്കപ്പെടുക. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ആരംഭംമുതൽ പടിപടിയായി നീങ്ങി സഭയുടെതന്നെ അന്ത്യമഹത്വത്തിൽ പങ്കുചേരുവാൻ ഓരോരുത്തരേയും ആരാധനക്രമജീവിതം ഒരുക്കുന്നു.

ആരാധനക്രമവത്സരത്തിലടിസ്ഥാനമാക്കിയുള്ള കുടുംബപ്രാർത്ഥന ഈ പ്രാർത്ഥനാപുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്. ഈ ഗ്രന്ഥം നമ്മുടെ കുടുംബങ്ങളിലെ അനുദിനപ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്നത് ഉത്തമമായിരിക്കുമെന്ന് ഉപദേശിക്കുവാൻ സന്തോഷമുണ്ട്. കുടുംബനാഥന്റെ നേതൃത്വത്തിൽ ഈ പ്രാർത്ഥന അനുദിനം നടത്തുവാൻ പരിശ്രമിക്കണം. കുർബാനയിൽ കൂടുതൽ സജീവമായി പങ്കെടുക്കുന്നതിനും ഈ ഗ്രന്ഥം സഹായിക്കും. ഈ പ്രാർത്ഥനാഗ്രന്ഥം തയ്യാറാക്കിയ ബ. കുടപ്പുഴ സേവ്യറച്ചനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥത്തിനു നമ്മുടെ കുടുംബങ്ങളിലെല്ലാം സ്വാഗതം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മാർ ജോസഫ് പൗവ്വത്തിൽ
കാഞ്ഞിരപ്പള്ളിരൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
20–12–1979

# ഉള്ളടക്കം

പേജ്

| | |
|---|---|
| ആമുഖം | 3 |
| അവതാരിക— മാർ ജോസഫ് പൗവ്വത്തിൽ | 5 |
| ഉള്ളടക്കം | 7 |
| സീറോ മലബാർ സഭയുടെ ആരാധനക്രമവത്സര മനുസരിച്ചുള്ള പ്രാർത്ഥന: ഒരു വിശദീകരണം | 9 |

## ഒന്നാം ഭാഗം..... പൊതുവായ പ്രാർത്ഥന

| | |
|---|---|
| സായാഹ്ന പ്രാർത്ഥന | 11 |
| പ്രഭാതപ്രാർത്ഥന | 29 |

## രണ്ടാംഭാഗം—കാലമനുസരിച്ചുള്ള പ്രാർത്ഥന

| | |
|---|---|
| മംഗലവാർത്തക്കാലം | 28 |
| ദനഹാ(ആവിഷ്കാര)കാലം | 37 |
| നോയമ്പുകാലം | 42 |
| ഉയിർപ്പുകാലം | 48 |
| ശ്ലീഹാക്കാലം | 54 |
| സഭയുടെ വളർച്ചക്കാലം (കൈത്താക്കാലം) | 59 |
| ഏലിയാ, സ്ലീവാ, കാലങ്ങൾ | 65 |
| മൂശക്കാലം | 65 |
| സഭയുടെ അന്ത്യമഹത്വീകരണകാലം | 71 |

## മൂന്നാംഭാഗം—ബൈബിൾജപമാല

| | |
|---|---|
| ബൈബിൾ ജപമാല | 77 |
| സന്തോഷരഹസ്യങ്ങൾ | 78 |
| ദുഃഖരഹസ്യങ്ങൾ | 82 |
| മഹിമയുടെ രഹസ്യങ്ങൾ | 86 |

## നാലാം ഭാഗം–ഭക്തഗാനങ്ങൾ

കർത്തൃപ്രാർത്ഥന 91
എന്നിൽ വസിപ്പാൻ ഞാനാര് 91
ദൈവം നല്ലയിടയൻ 92
അനുതാപ കീർത്തനം 92
ഈശോനാഥാ വന്നാലും 93
താമരപ്പൂവിനും താരകൾക്കും 93
പ്രകാശത്തിനുവേണ്ടി 94
ശാന്തിയുടെ സന്ദേശം 94
വിശുദ്ധ കുർബാനയ്ക്കുള്ള സ്തോത്രം 95
വിശുദ്ധ ദിവ്യകാരുണ്യത്തിനു സ്തുതി 96
നല്ലയിടയൻ ഈശോ 96
ക്രിസ്മസ് ഗാനങ്ങൾ 97
പരിശുദ്ധാത്മാവിനോട് 98
മാതാവിനോട് 99
പരിശുദ്ധ കന്യക നല്ല അമ്മ 99
വിശ്വാസവെളിച്ചത്തിനുവേണ്ടി 99
ദൈവം ഏക ആശ്രയം 100
ദൈവത്തിനു സ്തോത്രം 101
ഈശോയിൽ ഐക്യം 101
വിശുദ്ധ തോമ്മാശ്ലീഹായോട് 102
ഉറങ്ങാൻ പോകുമ്പോൾ 103
വാ വാ യേശുനാഥാ 103
സമയമാം രഥത്തിൽ ഞാൻ 104

## അഞ്ചാം ഭാഗം

രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന 105

## ആറാം ഭാഗം

മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് 108
കുടുംബപ്രതിഷ്ഠ 114

10487
ACHARYA PAL... DRAM LIBRARY

## സീറോ–മലബാർ സഭയിലെ ആരാധനക്രമവത്സരമനുസരിച്ചുള്ള

# കുടുംബപ്രാർത്ഥന

സമയം ഏററം വിലപ്പെട്ട ദൈവദാനമാണ്. ഈ ദാനത്തെ ക്രിസ്തുവിൻെറ രക്ഷാകര രഹസ്യങ്ങളിലൂടെ മഹത്വപ്പെടുത്തുകയാണ് ആരാധനക്രമവത്സരത്തിലൂടെ തിരുസ്സഭ ചെയ്യുക. സഭയോടൊത്തു ചിന്തിക്കുന്നതിനും സഭാചൈതന്യം സ്വാംശീകരിക്കുന്നതിനും ആരാധനക്രമവത്സരത്തിൻെറ ക്രമീകരണം നമ്മെ സഹായിക്കുന്നു.

സീറോ–മലബാർ സഭയുടെ ആരാധനക്രമവത്സരം ഒൻപതു കാലങ്ങളായി വിഭജിച്ചിരിക്കുന്നു. ദൈവശാസ്ത്രപരമായി അതിവിശിഷ്ടമായൊരു വിഭജനരീതിയാണിത്.

ലോകചരിത്രത്തിലെ ഏററവും വലിയ സംഭവം—മനുഷ്യരക്ഷയ്ക്കായി ദൈവം മനുഷ്യനാകുന്ന സദ്വാർത്ത—മാലാഖാ പരി. മറിയത്തെ അറിയിക്കുന്നതിനെ അനുസ്മരിച്ചുകൊണ്ടാണ് 'മംഗലവാർത്ത' എന്ന പ്രഥമകാലം ആരംഭിക്കുക. പിറവിത്തിരുന്നാൾ ഇതിൻെറ കേന്ദ്രബിന്ദുവാണ്. ദൈവം സ്വയം ലോകത്തിന് വെളിപ്പെടുത്തുന്ന സംഭവമാണ് 'ദനഹാ' അല്ലെങ്കിൽ 'ആവിഷ്ക്കാരം' എന്ന രണ്ടാമത്തെ ഘട്ടത്തിൽ നമ്മൾ അനുസ്മരിക്കുക. സ്വയം വെളിപ്പെടുത്തിയ ദൈവത്തിൻെറ 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നിങ്ങൾ അനുതപിച്ച് മാമ്മോദീസാ സ്വീകരിക്കുവിൻ' എന്ന ആഹ്വാനം സ്വീകരിച്ചുകൊണ്ടു പാപങ്ങളോർത്ത് അനുതപിച്ച് പ്രായശ്ചിത്തം ചെയ്യുന്ന സമയമാണ് വലിയ 'നോയമ്പുകാലം'. സഹനത്തിലും കുരിശുമരണത്തിലും കൂടി നിത്യമഹത്വത്തിലേയ്ക്കു ഉത്ഥാനം ചെയ്ത

ക്രിസ്തുവിൽ കേന്ദ്രീകൃതമായ ആരാധനയാണ് 'ഉയിർപ്പു കാല'ത്തുള്ളത്. ഉത്ഥാനത്തിനുശേഷം ശിഷ്യഗണത്തിനു പരിശുദ്ധാത്മാവിനെ നല്കുകയും അവർ ലോകമെങ്ങും പോയി ക്രിസ്തുവിനു സജീവസാക്ഷികളായി സഭകൾ സ്ഥാപിക്കുകയും ചെയ്യുന്ന സംഭവമാണ് 'ശ്ലീഹാക്കാലം' എന്ന പേരിൽ അറിയപ്പെടുക. ലോകമെങ്ങും സ്ഥാപിതമായ സഭയിൽ ദൈവം വർഷിക്കുന്ന നിരവധി ദാനങ്ങൾ സ്വീകരിച്ചു സഭകൾ വളരുന്നതാണ് കൈത്താക്കാലത്തു' (സഭയുടെ വസന്തകാലം) നമ്മൾ അനുസ്മരിക്കുക.

രക്ഷാകരരഹസ്യത്തിലൂടെ വളർന്നുവരുന്ന സഭ അതിൻെറ അന്ത്യമഹത്വീകരണത്തിനായി ഒരുങ്ങുകയാണ് 'ഏലിയാ—സ്ളീവാ', 'മൂശ' എന്ന കാലഘട്ടങ്ങളിൽ. മിശിഹായുടെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തിനു മുമ്പായി ഈ രണ്ടു പ്രവാചകരെ സഭ അനുസ്മരിക്കുന്നു അവസാനത്തെ കാലഘട്ടമായ 'പള്ളിക്കൂദാശക്കാലത്തു' സഭയുടെ അന്ത്യമഹത്വീകരണമാണു ചിന്താവിഷയം. ദൈവപുത്രനെ സർവ്വസ്വവുമായി സ്വീകരിച്ച വധുവായ സഭയെ പിതാവായ ദൈവം മഹത്വപ്പെടുത്തുന്നു. സ്വപുത്രനിൽ വിശ്വസിച്ചവരെ നിത്യാനന്ദത്തിലേയ്ക്കു നയിക്കുന്നു. ഇതാണ് നമ്മുടെ മാതൃസഭയുടെ മനോഹരമായ ആരാധനക്രമവത്സരം.

ഈ ആരാധനക്രമവത്സരത്തിലൂടെ തീർത്ഥകരായ നമുക്കും അന്ത്യമഹത്വീകരണത്തിനായി ഒരുങ്ങാം. നമ്മുടെ അനുദിനജീവിതത്തെ രക്ഷാകര രഹസ്യങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തി അതിനു ശരിയായ രൂപവും ഭാവവും നല്കാം. രക്ഷകനായ മിശിഹാ നമ്മെ തൻെറ ജീവിതത്തിലും മഹത്വത്തിലും പങ്കാളികളാക്കട്ടെ. ഇതിനു സഹായിക്കുകയാണ് ഈ 'കുടുംബപ്രാത്ഥന'യുടെ ഏകലക്ഷ്യം.

## ഒന്നാം ഭാഗം

# 1 സായാഹ്ന കുടുംബപ്രാർത്ഥന

ശ്രദ്ധിക്കുക: കുടുംബാംഗങ്ങൾ രണ്ടു ഗണമായി തിരിഞ്ഞു് പ്രധാനിയുടെയും സമൂഹത്തിന്റെയും ഭാഗം മാറിമാറി ചൊല്ലുന്നതു നന്നായിരിക്കും. പ്രധാനിയുടെ കൂടെ ഒരു ഗണത്തിനും ചൊല്ലാമല്ലോ.

പ്രധാനി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

പ്ര: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും ആമ്മേൻ.

സ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം. നിന്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

പ്ര: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധനെന്നു് ഉദ്ഘോഷിക്കുന്നു.

സ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം. നിന്റെ രാജ്യം വരണം. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണം.

പ്ര: ഞങ്ങൾക്കാവശ്യമായ അപ്പം, ഇന്നു ഞങ്ങൾക്കു നല്കണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. പ്രത്യേകിച്ചു ദുഷ്ടാരൂപിയിൽനിന്നു് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

സ: എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമ്മേൻ.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സ: ആദിയിലെപ്പോലെ എന്നേയ്ക്കും. ആമ്മേൻ.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ ദൈവമായ കർത്താവേ, / നിൻെറ ആരാധ്യമായ ത്രിത്വത്തിൻെറ മഹനീയമായ നാമത്തിനു സ്തുതിയും മഹത്വവുമുണ്ടായിരിക്കട്ടെ. നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള എല്ലാ നന്മകൾക്കും അനുഗ്രഹങ്ങൾക്കും / നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ അശക്തരെങ്കിലും / സകല നന്മകളും അനുഗ്രഹങ്ങളും നിറഞ്ഞു് മുടിചൂടി നില്ക്കുന്ന സഭയിൽ / നിരന്തരം നിന്നെ ഞങ്ങൾ ആരാധിക്കുകയും / സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ / നീ സകലത്തിൻെറയും നാഥനും സ്രഷ്ടാവുമാകുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

സ: ആമ്മേൻ.

## സങ്കീർത്തനം— പ്രാർത്ഥന

(കാലമനുസരിച്ചുള്ള ഭാഗം കാണുക)


| | | പേജ് |
|---|---|---|
| 1 | മംഗലവാർത്തക്കാലം | 28 |
| | പിറവിത്തിരുനാൾ മുതൽ.... | 32 |
| 2 | ദനഹാക്കാലം | 37 |
| 3 | നോയമ്പുകാലം | 42 |
| 4 | ഉയിർപ്പുകാലം | 48 |
| 5 | ശ്ലീഹാക്കാലം | 54 |
| 6 | സഭയുടെ വളർച്ചക്കാലം (കൈത്താ) | 59 |
| 7 | ഏലിയാ, കുരിശു്, കാലങ്ങൾ | 65 |
| 8 | മൂശക്കാലം | 65 |
| 9 | സഭയുടെ അന്ത്യമഹത്വീകരണകാലം | 71 |

സങ്കീർത്തനം 140


പ്ര: കർത്താവേ ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു:
എനിക്കുത്തരമരുളണമേ.

സ: എൻെറ പ്രാർത്ഥന സ്വീകരിക്കണമേ:
പരിമളധൂപംപോലെ
അതു് അങ്ങേ പക്കലേയ്ക്കുയരട്ടെ.

പ്ര: കത്താവേ, എൻെറ പ്രാത്ഥന
എൻെറ സായാഹ്നബലിയായി സ്വീകരിക്കണമേ.
സ: എൻെറ നാവിനും അധരങ്ങാംക്കും
അങ്ങുന്നു കാവൽ നിറുത്തണമേ.
പ്ര: ദുഷ്പ്രവൃത്തികാം ചെയ്യുവാനും
ദുഷ്ടന്മാരോടു സഹവസിക്കുവാനും
അങ്ങുന്നു് എന്നെ അനുവദിക്കരുതേ.
സ: നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കയോ ശാസിക്കയോ ചെയ്യട്ടെ.
പ്ര: ദുഷ്ടന്മാരുടെ തൈലംകൊണ്ടു്
എൻെറ ശിരസ്സു പൂശുവാൻ അനുവദിക്കരുതേ.
സ: എൻെറ പ്രാത്ഥന എപ്പോഴും
അവരുടെ പ്രവൃത്തികാംക്കെതിരാകുന്നു.
പ്ര: അവരുടെ വിധികത്താക്കാം
കനത്ത കൈകളാൽ തടയപ്പെട്ടു.
സ: എൻെറ വാക്കുകാം സ്നേഹമസൃണമായിരുന്നെന്നു്
അപ്പോാം അവക്കു മനസ്സിലായി.

## സങ്കീത്തനം 141

പ്ര: ഉച്ചത്തിൽ ഞാൻ കത്താവിനെ വിളിക്കുന്നു
ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.
സ: എൻെറ ഹൃദയം നീറുമ്പോാം
എൻെറ സങ്കടങ്ങളും പീഡകളും
ഞാൻ അവിടുത്തെ അറിയിക്കും.
പ്ര: എൻെറ വഴികളെല്ലാം
അങ്ങുന്നു് അറിയുന്നുവല്ലോ.
സ: ഞാൻ സഞ്ചരിക്കുന്ന വഴികളിൽ
അവരെനിക്കു കെണികാം വച്ചു.
പ്ര: ഞാൻ വലത്തോട്ടു തിരിഞ്ഞുനോക്കി,
എന്നെ അറിയുന്നവർ ആരുമില്ല.
സ: ഓടിയൊളിക്കുവാൻ എനിക്കിടമില്ല,
എന്നെ രക്ഷിക്കുവാൻ ആളുമില്ല.

പ്ര: കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.
അങ്ങുന്ന് എൻെറ അഭയമാണല്ലോ.

സങ്കീർത്തനം 118

സ: അങ്ങേ പ്രമാണം എൻെറ പാദങ്ങൾക്കു വിളക്കും
എൻെറ വഴികളിൽ പ്രകാശവുമാകുന്നു.

പ്ര: നീതിയുടെ നിയമങ്ങളനുസരിക്കാൻ
ശപഥപൂർവ്വം ഞാൻ നിശ്ചയിച്ചു.

സ: കർത്താവേ, ഞാൻ ഏറെ കഷ്ടപ്പെട്ടു.
അങ്ങേ വാക്കനുസരിച്ചു എന്നെ രക്ഷിക്കണമേ.
നിയമങ്ങൾ എന്നെ പഠിപ്പിക്കണമേ.

പ്ര: എൻെറ ജീവൻ എപ്പോഴും അപകടത്തിലാകുന്നു.
എങ്കിലും ഞാൻ അങ്ങേ നിയമം മറന്നില്ല.

സ: ദുഷ്ടന്മാർ എനിക്കു കെണികൾ വച്ചു.
എങ്കിലും ഞാൻ നിയമത്തിൽനിന്ന് വ്യതിചലിച്ചില്ല.

സങ്കീർത്തനം 116

പ്ര: ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ.
ഭൂവാസികളേ, കർത്താവിനെ പുകഴ്ത്തുവിൻ.

സ: അവിടുത്തെ സ്നേഹം അനന്തമാകുന്നു.
തൻെറ വാഗ്ദാനം അവിടുന്നു പാലിക്കും.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ; നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ കർത്താവായ ദൈവമേ, / പാപികളായ ഞങ്ങളുടെ ഈ പ്രാർത്ഥന കനിവോടെ കേൾക്കുകയും / സായാഹ്നബലിയായി സ്വീകരിക്കുകയും ചെയ്യേണമെ. ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും / നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു. പാപങ്ങൾ ക്ഷമിച്ചു / ഞങ്ങളെ അനുഗ്രഹിക്കേണമെ. നിൻെറ നിത്യപ്രകാശത്തിലൂടെ ഞങ്ങളെ

എന്നും നയിക്കേണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

സ: ആമ്മേൻ.

പ്ര: സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു, ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

സ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലെപ്പോലെ എന്നേയ്ക്കും ആമ്മേൻ. സകലത്തിന്റെയും നാഥാ .... .... .... .... ....
പ്രാർത്ഥന:

കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. എപ്പോഴും നിന്നെ ആരാധിക്കുവാനും പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു: സകലത്തിന്റെയും നാഥാ! എന്നേക്കും.

ഉ. ആമ്മേൻ.

## ത്രിശുദ്ധകീർത്തനം

പ്ര: നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യമമർത്ത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ

സ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
സർവ്വേശാ........

പ്ര: ആദിയിലെപ്പോലെ എന്നേക്കും. ആമ്മേൻ
സർവ്വേശാ........

(അല്ലെങ്കിൽ)

പ്ര: പരിശുദ്ധനായ ദൈവമേ
പരിശുദ്ധനായ ബലവാനേ
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളെ അനുഗ്രഹിക്കണമെ.

സ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. പരിശുദ്ധനായ....

പ്ര: ആദിയിലെപ്പോലെ എന്നേക്കും. ആമ്മേൻ
പരിശുദ്ധനായ ദൈവമേ!........

നമുക്കു പ്രാർത്ഥിക്കാം,

വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കുകയും / അനുഗ്രഹിക്കുകയും ചെയ്യേണമെന്ന് / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉ. ആമ്മേൻ.

## വിശുദ്ധഗ്രന്ഥവായനയ്ക്ക് ഒരുക്കം

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം,

ഞങ്ങളുടെ കർത്താവായ ദൈവമേ, / ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും / ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കേണമെ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വദ്ധിക്കുവാനും ഞങ്ങൾ രക്ഷ പ്രാപിച്ച് / നിരന്തരം അങ്ങേ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കേണമെ.

സ: ആമ്മേൻ.

സ: ലോകത്തിൻെറ പ്രകാശവും സകലത്തിൻെറയും ജീവനുമായ മിശിഹായേ, അങ്ങയെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന്ന് എന്നേയ്ക്കും സ്തുതി.

## വിശുദ്ധ ഗ്രന്ഥപാരായണം

(കാലമനുസരിച്ചുള്ള കലണ്ടർ കാണുക)

പ്ര: വിശുദ്ധ........... എഴുതിയ / നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ സുവിശേഷം.

സ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

(വി. ഗ്രന്ഥം വായിക്കുന്നു,)

വായനയ്ക്കു ശേഷം

സ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

മൗനധ്യാനം (രണ്ടുമിനിട്ടുനേരം)

## അനുഗ്രഹപ്രാർത്ഥന

(സാധിക്കുമെങ്കിൽ കുടുംബനാഥനൊ, അല്ലെങ്കിൽ കുടുംബനാഥയൊ ഈ പ്രാർത്ഥന ചൊല്ലുന്നതു നന്നായിരിക്കും. ആവശ്യമനുസരിച്ച് പ്രാർത്ഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്.)

കുടുംബനാഥൻ: ഈ കുടുംബത്തിൽ നാമെല്ലാം ഒരുമിച്ചു കൂടുവാൻ ദൈവം തിരുമനസ്സായി. ഉറച്ച വിശ്വാസത്തോടും നിറഞ്ഞ പ്രതീക്ഷകളോടും നിർമ്മലമായ ഹൃദയത്തോടുംകൂടി നമുക്കു 'കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്നു് അപേക്ഷിക്കാം.

സമൂഹം: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കു: ഈ ഭൂമിയിൽ — നസ്രത്തിലെ ചെറിയ ഭവനത്തിൽ — വന്നു വസിക്കുവാൻ തിരുമനസ്സായ കരുണാനിധിയായ കർത്താവേ, / സന്താനവാത്സല്യമുള്ള മാതാപിതാക്കളും / സ്നേഹവും അനുസരണയുമുള്ള മക്കളും ആയിത്തീർന്നു് / ഈ കുടുംബം തിരുക്കുടുംബത്തിൻെറ ഒരു പ്രതിഛായയായിത്തീരുവാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ക: അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവർക്ക് അത്താണിയായ കർത്താവേ, ഈ കുടുംബം സംരക്ഷിക്കാൻ അദ്ധ്വാനിക്കുകയും ക്ലേശിക്കുകയും ചെയ്യുന്ന ഞങ്ങളുടെ അദ്ധ്വാനം ഫലമണിയുകയും ക്ലേശങ്ങൾ കുറയുകയും ചെയ്യുന്നതിന് അവിടുന്ന് അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സ: കർത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

ക: കൂദാശകൾവഴി ദൈവികജീവൻ പ്രദാനം ചെയ്യുന്ന സർവ്വശക്തനായ കർത്താവേ, മാതാപിതാക്കളെ ആദരിച്ചും അനുസരിച്ചുംകൊണ്ട് ഈ കുടുംബത്തിലെ സന്താനങ്ങളും, സന്താനങ്ങൾക്കുവേണ്ടി പണിയെടുത്തും പ്രയാസങ്ങൾ അനുഭവിച്ചുംകൊണ്ട് ഈ കുടുംബത്തിലെ മാതാപിതാക്കളും വിവാഹമെന്ന കൂദാശയിലൂടെ അവിടുന്നു നൽകുന്ന ദൈവികജീവനിൽ സദാ വളരുവാനുള്ള വരം ഞങ്ങളിൽ വർഷിക്കണമേ എന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

ക: പച്ചവെള്ളത്തെ വീഞ്ഞാക്കി മാററി കാനായിലെ കുടുംബത്തെ അഭിമാനക്ഷയത്തിൽ നിന്നും രക്ഷിച്ച കർത്താവേ, ഈ കുടുംബാംഗങ്ങളെ ആശാഭംഗത്തിൽ നിന്നും പരാജയങ്ങളിൽ നിന്നും ദയാപൂർവ്വം സംരക്ഷിക്കണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു

സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

ക: കാററും കോളുമേററു കടലിലകപ്പെട്ടുപോയ ശിഷ്യന്മാരെ കരുണാപൂർവ്വം കാത്തുരക്ഷിച്ച കർത്താവേ, പഠിക്കുന്നതിനും പണിയെടുക്കുന്നതിനും അനുദിനം യാത്ര ചെയ്യുന്ന ഈ കുടുംബാംഗങ്ങളെ എല്ലാവിധ അത്യാഹിതങ്ങളിൽനിന്നും കാത്തുകൊള്ളണമേ എന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കർത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.
ക: സ്നേഹനിധിയായ കത്താവേ, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവർ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കകയില്ലല്ലൊ. അതിനാൽ ഈ കുടുംബാംഗങ്ങരം പരസ്പരം യോജിപ്പോടും സ്നേഹത്തോടുംകൂടി വർത്തിക്കുവാൻ അനുഗ്രഹിക്കേണമേ എന്നു ഞങ്ങരം അപേക്ഷിക്കുന്നു.
സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.
ക: ആകാശത്തിലെ പറവകളേയും വയലിലെ ലില്ലിപ്പൂക്കളേയും പരിപാലിക്കുന്ന സവ്വശക്തനായ കർത്താവേ, നാളയേക്കുറിച്ചുള്ള ഉൽക്കണ്ഠകളാൽ വീർപ്പുമുട്ടുന്ന ഞങ്ങളുടെ ആശങ്കകളെ ദൂരീകരിക്കുകയും മനസ്സിനെ ബലപ്പെടുത്തുകയും ചെയ്യണമെന്നു ഞങ്ങരം അപേക്ഷിക്കുന്നു.
സ: കത്താവേ. ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.
ക: സക്കേവൂസിൻെറ ഭവനം സന്ദർശിക്കുകയും ആ കുടുംബത്തെ അനുഗ്രഹിക്കുകയും ചെയ്ത കരുണാമയനായ ദൈവമേ, അങ്ങു ഞങ്ങളുടെ കുടുംബത്തിലെ നായകനായി വന്നു വസിക്കണമെന്നും ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങരം അപേക്ഷിക്കുന്നു.
സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.
ക: അനുഗ്രഹസംപൂണ്ണനും സകല നന്മകളുടെയും ദാതാവുമായ ദൈവമേ, വൃദ്ധരും, രോഗികളും, ദരിദ്രരും, ദുഃഖിതരും, നിരാശ്രയരും ബലഹീനരുമായ എല്ലാവർക്കും വേണ്ടിയും കുടുംബജീവിതം നയിക്കുന്ന സകല മനുഷ്യക്കുവേണ്ടിയും ഞങ്ങരം അപേക്ഷിക്കുന്നു.
സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.
ക: മനുഷ്യനോടുള്ള അനന്തസ്നേഹത്താൽ ഐശ്വര്യസമൃദ്ധിയുള്ള പറുദീസാ പ്രദാനം ചെയ്ത പിതാവായ ദൈവമേ, ഞങ്ങരംക്കു നല്ല കാലാവസ്ഥയും സമൃദ്ധിയായ വിളവും ജോലി ചെയ്യുന്നതി

നള്ള കഴിവും, സന്തോഷകരമായ ജീവിതവും പ്രദാനംചെയ്യുകയും ഞങ്ങാംക്ക് ഇപ്പോാം ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹം (ഇവിടെ പ്രത്യേകാനുഗ്രഹം പറയുക) നൽകുകയും ചെയ്യണമെന്നു ഞങ്ങാം അപേക്ഷിക്കുന്നു.

സ: കർത്താവേ, ഞങ്ങളുടെ പ്രാത്ഥന കോംക്കണമേ.

ക: പരമകാരുണികനായ കർത്താവേ, ഈ കുടുംബാംഗങ്ങാം എല്ലാവരും നിത്യജീവൻ പ്രാപിച്ചു അവസാനം നീ ഞങ്ങാംക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗഭവനത്തിൽ വന്നുചേർന്നു നിന്നോടുകൂടി വസിക്കുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങാം പ്രാത്ഥിക്കുന്നു.

സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കോംക്കണമേ.

## കാറോസൂസ പ്രാർത്ഥന

(കാലമനുസരിച്ചുള്ള ഭാഗം കാണുക)


| | | പേജ് |
|---|---|---|
| 1 | മംഗലവാത്തക്കാലം | 30–32 |
| 2 | ദനഹക്കാലം | 39–42 |
| 3 | നോയമ്പുകാലം | 45–48 |
| 4 | ഉയിർപ്പുകാലം | 51–53 |
| 5 | ശ്ലീഹാക്കാലം | 57–59 |
| 6 | സഭയുടെ വളർച്ചക്കാലം | 62–64 |
| 7 | ഏലിയാ, സ്ലീവാ കാലങ്ങാം | 68–70 |
| 8 | മൂശക്കാലം | 68–70 |
| 9 | സഭയുടെ അന്ത്യമഹത്ത്വീകരണകാലം | 74–76 |


## വിശ്വാസപ്രമാണം

പ്ര: സവ്വശക്തനായ ഏകദൈവത്തിൽ ഞങ്ങാം വിശ്വസിക്കുന്നു.

(എല്ലാവരുംചേന്നു്) ദൃശ്യവും അദൃശ്യവുമായ—സകലത്തിൻേറയും സ്രഷ്ടാവായ പിതാവിൽ ഞങ്ങാം

വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കുമുമ്പു പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെ ടാത്തവനും / ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസ ത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെ യ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനു ഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ കന്യ കാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച്, മനുഷ്യനാ യിപ്പിറന്നു; പന്തിയോസ് പീലാത്തോസിൻെറ കാല ത്ത് പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരി ക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നെള്ളി / പി താവിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. പരിശു ദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ / ഏക സഭ യിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായിലും / ശരീരത്തിൻെറ ഉയിർപ്പിലും / നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. ആമ്മേൻ.

പ്ര: നമുക്കു പ്രാർത്ഥിക്കാം, ഞങ്ങളുടെ ദൈവമായ കർത്താവേ / പ്രശാന്തമായ സായംസന്ധ്യയും, ആശ്വാസപ്രദമായ രാത്രിയും / പ്രതീക്ഷാനിർഭര മായ പ്രഭാതവും / സൽപ്രവൃത്തികൾ നിറഞ്ഞ ദി വസവും നല്കി / ഞങ്ങളെ അനുഗ്രഹിക്കേണമേ / ഞങ്ങളുടെ ജീവിതകാലം മുഴുവനും, നിന്നെ പ്ര സാദിപ്പിക്കുവാൻ / ഞങ്ങളെ സഹായിക്കേണമെ.

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

സ: ആമ്മേൻ.

## മദ്ധ്യസ്ഥപ്രാർത്ഥന

(മാതാവിനോട്):

പ്ര: ഏററവും പരിശുദ്ധയായ കന്യകാമറിയമേ / ദൈവത്തിൻെറ ഹിതമനുസരിച്ച് പ്രവർത്തിക്കുകമൂലം / 'സകല തലമുറകളാലും ഭാഗ്യവതിയെന്ന് പുകഴ്ത്തപ്പെടുവാൻ തക്കവിധം / ദൈവമാതാവായിത്തീന്ന അനുഗൃഹീതയായ ഞങ്ങളുടെ അമ്മേ / ഇതാ മക്കളായ ഞങ്ങൾ, നിൻെറ പക്കൽ അഭയം തേടുന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് / ദിവ്യപുത്രൻെറ ജനനത്തിനൊരുങ്ങിയ നന്മനിറഞ്ഞ മറിയമേ / വഴിയും ജീവനും സത്യവുമായ ദിവ്യസുതനു്, യോഗ്യമായി ജീവിക്കുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കേണമെ. എല്ലായ്പോഴും ഞങ്ങളുടെ ആശ്രയമായ മാതാവേ / കാനായിലെ കല്യാണത്തിൽവച്ച് / വെള്ളം വീഞ്ഞാക്കി മാററാൻ മദ്ധ്യസ്ഥം അപേക്ഷിച്ച നല്ല അമ്മേ / അനുദിനജീവിതത്തിലെ പ്രശ്നങ്ങളിലും ക്ലേശങ്ങളിലും ഞങ്ങളെ സഹായിക്കേണമെ / സന്തോഷത്തിലും സന്താപത്തിലും / ദിവ്യസുതനെ വിശ്വസ്തയായി അനുഗമിച്ച മാതാവേ / സ്ഥിരവിശ്വാസത്തോടും പരിപൂർണ്ണപ്രതീക്ഷയോടും / അളവററ സ്നേഹത്തോടുംകൂടി / ഞങ്ങളുടെ ജീവിതകാലം മുഴുവനും നിൻെറ പ്രിയപുത്രനായ ഈശോയെ അനുഗമിക്കുവാനും / നിത്യാനന്ദത്തിൽ നിരന്തരം പാടിപ്പുകഴ്ത്തുവാനും യോഗ്യരാകുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കേണമെ.

സ: ആമ്മേൻ.

പ്ര: നന്മനിറഞ്ഞ മറിയമേ നിനക്കു സ്വസ്തി (10 പ്രാവശ്യം)

സ: പരിശുദ്ധ മറിയമേ....

(വിശുദ്ധരോട്)

പ്ര: ഈശോമിശിഹായുടെ വളർത്തുപിതാവും, തിരുക്കുടുംബത്തിൻെറ കാവൽക്കാരനുമായിരുന്ന, ഭാഗ്യവാനായ മാർ യൗസേപ്പേ,

സ: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

പ്ര: ഞങ്ങളുടെ ജന്മഭൂമിയായ ഭാരതത്തിൽ വരികയും, ക്രിസ്തുവിൻെറ സുവിശേഷമറിയിക്കുകയും, സഭയെ സ്ഥാപിച്ചു അതിനെ പരിപോഷിപ്പിക്കുകയും ചെയ്ത, ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ,

സ: ഞങ്ങൾക്കുവേണ്ടി....

പ്ര: ലോകമെങ്ങും പോയി, രക്ഷകനായ ഈശോമിശിഹായുടെ സുവിശേഷമറിയിച്ച കർത്താവിൻെറ ധീരാത്മാക്കളായ പ. ശ്ലീഹന്മാരേ,

സ: ഞങ്ങൾക്കുവേണ്ടി........

പ്ര: രക്ഷകനായ കർത്താവിലുള്ള വിശ്വാസം, ഏററുപറഞ്ഞുകൊണ്ട്, സ്വന്തജീവരക്തം ചിന്തിയ വിശുദ്ധ രക്തസാക്ഷികളേ,

സ: ഞങ്ങൾക്കുവേണ്ടി........

പ്ര: ദൈവസ്നേഹത്തിലൂടെയും ജീവിതനൈർമ്മല്യത്തിലൂടെയും ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിച്ച സകല വിശുദ്ധരേ,

സ: ഞങ്ങൾക്കുവേണ്ടി........

പ്ര: ഈ കുടുംബാംഗങ്ങളുടെ നാമഹേതുകരായ വിശുദ്ധരേ, ജീവിതവ്യഗ്രതയിലും വിശ്വാസത്തിൻെറ ദീപം ഉയർത്തിപ്പിടിച്ചുകൊണ്ട്, ഞങ്ങളുടെ രക്ഷകനായ മിശിഹായെ അനുദിനം അനുഗമിക്കുവാൻ,

സ: ഞങ്ങൾക്കുവേണ്ടി........

പ്ര: ഞങ്ങളുടെ ഇടവകയുടെ മദ്ധ്യസ്ഥനായ (മദ്ധ്യസ്ഥ) വി— ഞങ്ങളുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും, ഈശോമിശിഹായ്ക്കു സജീവസാക്ഷികളാകുവാൻ,

സ: ഞങ്ങൾക്കുവേണ്ടി .......

പ്ര: സ്വർഗ്ഗത്തിലെ സകല വിശുദ്ധരേ, മാലാഖമാരേ, നിത്യാനന്ദത്തിൽ നിങ്ങളോടൊത്ത്, നിത്യപിതാവിന് നിരന്തരം സ്തുതി അർപ്പിക്കുന്നതിന് ഞങ്ങളും യോഗ്യരാകുവാൻ,

സ: ഞങ്ങൾക്കുവേണ്ടി........

(മരിച്ചവർക്കുവേണ്ടി)

പ്ര: അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും / അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും / അമൂല്യമായ കൃപാവരത്താൽ ഞങ്ങളെ പരിപാലിക്കുകയും ചെയ്യുന്ന / പിതാവും പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ, / ഞങ്ങളിൽനിന്നു വേർപിരിഞ്ഞ സകല മരിച്ചവരേയും / നീ കരുണാപൂർവ്വം കടാക്ഷിക്കേണമേ. ദുഃഖിതരെ ആശ്വസിപ്പിക്കുവാൻവേണ്ടി / ലാസറിൻെറ കബറിടത്തിൽ സ്വയം കണ്ണുനീർ ചിന്തിയ മിശിഹായേ, / ഈ കുടുംബത്തിൽനിന്ന് മരിച്ചുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവരിൽ / (ഇവിടെ പേരു പറഞ്ഞ് ഓർക്കാവുന്നതാണ്) നിൻെറ കാരുണ്യം ചൊരിയുകയും / കടങ്ങളും പാപങ്ങളും ക്ഷമിച്ച് / അവരെ നിത്യമഹത്വത്തിൻെറ പ്രഭയാൽ പ്രകാശിപ്പിക്കുകയും ചെയ്യേണമെ. മരണശേഷം ഞങ്ങളെല്ലാവരും / സകല വിശുദ്ധരോടും മാലാഖാമാരോടുമൊത്ത് / സ്വർഗ്ഗത്തിൽ നിന്നെ നിരന്തരം സ്തുതിക്കുവാൻ / ഇടവരുത്തണമെന്നും നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

സ: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കേണമെ.

## സമാപനപ്രാർത്ഥന

(സാധിക്കുമെങ്കിൽ കുടുംബനാഥൻതന്നെ ഈ പ്രാർത്ഥന ചൊല്ലേണ്ടതാണ്.)

പ്ര: കാരുണ്യവാനായ ദൈവമേ, ഈ ദിവസം നീ ഞങ്ങൾക്കു ചെയ്ത / എല്ലാ സഹായങ്ങൾക്കും അനുഗ്ര

ഹങ്ങൾക്കും / ഞങ്ങൾ നന്ദിപറയുന്നു. / വിചാരം വചനം പ്രവൃത്തി ഇവമൂലം ഞങ്ങൾ / ചെയ്തുപോയ പാപങ്ങളെല്ലാം / ഞങ്ങളോട്ട ക്ഷമിക്കുകയും / പീഡകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും / ചെയ്യേണമെ. നിത്യസൗഭാഗ്യത്തിലേക്ക് ഞങ്ങളെ ആനയിക്കുകയും / ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിൽ നിന്നും / നിൻെറ വിശുദ്ധ കുരിശിൻെറ ശക്തിയാൽ / ഞങ്ങളെ രക്ഷിക്കുകയും / നിൻെറ തൃക്കരങ്ങൾ നീട്ടി / മക്കളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ / ഇപ്പോഴും എപ്പോഴും † എന്നേക്കും.

സ: ആമ്മേൻ.

(കുടുംബാംഗങ്ങൾ 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നു പറഞ്ഞ് പ്രായക്രമമനുസരിച്ച് സ്തുതി ചൊല്ലുന്നു.)

# II പ്രഭാതപ്രാൎത്ഥന

പ്ര: കർത്താവായ ദൈവമെ / സൃഷ്ടികളെല്ലാം ആനന്ദപൂർവ്വം / നിന്നെ സ്തുതിച്ചാരാധിക്കുന്നു. എന്തെന്നാൽ അനന്തവും അഗ്രാഹ്യവുമായ കാരുണ്യത്താൽ / നീ അവയെ സൃഷ്ടിക്കുകയും / അത്ഭുതകരമായി പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കർത്താവേ, നിൻെറ പരിപാലന എത്രയും സ്തുത്യർഹമാകുന്നു. നിന്നിൽ ആശ്രയിക്കുകയും / നിൻെറ തിരുനാമം വിളിച്ചപേക്ഷിക്കുകയും / ചെയ്യുന്നവർ / ഒരിക്കലും നിരാശരാവുകയില്ല. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

ഉ. ആമ്മേൻ.

### ഉദയഗീതം

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവന സന്നിധിയണയുന്നു;
കർത്താവേ, നിൻകരുണക്കായ്
നന്ദിപറഞ്ഞു നമിക്കുന്നു.

മനുജകുലത്തിൻ പാലകനേ,
വിനയമൊടങ്ങേ വാഴ്ത്തുന്നു;
കൃപയും ശാന്തിയനുഗ്രഹവും
പാപപ്പൊറുതിയുമരുളണമേ.

കരളിൽ നിരാശനിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിയ്ക്കരുതേ
കരുണവെടിഞ്ഞു വിധിക്കരുതേ.

പുതിയ ദിനത്തിൻ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു;
വിനകളിൽ വീഴാതഖിലേശാ,
കൈകൾ പിടിച്ചു നടത്തണമേ.

അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകിവരുന്ന പാപങ്ങൾ
കരുണക്കടലേ, കനിയണമേ.

കണ്ണുകരം നിന്നിലുറപ്പിച്ചെൻ
ദിനകൃത്യങ്ങരം തുടങ്ങുന്നേൻ
വീഴാതെന്നെ നയിക്കണമേ;
വിജയാനുഗ്രഹമേകണമേ.
നാഥാ, നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാല്പാടിൽ
തെററാതെന്നെ നയിക്കണമേ.
ദൈവപിതാവിൻ സൗഹൃദവും
സുതരുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ പ്രീതിയുമെൻ
വഴിയിൽ വിശുദ്ധി വിരിക്കട്ടെ.

## സമാപന പ്രാർത്ഥന

പ്ര: കാരുണ്യവാനായ ദൈവമേ, നിൻെറ നാമം പരിശുദ്ധമാകുന്നു. ഒരിക്കൽക്കൂടി പ്രഭാതം കാണുവാൻ ഭാഗ്യം ലഭിച്ച / ഞങ്ങളെല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കേണമേ. പീഡയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുകയും രോഗികരംക്കു സുഖം നല്ക്കുകയും / ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യേണമെ. പാപികരംക്കു പശ്ചാത്താപവും / മരിച്ചവർക്കു് സ്വർഗ്ഗഭാഗ്യവും നീതിമാന്മാർക്കു സന്തോഷവും പ്രദാനം ചെയ്യേണമെ. ഇന്നത്തെ ഞങ്ങളുടെ സകല പ്രവർത്തനങ്ങളും / നിൻെറ മഹത്വത്തിനായി ഞങ്ങരം കാഴ്ചവയ്ക്കുന്നു. ആത്മീകവും ശാരീരികവുമായ / എല്ലാ ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ. നിന്നിൽ നിന്നു് ഒരു നിമിഷം പോലും വേർപിരിയാൻ / ഞങ്ങളെ അനുവദിക്കരുതേ. നിൻെറ പൈതൃകമായ പരിപാലനയിൽ / ഞങ്ങരം ഇന്നും എന്നും ജീവിക്കുന്നതിനു് കൃപചെയ്യേണമെ. ഇപ്പോഴും † എപ്പോഴും † എന്നേക്കും.

ഉ. ആമ്മേൻ.

രണ്ടാം ഭാഗം

# 1. മംഗലവാർത്തക്കാലം

സങ്കീർത്തനം 98

പ്ര: കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
എന്തെന്നാൽ, അവിടുന്നു അത്ഭുതകൃത്യങ്ങൾ ചെയ്തു.

സ: ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

പ്ര: അവിടുത്തെ വലംകൈ വിജയം നേടി
കർത്താവു തൻെറ ശക്തി പ്രദർശിപ്പിച്ചു.

സ: അവിടുന്നു വിജാതീയരുടെയിടയിൽ
തൻെറ നീതി വെളിപ്പെടുത്തി.

പ്ര: ഇസ്രായേൽ ഗോത്രത്തോടുള്ള തൻെറ വിശ്വസ്തതയും
കാരുണ്യവും അവിടുന്ന് അനുസ്മരിച്ചു.

സ: ദൈവത്തിൻെറ രക്ഷാകർമ്മത്തിന് ലോക
മെല്ലാം സാക്ഷിയായി
അഖിലലോകമേ, കർത്താവിനെ സ്തുതിക്കുവിൻ.

പ്ര: ആനന്ദപൂർവ്വം അവിടുത്തെ പുകഴ്ത്തുവിൻ
വീണമീട്ടിയും പാട്ടുപാടിയും കർത്താവിനെ
സ്തുതിക്കുവിൻ.

സ: കാഹളമൂതി കർത്താവിനെ പുകഴ്ത്തുവിൻ
കർത്താവിൻെറ മുമ്പിൽ വിജയാരവം മുഴക്കുവിൻ.

പ്ര: ഭൂമിയും അതിലെനിവാസികളും
ആഴിയും അതിലെ ജീവികളും സ്തുതിപാടട്ടെ.

സ: കാട്ടാറുകൾ കൈയടിക്കുകയും
പർവ്വതങ്ങൾ പാട്ടുപാടുകയും ചെയ്യട്ടെ.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
പ്ര: ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ ആഗമനം അനുഗൃഹീതമാകുന്നു
മാലാഖാമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.
പ്ര: നമുക്കു പ്രാത്ഥിക്കാം.

കർത്താവായ ദൈവമേ, / സ്വപുത്രനെ ലോകത്തിലേയ്ക്കയച്ച സ്നേഹനിധിയായ പിതാവേ, / രക്ഷകനായ ദൈവസുതനെ സ്വീകരിക്കുവാനായി ഒരുങ്ങുന്ന ഈ കുടുംബത്തെ അനുഗ്രഹിക്കേണമേ. പഴയനിയമകാലത്തു് / ഇസ്രായേൽക്കാർ നൂററാണ്ടുകളായി / അവിടുത്തെ വരവിനെ പ്രതീക്ഷിച്ചിരുന്നുവല്ലോ. പുതിയ ഇസ്രായേലായ ഞങ്ങൾ / വിശ്വാസത്തോടും, പ്രതീക്ഷയോടും ശരണത്തോടും കൂടി / അങ്ങേ ദിവ്യപുത്രനെ സ്വീകരിക്കുവാൻ കൃപചെയ്യേണമെ. തിരുപ്പിറവിയിൽ ബത്ലഹമിലെ കുടുംബത്തിൽ കളിയാടിയ / സന്തോഷത്തിനും സമാധാനത്തിനും ഞങ്ങളെയും യോഗ്യരാക്കേണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.
ഉ. ആമ്മേൻ.
(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12–17 കാണുക)

## മംഗലവാർത്തക്കാലത്തെ വായനകൾ

### സുവിശേഷം

1 ലൂക്കാ. 1, 1–15
2 ലൂക്കാ. 1, 26–56
3 ലൂക്കാ. 1, 57–80
4 മത്താ. 1, 18–25
5 ലൂക്കാ. 2, 2–10
6 ലൂക്കാ. 3, 1–6
7 ലൂക്കാ. 10, 21–24
8 ലൂക്കാ. 13, 23–30
9 യോഹ. 2, 15–17
10 യോഹ. 3, 14–17
11 യോഹ. 1, 1–8
12 യോഹ. 1, 14–23
13 ലൂക്കാ. 10, 21–27
14 ലൂക്കാ. 19, 1–10
15 മത്താ. 1, 1–16

ലേഖനം

| | | | |
|---|---|---|---|
| 16 | എഫേ. 5, 21–6, 9 | 21 | കൊറി. 4, 1–5 |
| 17 | കൊളോ. 4, 2–18 | 22 | 2 കൊറി. 1, 17–22 |
| 18 | എഫേ. 5, 5–21 | 23 | 1 തെസ്സ. 5, 2–10 |
| 19 | എഫേ. 3, 1–21 | 24 | കൊളോ. 1, 3–13 |
| 20 | റോമ. 14, 4–13 | 25 | ഗലാ. 4, 1–7 |

## കാറോസൂസ

പ്ര: നമുക്കെല്ലാവക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ 'കത്താവായ ഈശോയേ', എഴുന്നള്ളി വന്നാലും എന്നു പ്രാത്ഥിക്കാം.

സ: വന്നാലും, കത്താവായ ഈശോയെ, വന്നാലും.

പ്ര: ആദത്തിൻെറ പാപംമൂലം അധഃപതിച്ച മനുഷ്യക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കുവാൻ,

സ: വന്നാലും, കത്താവായ....

പ്ര: പൂവ്വപിതാക്കന്മാർ പ്രത്യാശയോടെ പാത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നല്കി തിരുസ്സഭയെ ധന്യമാക്കുവാൻ,

സ: വന്നാലും, കത്താവായ....

പ്ര: ജനപദങ്ങളുടെ കത്താവും സമാധാനത്തിൻെറ രാജാവുമായ മിശിഹായേ, സമസ്തലോകത്തിനും വിശിഷ്യാ, ഞങ്ങളുടെ മാതൃരാജ്യത്തിനും നിൻെറ ശാന്തിയും സമാധാനവും നൽകുവാൻ,

സ: വന്നാലും, കത്താവായ....

പ്ര: ലോകത്തിൻെറ പ്രകാശവും മനുഷ്യവഗ്ഗത്തിൻെറ നാഥനുമായ മിശിഹായേ, സകല ജനങ്ങളേയും പ്രത്യേകിച്ച്, ഭാരതത്തിലെ ഞങ്ങളുടെ സഹോദരങ്ങളേയും സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കുവാൻ.

സ: വന്നാലും, കർത്താവായ....
പ്ര: മനുഷ്യാവതാരംവഴി മനുഷ്യകുലത്തിനു മഹത്വം അണിയിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യസ്നേഹചൈതന്യത്താൽ ധന്യമാക്കുവാൻ.
സ: വന്നാലും, കർത്താവായ....
പ്ര: ആദ്യകാലങ്ങളിൽ പിതാക്കന്മാരോടു പ്രവാചകന്മാർ മൂലവും / ഈ അവസാനനാളിൽ തൻെറ ഏകജാതൻ മൂലവും ഞങ്ങളോടു സംസാരിച്ച കർത്താവേ നിന്നിൽ ഞങ്ങൾ എപ്പോഴും ആനന്ദം കണ്ടെത്തുവാൻ,
സ: വന്നാലും, കർത്താവായ....
പ്ര: മനുഷ്യാവതാരത്തിലൂടെ ഞങ്ങൾക്ക് / അങ്ങേ തിരുവചനങ്ങൾ നൽകുകയും / ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കുവാൻ,
സ: വന്നാലും, കർത്താവായ ...
പ്ര: പശ്ചാത്തപിക്കുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന അങ്ങേ മുന്നോടിയായ / സ്നാപകയോഹന്നാൻെറ ആഹ്വാനം സ്വീകരിച്ചുകൊണ്ട് / അനുതാപപൂർവ്വം അങ്ങയെ സമീപിക്കുന്നവരിൽ / സംപ്രീതനാവുന്ന കർത്താവേ, ഞങ്ങളെ വിശുദ്ധീകരിക്കുവാൻ,
സ: വന്നാലും, കർത്താവായ....
പ്ര: ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി / കന്യകാമറിയത്തിൻെറ വിനയത്തെ തൃക്കൺപാർത്ത് / അവളിൽനിന്നു ജന്മമെടുക്കുവാൻ, തിരുമനസ്സായ കർത്താവേ, ഞങ്ങളേയും വിനയത്തിൽ വളർത്തുവാൻ,
സ: വന്നാലും, കർത്താവായ....
പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവു മാർ....പാപ്പായ്ക്കും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ.... പിതാവിനും അവരുടെ സഹ

പ്രവൎത്തകരായ എല്ലാവൎക്കും വേണ്ടിയും / ഞങ്ങളുടെ ഇടവകവികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സ: കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കേണമെ.

പ്ര: നമുക്കു പ്രാൎത്ഥിക്കാം.

കൎത്താവായ ദൈവമേ, / തന്റെ ഏകജാതനെ ഞങ്ങൾക്കു നൽകുവാൻ നിന്നെ പ്രേരിപ്പിച്ച / സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദി പറയുന്നു. മിശിഹായുടെ ആഗമനത്തിന്റെ ഫലമായി / ലോകം മുഴുവനും ആദ്ധ്യാത്മികജീവൻ പ്രാപിക്കട്ടെ. മാനവസമൂഹമാകെ നിന്റെ തിരുക്കുമാരനിൽനിന്നു കൃപയും സത്യവും സ്വീകരിച്ച് / ജീവന്റേയും രക്ഷയുടേയും കൂദാശയായ സഭയിൽ നിന്നെ സ്തുതിക്കുകയും ചെയ്യട്ടെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപന പ്രാൎത്ഥനകൾ
പേജ് 20–25 കാണുക).

## പിറവിത്തിരുനാൾ മുതൽ

### സങ്കീൎത്തനം 98

പ്ര: കൎത്താവിനു പുതിയ കീൎത്തനം പാടുവിൻ എന്തെന്നാൽ, അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തു.

സ: ലോകരക്ഷകനായ മിശിഹായേ, അങ്ങയുടെ ആഗമനം അനുഗ്രഹീതമാകുന്നു.

മാലാഖമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

പ്ര: അവിടുത്തെ വലംകൈ വിജയം നേടി
കൎത്താവു തന്റെ ശക്തി പ്രദൎശിപ്പിച്ചു.

സ: അവിടുന്നു വിജാതീയരുടെ ഇടയിൽ
തന്റെ നീതി വെളിപ്പെടുത്തി.

ഇസ്രായേൽ ഗോത്രത്തോടുള്ള തന്റെ വിശ്വസ്തതയും കാരുണ്യവും അവിടുന്നു അനുസ്മരിച്ചു.

സ: ദൈവത്തിൻെറ രക്ഷാകർമ്മത്തിനു ഭൂലോകമെല്ലാം സാക്ഷിയായി.
അഖിലലോകമെ, കർത്താവിനെ സ്തുതിക്കുവിൻ.

പ്ര: ആനന്ദപൂർവ്വം അവിടുത്തെ പുകഴ്ത്തുവിൻ.
വീണമീട്ടിയും പാട്ടുപാടിയും കർത്താവിനെ സ്തുതിക്കുവിൻ.

സ: കാഹളമൂതി കർത്താവിനെ പുകഴ്ത്തുവിൻ.
കർത്താവിൻെറ മുമ്പിൽ വിജയാരവം മുഴക്കുവിൻ.

പ്ര: ഭൂമിയും അതിലെ നിവാസികളും
ആഴിയും അതിലെ ജീവികളും
സ്തുതിപാടട്ടെ.

സ: കാട്ടാറുകൾ കൈയടിക്കുകയും
പർവ്വതങ്ങൾ പാട്ടുപാടുകയും ചെയ്യട്ടെ.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പ്ര: ലോകരക്ഷകനായ മിശിഹായേ
അങ്ങയുടെ ആഗമനം അനുഗൃഹീതമാകുന്നു.
മാലാഖാമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

മനുഷ്യകുലത്തിൻെറ രക്ഷയ്ക്കുവേണ്ടി / മനുഷ്യാവതാരം ചെയ്ത മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഈ മഹനീയ സംഭവം ആചരിക്കുന്ന ഞങ്ങൾ / തിരുസ്സഭ മുഴുവനോടും ചേർന്നു സന്തോഷിക്കുന്നു. പാപാന്ധകാരത്തിൽ കഴിഞ്ഞവർക്കു / നിത്യജീവൻെറ പ്രകാശം നൽകുവാനായി പിറന്ന ദൈവസുതാ, തിന്മയുടെ പാത വെടിഞ്ഞു് / സത്യത്തിൻെറ പ്രകാശപൂർണ്ണമായ പാതയിലൂടെ ജീവിതകാലം മുഴുവനും നിന്നെ അനുഗമിക്കുവാൻ / ഈ കുടുംബത്തെ അനുഗ്രഹിക്കേണമെ. മാലാഖാമാരോടും ഉണ്ണിയീശോയെ ആരാധിച്ച ആട്ടിടയരോടും ചേർന്നു / നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിനക്കു് എന്നും സ്തുതി

യും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. നിൻെറ ശാന്തിയും സമാധാനവും ഞങ്ങൾക്ക പ്രദാനം ചെയ്യണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉ. ആമ്മേൻ.

(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12–17)

## പിറവിത്തിരുനാൾമുതൽ വായനകൾ

| | | | |
|---|---|---|---|
| | സുവിശേഷം | 8 | യോഹ. 1 5, 18–27 |
| 1 | ലൂക്കാ. 2, 1–20 | 9 | ലൂക്കാ. 2, 41–52 |
| 2 | മത്താ. 2, 1–23 | 10 | ലൂക്കാ. 11, 27–32 |
| 3 | ലൂക്കാ. 1, 26–55 | | ലേഖനം |
| 4 | മത്താ. 1, 1–16 | 11 | ഗലാ. 3, 15–4,6 |
| 5 | മത്താ. 1, 18–25 | 12 | ഗലാ. 4, 18–5,1 |
| 6 | ലൂക്കാ. 2, 21–52 | 13 | റോമ. 16, 1–27 |
| 7 | യോഹ. 1, 1–18 | 14 | 2 തിമോ 2, 11–26 |

## കാറോസൂസ

പ്ര: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്നു ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു എന്നു് ഏറ്റുപറയാം.

സ: ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

പ്ര: തൻെറ ഏകജാതനെ നല്കുവാൻ തക്കവിധം ഈ ലോകത്തെ അത്യധികമായി സ്നേഹിച്ച ദൈവമേ,

സ: ഞങ്ങൾ ......

പ്ര: വിനീതരായ ആട്ടിടയരേയും വിജ്ഞാനികളായ ശാസ്ത്രജ്ഞരേയും ദിവ്യശിശുവിൻെറ സവിധത്തിലേക്ക് ആനയിച്ച ദൈവമേ,

സ: ഞങ്ങൾ........

പ്ര: തൻെറ തിരുക്കുമാരൻെറ മനുഷ്യാവതാരംവഴി എളിമയുടെയും ദാരിദ്ര്യത്തിൻെറയും മാതൃക കാട്ടു

കയും സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

സ: ഞങ്ങൾ .. ....

പ്ര: അവതരിച്ച മിശിഹാവഴി ഞങ്ങളെ അങ്ങയുടെ മക്കളും സ്വർഗ്ഗത്തിന് അവകാശികളുമാക്കിയ ദൈവമേ,

സ: ഞങ്ങൾ........

പ്ര: മനുഷ്യാവതാരത്തിന്റെ മഹനീയ ഫലങ്ങൾ തിരുസ്സഭയിലൂടെ ഞങ്ങൾക്കു നല്കുന്ന ദൈവമേ,

സ: ഞങ്ങൾ... ....

പ്ര: ദാസന്റെ വേഷം ധരിച്ചു കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസൂതൻവഴി പതിതരേയും പാവപ്പെട്ടവരേയും തന്നിലേക്കടുപ്പിച്ച ദൈവമേ,

സ: ഞങ്ങൾ........

പ്ര: 'എന്നെ കാണുന്നവൻ എന്റെ പിതാവിനെ ദർശിക്കുന്നു' എന്നരുൾചെയ്തുകൊണ്ട് പിതാവായ ദൈവത്തിന്റെ സ്നേഹവും അനന്തകാരുണ്യവും വെളിപ്പെടുത്തിത്തന്ന കർത്താവേ,

സ: ഞങ്ങൾ........

പ്ര: സമാധാനത്തിന്റെ സന്ദേശവുമായി വരികയും / നിന്റെ ദിവ്യസമാധാനത്താൽ ഞങ്ങളോരോരുത്തരേയും ഈ കുടുംബത്തേയും ഇടവകയേയും തിരുസ്സഭയേയും സമ്പന്നമാക്കുകയും / ചെയ്യുന്ന കർത്താവേ,

സ: ഞങ്ങൾ........

പ്ര: 'ഞാൻ എന്റെ പിതാവിൽ ജീവിക്കുന്നു, നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും വസിക്കുകയും ചെയ്യുന്നു' എന്നു പഠിപ്പിച്ചുകൊണ്ട് ആത്മീയ ജീവന്റെ ദിവ്യരഹസ്യം വെളിപ്പെടുത്തിയ കർത്താവേ,

സ: ഞങ്ങൾ........

പ്ര: ആദത്തിന്റെ അനുസരണക്കേടിനു പരിഹാരം ചെയ്യുന്നതിനായി പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേററുവാൻ മനുഷ്യാവതാരം ചെയ്ത കർത്താവേ,

സ: ഞങ്ങൾ .......

പ്ര: ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി പരിശുദ്ധ കന്യകാമറിയത്തിൽ നിന്നു പിറക്കുകയും ദൈവജനനിയെ ഞങ്ങൾക്കു മാതാവായി നല്കുകയും ചെയ്ത മിശിഹായേ,

സ: ഞങ്ങൾ........

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ / ഞങ്ങളുടെ പിതാവു മാർ....പാപ്പായ്ക്കും / ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ...പിതാവിനും / അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കും വേണ്ടിയും / ഞങ്ങളുടെ ഇടവക വികാരിക്കു വേണ്ടിയും / ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

കർത്താവായ ദൈവമേ / ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ / നിന്റെ തിരുക്കുമാരനെ ഞങ്ങൾക്കു നല്കിയതിനു / നിനക്കു ഞങ്ങൾ നന്ദി പറയുന്നു. നിത്യകന്യകയായ മറിയത്തോടും / നീതിമാനായ യൗസേപ്പിനോടും / വിനീതരായ ആട്ടിടയരോടും കൂടെ / ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. മനുഷ്യാവതാരത്താൽ ധന്യരായ / ഞങ്ങളുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും മിശിഹാ അവതീർണ്ണനാകുവാൻ അനുഗ്രഹിക്കുകയും ചെയ്യണമെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപന പ്രാർത്ഥനകൾ—
പേജ് 20–25 കാണുക).

## 2. ദനഹാക്കാലം (ആവിഷ്ക്കാരകാലം)

### സങ്കീർത്തനം 98

പ്ര: കർത്താവിനു പുതിയ കീർത്തനം പാടുവിൻ,
എന്തെന്നാൽ, അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തു.

സ: യോർദ്ദാനിൽ നിന്നു മാമ്മോദീസാ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, അങ്ങ് അനുഗ്രഹീതനാകുന്നു.

പ്ര: അവിടുത്തെ വലംകൈ വിജയം നേടി
കർത്താവു തൻെറ ശക്തി പ്രദർശിപ്പിച്ചു.

സ: അവിടുന്നു വിജാതീയരുടെയിടയിൽ
തൻെറ നീതി വെളിപ്പെടുത്തി.

പ്ര: ഇസ്രായേൽ ഗോത്രത്തോടുള്ള തൻെറ വിശ്വസ്തതയും
കാരുണ്യവും അവിടുന്ന് അനുസ്മരിച്ചു.

സ: ദൈവത്തിൻെറ രക്ഷാകർമ്മത്തിന് ലോകമെല്ലാം സാക്ഷിയായി, അഖിലലോകമേ, കർത്താവിനെ സ്തുതിക്കുവിൻ.

പ്ര: ആനന്ദപൂർവ്വം അവിടുത്തെ പുകഴ്ത്തുവിൻ
വീണ മീട്ടിയും പാട്ടു പാടിയും കർത്താവിനെ സ്തുതിക്കുവിൻ.

സ: കാഹളമൂതി കർത്താവിനെ പുകഴ്ത്തുവിൻ.
കർത്താവിൻെറ മുമ്പിൽ വിജയാരവം മുഴക്കുവിൻ.

പ്ര: ഭൂമിയും അതിലെ നിവാസികളും
ആഴിയും അതിലെ ജീവികളും
സ്തുതി പാടട്ടെ.

സ: കാട്ടാറുകൾ കൈയടിക്കുകയും
പർവ്വതങ്ങൾ പാട്ടു പാടുകയും ചെയ്യട്ടെ.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പ്ര: ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖാമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം.
ഞങ്ങളുടെ കർത്താവായ ദൈവമേ / ഞങ്ങൾക്കുവേണ്ടിയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയും / അങ്ങേ തിരുക്കുമാരനെ നല്കിയ അനന്തസ്നേഹത്തിന് / ഞങ്ങൾ കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹായേ / നീ സ്വയം വെളിപ്പെടുത്തിയതിലും ഞങ്ങളെ രക്ഷിച്ചതിലും / ഞങ്ങൾ ആനന്ദിക്കുന്നു. 'ഇവനെന്റെ പ്രിയപുത്രനാകുന്നു / ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന സന്ദേശത്തിലൂടെ / സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തിയ കരുണനിറഞ്ഞ പിതാവേ, അങ്ങേ തിരുക്കുമാരൻവഴി / ഞങ്ങളും പരിശുദ്ധാത്മാവിനെ പ്രാപിച്ച് / ദൈവികജീവനിൽ വളരുവാൻ കൃപ ചെയ്യണമെ. മാമ്മോദീസാവഴി / സുവിശേഷം അറിയിച്ച കർത്താവേ ഞങ്ങളുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും ജീവിതാന്ത്യംവരെ / നിനക്കു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമെ. ദൈവികജീവന്റെ ഉറവിടമായ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങൾ വഴി / ദൈവമക്കളുടെ യഥാർത്ഥ പദവിയിലേക്കു / ഞങ്ങളെ നയിക്കേണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ഉ. ആമ്മേൻ.

(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12 കാണുക)

## ദനഹാക്കാലത്തെ വായനകൾ

### സുവിശേഷം

| | | | | | |
|---|---|---|---|---|---|
| 1 | മത്താ. | 3, 1–17 | 5 | യോഹ. | 21, 15–19 |
| 2 | മർക്കോ. | 6, 14–29 | 6 | യോഹ. | 1, 1–28 |
| 3 | ലൂക്കാ. | 4, 14–39 | 7 | മത്താ. | 9, 35–10, 15 |
| 4 | മത്താ. | 16, 13–19 | 8 | യോഹ. | 1, 29–52 |

| | | | | | |
|---|---|---|---|---|---|
| 9 | മത്താ. | 11,20_30 | 31 | എഫേ. | 2,19–3,21 |
| 10 | മത്താ. | 23,29–39 | 32 | 2തിമോ. | 3,1–15 |
| 11 | യോഹ. | 1,43_2,11 | 33 | 2 കൊറി. | 10,1–7 |
| 12 | മത്താ. | 4,23–5,19 | 34 | 2കൊറി. | 11,21–33 |
| 13 | യോഹ. | 3,1–21 | 35 | എബ്രാ. | 3,1–4,7 |
| 14 | മത്താ. | 18,23–35 | 36 | 1കൊറി. | 4,9–16 |
| 15 | ലൂക്കാ. | 18,2–14 | 37 | 2കൊറി. | 1,8–14 |
| 16 | മത്താ. | 6,1–18 | 38 | എബ്രാ. | 3,14–4,10 |
| 17 | ലൂക്കാ. | 15,4–32 | 39 | 2കൊ. | 13,18_14,18 |
| 18 | മത്താ. | 16,24_17,9 | 40 | എബ്രാ. | 7,18–22 |
| 19 | യോഹ. | 3,22–4,3 | 41 | 2തിമോ. | 2,8–19 |
| 20 | മത്താ. | 24,45–25,23 | 42 | എബ്രാ. | 6,9–7,3 |
| 21 | മത്താ. | 7,28–8,13 | 43 | 1തിമോ. | 2,1_3,10 |
| 22 | മത്താ. | 25,31–46 | 44 | റോമ. | 12,1–21 |
| 23 | മക്കേ്ാ. | 1,1–11 | 45 | റോമ. | 9,14–10,13 |
| 24 | മക്കേ്ാ. | 6,1–6 | 46 | റോമ. | 10,1–11 |
| 25 | മത്താ. | 9,27_34 | 47 | എബ്രാ. | 13,1–21 |
| 26 | മക്കേ്ാ. | 1,32–38 | 48 | എബ്രാ. | 8,1–9,10 |
| 27 | മത്താ. | 8,28–34 | 49 | 2കൊറി. | 10,4–18 |
| 28 | മക്കേ്ാ. | 1,21–28 | 50 | 1തിമോ. | 6,9–21 |
| 29 | മക്കേ്ാ. | 9,38–41 | 51 | 1കൊറി. | 15,34–57 |
| | ലേഖനം | | 52 | എഫേ. | 1,15–2,7 |
| 30 | ടൈററസ് | 2,11–3,7 | | | |

## കാറോസൂസ

പ്ര: നമുക്കെല്ലാവക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന് 'കർത്താവേ നിന്നോട്ട ഞങ്ങരം അ പേക്ഷിക്കുന്നു' എന്നു പ്രാത്ഥിക്കാം.

സ: കത്താവേ നിന്നോട്ട ഞങ്ങരം അപേക്ഷിക്കുന്നു.

പ്ര: 'ഇവൻ എൻെറ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏററുപറയുവാൻ നിൻെറ സഭയെ അനുഗ്രഹിക്കണമെന്ന്,

സ: കർത്തവേ.......

പ്ര: യോർദ്ദാനിൽവച്ച് പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യം വെളിപ്പെടുത്തിയ ദൈവമേ, സച്ചിദാനന്ദസ്വരൂപനായ നിന്നിൽ വിശ്വസിക്കുവാൻ എല്ലാവരേയും അനുഗ്രഹിക്കണമെന്നു്,

സ: കർത്താവേ........

പ്ര: യോഹന്നാനിൽനിന്നു് മാമ്മോദീസാ സ്വീകരിച്ചുകൊണ്ടു് 'സകല നീതിയും, പൂർത്തിയാക്കിയ മിശിഹായേ, ഞങ്ങൾക്കു നല്ലപ്പെട്ട പുത്രസ്വീകരണത്തിൻെറ അരൂപിയിൽ അയല്ക്കാരെ സ്നേഹിക്കുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു്,

സ: കർത്താവേ........

പ്ര: ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏററുപറഞ്ഞുകൊണ്ടു് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും ഒന്നായിത്തീരുവാൻ ഇടയാക്കണമെന്നു്,

സ: കർത്താവേ........

പ്ര: നിൻെറ മുന്നോടിയായ യോഹന്നാനെപ്പോലെ ഞങ്ങൾ സത്യത്തിൻെറ സാക്ഷികളും പരിത്യാഗത്തിൻെറ മാതൃകകളുമായിത്തീരുവാൻ അനുഗ്രഹിക്കണമെന്നു്,

സ: കർത്താവേ........

പ്ര: പാപികളോടു് ഒന്നുചേർന്നു് അനുതാപത്തിൻെറ മാമ്മോദീസാ സ്വീകരിച്ച മിശിഹായേ, ഞങ്ങളുടെ ബലഹീനത ഏററുപറഞ്ഞു് അനുതാപത്തിൻെറ അരൂപിയിൽ എപ്പോഴും ജീവിക്കുന്നതിനുള്ള വരം നല്കണമെന്നു്,

സ: കർത്താവേ........

പ്ര: സ്നാപകയോഹന്നാനിൽനിന്നു മാമ്മോദീസാ സ്വീകരിച്ചുകൊണ്ടു് സഭയുടെ മാമ്മോദീസായ്ക്കു് അടിത്തറ പാകിയ മിശിഹായേ, മാമ്മോദീസായിലൂടെ

ഞങ്ങാം സ്വീകരിച്ച ശിഷ്യത്വമനുസരിച്ച ജീവി ക്കുവാൻ ശക്തി തരണമെന്നു്,

സ: കർത്താവേ........

പ്ര: മാമ്മോദീസാവഴി ഞങ്ങളെ ദൈവപിതാവിൻെറ മക്കളും മിശിഹായുടെ സഹോദരങ്ങളും അങ്ങേ ആലയങ്ങളുമാക്കിയ പരിശുദ്ധാത്മാവേ, ഞങ്ങാം ക്കു് ദൈവികാത്മപിയിൽ അനുദിനം വളരുവാൻ ശക്തി തരണമെന്നു്,

സ: കർത്താവേ........

പ്ര: വിജ്ഞാനികാംവഴി വിജാതീയക്കും, മാമ്മോദീസാ വഴി യഹൂദജനതയ്ക്കും, കാനായിലെ അത്ഭുതം വഴി ശിഷ്യഗണത്തിനും സ്വയം വെളിപ്പെടുത്തിയ മിശി ഹായേ ദൈവപരിപാലനയുടെ പിന്നിൽ പ്രവർ ത്തിക്കുന്ന അങ്ങയെ ദർശിക്കുവാൻ ഞങ്ങളുടെ ആ ദ്ധ്യാത്മിക നയനങ്ങളെ പ്രാപ്തമാക്കണമെന്നു്,

സ: കർത്താവേ........

പ്ര: 'ഞാൻ മുന്തിരിവള്ളിയും നിങ്ങാം ശിഖരങ്ങളുമാകു ന്നു. നിങ്ങാം എന്നിൽ വസിക്കുവിൻ' എന്നരുളിയ മിശിഹായെ, അങ്ങയോടുള്ള ഐക്യത്തിൽ അനു ദിനം വളരുവാനും സൽകൃത്യങ്ങളിലൂടെ ഇതു് പ്രക ടമാക്കുവാനുമുള്ള അനുഗ്രഹം തരണമെന്നു്,

സ: കർത്താവേ........

പ്രധാനി: നമുക്കു പ്രാത്ഥിക്കാം.

കർത്താവായ ദൈവമേ, / ലോകത്തിൻെറ പ്രകാശ മായി / നിൻെറ തിരുക്കുമാരനെ യാത്രയാക്കിയ തിനു് / ഞങ്ങാം നന്ദിപറയുന്നു. വിശ്വാസത്തി ൻെറ കുദാശയായ മാമ്മോദീസായുടെ ഫലങ്ങാം ധാരാളമായി പുറപ്പെടുവിക്കുവാൻ / ഞങ്ങളെ ശ ക്തരാക്കണമേ. നിൻെറ വത്സലസുതനും / ഞ ങ്ങളുടെ രക്ഷകനുമായ മിശിഹായ്ക്കു് / സജീവ

സാക്ഷ്യം വഹിച്ചുകൊണ്ടു് / നിൻെറ ആത്മീയ പ്രകാശം എങ്ങും പ്രസരിപ്പിക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.

സ: ആമ്മേൻ.

വിശ്വാസപ്രമാണം. സമാപനപ്രാർത്ഥനകൾ
(േ. ജ് 20_25 കാണുക.)

## 3. നോയമ്പുകാലം

### സങ്കീർത്തനം 103

പ്ര: എൻെറ ആത്മാവേ, കർത്താവിനെ സ്തുതിക്കുക
അവിടുത്തെ തിരുനാമം പ്രകീർത്തിക്കുക.

സ: ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ
സഹായിക്കണമേ. അങ്ങേ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കയും ചെയ്യണമേ.

പ്ര: എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക;
അവിടുത്തെ അനുഗ്രഹങ്ങൾ മറക്കരുതു്.

സ: നിൻെറ പാപങ്ങൾ അവിടുന്നു പൊറുക്കുന്നു.
നിൻെറ രോഗങ്ങൾ സുഖമാക്കുന്നു.

പ്ര: നാശത്തിൽനിന്നു് അവിടുന്നു നിന്നെ രക്ഷിക്കും
കാരുണ്യപൂർവ്വം നിന്നെ പരിപാലിക്കും.

സ: കർത്താവു് ഏററം ദയാലുവാകുന്നു;
ഉദാരശീലനും ദാക്ഷിണ്യവാനുമാകുന്നു.

പ്ര: നിത്യമായി അവിടുന്നു കോപിക്കുകയില്ല;
അവിടുത്തെ കോപം നീണ്ടുനില്ക്കുകയുമില്ല.

സ: അവിടുന്നു പാപത്തിൻെറ ഗൗരവം നോക്കുന്നില്ല,
അതിൻെറ വലിപ്പമനുസരിച്ചു് ശിക്ഷിക്കുന്നുമില്ല.

പ്ര: ആകാശത്തോളം ഉയരുന്ന കാരുണ്യം
അവിടുന്നു തൻെറ ഭക്തരോടു പ്രദർശിപ്പിച്ചു.

സ: ഉദയത്തെ അസ്തമയത്തിൽനിന്നെന്നപോലെ
പാപത്തെ നമ്മിൽനിന്നകററി.

പ്ര: പിതാവു മക്കളോടെന്നപോലെ
കത്താവു തൻെറ ഭക്തരോട് കാരുണ്യം കാണിക്കുന്നു.
സ: നമ്മാം കേവലം പൊടിയാണെന്ന്
അവിടുന്നറിയുന്നുണ്ടല്ലോ;
മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു.
പ്ര: വയലിലെ പുഷ്പംപോലെ അതു വിരിയുന്നു
ചുടുകാററടിക്കുമ്പോഠം അതു വാടിപ്പോകുകയും
ചെയ്യുന്നു.
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായി
ത്തീരും.
സ: കത്താവിനെ സ്നേഹിക്കുന്നവരുടെമേൽ
അവിടുത്തെ അനുഗ്രഹമുണ്ടായിരിക്കും.
പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേക്കും ആമ്മേൻ.
ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ.
അങ്ങേ തിരുനാമത്തെ പ്രതി
ഞങ്ങളുടെ പാപങ്ങഠം ക്ഷമിക്കയും ചെയ്യണമേ.
പ്ര: നമുക്കു പ്രാത്ഥിക്കാം.
അനുതാപികളെ പൈതൃകസ്നേഹത്തോടെ / സദാ സ്വീകരിക്കുന്ന കാരുണ്യവാനായ ദൈവമേ ഞങ്ങളുടെ ബലഹീനതയും / അവിശ്വസ്തതയും പരിഗണിക്കരുതെ. അങ്ങയുടെ കാരുണ്യത്തിൽ ഞങ്ങഠം പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവമേ, ഞങ്ങളോടു കരുണതോന്നണമെ. ദയാപൂർവ്വം ഞങ്ങളുടെ പാപങ്ങഠം മായിച്ചുകളയണമെ. ഞങ്ങളുടെ അപരാധങ്ങഠം കഴുകിക്കളയുകയും / തെററുകഠം തുടച്ചുമാററുകയും ചെയ്യണമെ. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പാപങ്ങഠം ഞങ്ങഠം അറിയുന്നു; ഞങ്ങളുടെ തെററുകളെല്ലാം കണ്ടുകൊണ്ടിരിക്കുന്നു. അങ്ങേയ്ക്കെതിരായി പാപങ്ങഠം ചെയ്തുപോയി. ഞങ്ങളോട്ട് കാരുണ്യപൂർവ്വം ക്ഷമിക്കേണമെ. അധഃപതിച്ചുപോയ ഞങ്ങളെ രക്ഷിക്കുകയും / മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും /

ബലഹീനരായ ഞങ്ങളെ / അങ്ങയുടെ അനുഗ്രഹ ത്താൽ / ശക്തരാക്കുകയും ചെയ്യണമെ. അശുദ്ധി യിലും വഞ്ചനയിലും ദുഷ്ടതയിലും നിന്നു് / ഞങ്ങളെ രക്ഷിക്കണമെ. / വിശുദ്ധിയിലും പര സ്പരസ്നേഹത്തിലും ഐക്യത്തിലും ഞങ്ങളെ അ നുദിനം വളർത്തണമെ. നിത്യം പിതാവും പുത്ര നും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സ: ആമ്മേൻ

(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12–17).

## നോയമ്പുകാലത്തെ വായനകൾ

| | | | | | |
|---|---|---|---|---|---|
| | സുവിശേഷം | | 23 | യോഹ. | 11,47–12,11 |
| 1 | മത്താ. | 3,16–4,11 | 24 | യോഹ. | 12,12–43 |
| 2 | മത്താ. | 5,17–37 | 25 | യോഹ. | 13,1–17 |
| 3 | മത്താ. | 5,38–48 | 26 | മത്താ. | 26,14–30 |
| 4 | മത്താ. | 6,1–18 | 27 | മത്താ. | 26,31–44 |
| 5 | മത്താ. | 6,19–34 | 28 | മത്താ. | 26,52–75 |
| 6 | മത്താ. | 7,1–14 | 29 | ലൂക്കാ. | 22,63–23,12 |
| 7 | മത്താ. | 7,15–27 | 30 | ലൂക്കാ. | 23,13–23 |
| 8 | മക്കോ. | 11,27–12,12 | 31 | ലൂക്കാ | 23,24–54 |
| 9 | മത്താ. | 20,17–28 | 32 | യോഹ. | 19,23–42 |
| 10 | മക്കോ. | 12,13–44 | 33 | മത്താ. | 27,62–66 |
| 11 | മത്താ. | 21,23–46 | 34 | മത്താ. | 28,1–20 |
| 12 | യോഹ. | 5,1–18 | | ലേഖനം | |
| 13 | യോഹ. | 5,19–47 | 35 | എഫേ. | 4,17–5,21 |
| 14 | യോഹ. | 6,51–70 | 36 | റോമ. | 1,1–25 |
| 15 | യോഹ. | 7,1–13 | 37 | റോമ. | 1,28–2,6 |
| 16 | യോഹ. | 7,14–36 | 38 | റോമ. | 2,7–27 |
| 17 | യോഹ. | 7,37–52 | 39 | റോമ. | 2,28–3,20 |
| 18 | യോഹ. | 8,12–20 | 40 | റോമ. | 3,31–4,25 |
| 19 | യോഹ. | 8,31–59 | 41 | റോമ. | 6,1–23 |
| 20 | യോഹ. | 9,39–10,21 | 42 | റോമ. | 7,1–13 |
| 21 | യോഹ. | 11,1–45 | 43 | റോമ. | 7,14–25 |
| 22 | മത്താ. | 20,29–21,22 | 44 | റോമ. | 7,25–8,11 |

| | | | | | |
|---|---|---|---|---|---|
| 45 | റോമ. | 8,12–27 | 52 | റോമ. | 11,13–24 |
| 46 | റോമ. | 9,1–13 | 53 | എബ്രാ. | 1,1–14 |
| 47 | റോമ. | 9,14–29 | 54 | എബ്രാ. | 4, 14–6,8 |
| 48 | റോമ. | 10,17–11,12 | 55 | എബ്രാ. | 9,11–28 |
| 49 | റോമ. | 12,1–21 | 56 | ഗലാ. | 2,17–3,14 |
| 50 | റോമ. | 13,1–14 | 57 | 1 കൊറി. | 1, 18–31 |
| 51 | റോമ. | 15,1–13 | 58 | 1 കൊറി. | 15,20–28 |

## കാറോസൂസ

പ്ര: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പ്ര: പരിശുദ്ധാത്മാവിനാൽ വനത്തിലേക്കു നയിക്കപ്പെടുകയും നാല്പതു രാവും നാല്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിൻെറയും പ്രായശ്ചിത്തത്തിൻെറയും അരൂപിയാൽ ഞങ്ങളെ നിറയ്ക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായെ, ഞങ്ങളുടെയും മററുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ........

പ്ര: സ്നേഹത്തിൻെറ ബലിവസ്തുവായ മിശിഹായെ, ഞങ്ങളുടെ ശരീരത്തെയും അതിൻെറ ദുർവ്വാസനകളേയും നിന്നോടുകൂടി ക്രൂശിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ.......

പ്ര: യോർദ്ദാൻ നദിയിൽ വച്ച് പാപികളുടെ കൂടെ അനുതാപത്തിൻെറ മാമ്മോദീസാ സ്വീകരിച്ച കർത്താവേ, അനുതാപത്തിൻെറ അരൂപിയിൽ ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ.......

പ്ര: പരിശുദ്ധമായ ഉപവാസത്താൽ സാത്താനെ ലജ്ജിപ്പിക്കുകയും ദുർബലമായ ഞങ്ങളുടെ സ്വഭാവത്തെ ശക്തിപ്പെടുത്തുകയും ചെയ്ത മിശിഹായേ, ദൈവികജീവനിൽ അനുദിനം വളരുവാനും തിന്മയെ തിരസ്ക്കരിക്കുവാനും ശക്തിതരണമെന്ന് ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ,........

പ്ര: പരീക്ഷയിൽ പിശാചിനെ പരാജയപ്പെടുത്തുകയും അവൻെറ കാപട്യം തെളിയിക്കുകയും ചെയ്ത ശേഷം മാലാഖാമാരുടെ സാന്നിദ്ധ്യത്താൽ ആശ്വാസം പ്രാപിച്ച മിശിഹായെ, ജീവിതത്തിൻെർ മൂല്യത്തിൽ യഥാത്ഥ സന്തോഷം കണ്ടെത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ.......

പ്ര: എന്നെ പിഞ്ചെല്ലുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശുമെടുത്തുകൊണ്ട് അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ, അനുദിനജീവിതത്തിലുണ്ടാവുന്ന ക്ളേശങ്ങളും ബുദ്ധിമുട്ടുകളും വിശ്വാസത്തിൻെറ വെളിച്ചത്തിലൂടെ നേരിടുവാൻ തക്കവിധം ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ: കർത്താവേ.......

പ്ര: അമിതഭോജനം, ദുരഭിമാനം, ദ്രവ്യാഗ്രഹം എന്നിവയിൽനിന്നു ഞങ്ങളെ വിമോചിപ്പിച്ച് ഞങ്ങളുടെ പാപങ്ങളോർത്ത് പശ്ചാത്തപിക്കുവാനും, ഉപവാസത്താലും പ്രായശ്ചിത്തത്താലും അവസ്ഥ

പരിഹാരം ചെയ്യുവാനും ഞങ്ങളെ ശക്തരാക്കണമെന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: പുലർച്ചയാകുവോളം വനത്തിന്റെ ഏകാന്തതയിൽ പ്രാർത്ഥനാനിമഗ്നനായിരുന്ന കർത്താവേ, വിശ്വാസത്തിലും പ്രാർത്ഥനാചൈതന്യത്തിലും അനുദിനം ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: അനുഗ്രഹസമ്പന്നനും അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനുമായ കർത്താവേ, ശാശ്വതമായ സമാധാനത്തിന്റെ ഉറവിടത്തിലേക്കു ഞങ്ങളെ നയിക്കുകയും നിത്യാനന്ദത്തിനർഹരാക്കുകയും ചെയ്യണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു് മാർ .... പാപ്പാക്കും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ .... പിതാവിനും അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കും വേണ്ടിയും പ്രത്യേകിച്ചു് ഞങ്ങളുടെ ഇടവക വികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: നമുക്കു പ്രാർത്ഥിക്കാം.

കർത്താവായ ദൈവമേ, / ലോകത്തിന്റെ പാപപരിഹാരമായ മിശിഹായുടെ / സഹനജീവിതത്തോടു യോജിച്ചുകൊണ്ടു് / ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന / നിന്റെ സഭയെ കാരുണ്യപൂർവം കടാക്ഷിക്കണമെ. കുരിശുകൾ

സന്തോഷത്തോടെ വഹിച്ചുകൊണ്ടു് / നിൻെറ തിരുക്കുമാരൻെറ ബലിജീവിതം തുടരുവാൻ / ഞങ്ങളെ ശക്തരാക്കണമെ. യഥാൎത്ഥമായ പ്രാൎത്ഥനാചൈതന്യവും / സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലൎത്തിക്കൊണ്ടു് ഈ നോയമ്പുകാലം ഫലദായകമാക്കുവാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യണമെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപന പ്രാൎത്ഥനകൾ, പേജ് 20-25 കാണുക.)

## 4 ഉയിർപ്പുകാലം

### സങ്കീൎത്തനം: 47

പ്ര: ജനങ്ങളെ കരഘോഷം മുഴക്കുവിൻ;
കീൎത്തനം പാടി ദൈവത്തെ സ്തുതിക്കുവിൻ.
സ: കൎത്താവു ഭരണം നടത്തുന്നു;
ഭൂമിയെല്ലാം ആനന്ദിക്കട്ടെ
പ്ര: കൎത്താവു അത്യുന്നതനും ആരാധ്യനുമാകുന്നു,
അവിടുന്നു പ്രപഞ്ചത്തിൻെറ രാജാവാകുന്നു.
സ: വിജാതീയരേയും ജനതകളേയും
അവിടുന്നു നമ്മുടെ കീഴിലാക്കി;
യാക്കോബിൻെറ അവകാശവും അഭിമാനവുമായി
സ്നേഹപൂൎവ്വം നമ്മെ തിരഞ്ഞെടുത്തു.
പ്ര: വിജയാരവത്തോടും കാഹളശബ്ദത്തോടുംകൂടെ
ദൈവമായ കൎത്താവു് ആരോഹണം ചെയ്യുന്നു.
സ: ദൈവത്തെപ്പാടിപ്പുകഴ്ത്തുവിൻ
രാജാവിനു ജയ്‌വിളികൾ മുഴക്കുവിൻ.
പ്ര: അവിടുന്നു പ്രപഞ്ചത്തിൻെറ രാജാവാകുന്നു,
നിങ്ങൾ അവിടുത്തെ സ്തുതിക്കുവിൻ.
സ: അവിടുന്നു വിജാതീയരുടെ രാജാവാകുന്നു,
തൻെറ സിംഹാസനത്തിലിരുന്നുകൊണ്ടു് അവിടുന്നു
ഭരണം നടത്തുന്നു.

പ്ര: വിജാതീയരുടെ ഭരണകർത്താക്കൾ
അബ്രാഹത്തിന്റെ ദൈവത്തെ അംഗീകരിച്ചു.

സ: എന്തെന്നാൽ, രാജ്യമെല്ലാം ദൈവത്തിന്റേതാകുന്നു.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ: കർത്താവു ഭരണം നടത്തുന്നു
ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

മഹത്വമേറിയ ഉത്ഥാനത്താൽ / മരണത്തെ പരാജയപ്പെടുത്തുകയും / മനുഷ്യഗണത്തെ ദിവ്യാനന്ദത്താൽ നവീകരിക്കുകയും ചെയ്ത മിശിഹായേ / ഞങ്ങൾ നിന്നെ ആരാധിക്കുന്നു. മരണംവരെ / പിതാവിന്റെ ഹിതം നിറവേററുകയും / എല്ലാററിനും ഉപരിയായ സ്ഥാനം / അലങ്കരിക്കുകയും ചെയ്യുന്ന കർത്താവേ / ഞങ്ങളിൽ ഓരോരുത്തരിലും / ഈ കുടുംബത്തിലും ഇടവകയിലും സഭയിലും / നിന്റെ ദിവ്യഹിതം സദാ നിറവേറുവാൻ / ഇടവരുത്തണമെ. നിന്റെ സമാധാനത്തിനും ആനന്ദത്തിനും / ഞങ്ങളെ അർഹരാക്കണമെ. മഹത്വപൂർണ്ണമായ ഉത്ഥാനത്തിലൂടെ / നിന്റെ ശിഷ്യഗണത്തിനു നൽകിയ സ്ഥിരമായ വിശ്വാസവും ദൃഢമായ പ്രതീക്ഷയും പരിപൂർണ്ണമായ സ്നേഹവും നല്കി / ഞങ്ങളെ ദിവ്യാനന്ദത്താൽ നിറയ്ക്കണമെ. നിഷ്ക്കപടമായ ഹൃദയത്തോടെ / നിന്നെ നിരന്തരം പാടിപ്പുകഴ്ത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. അനുദിനം നിനക്കു സാക്ഷ്യം വഹിക്കുവാനും / കുരിശിന്റെ പാതയിലൂടെ ഉത്ഥാനത്തിന്റെ മഹത്വത്തിലേക്കു പ്രവേശിക്കുവാനും / ഞങ്ങൾക്കിടവരുത്തണമെ. ഈ പ്രപഞ്ചം മുഴുവനും / അങ്ങയുടെ മഹത്വം / സദാ പ്രകീർത്തിക്കുന്നുവെന്ന സത്യം മനസ്സിലാക്കി / അങ്ങേ മഹത്വത്തിനായി മാത്രം / പ്രപഞ്ചവസ്തുക്കളെ ഉപയോഗിക്കാൻ / ഞങ്ങളെ

പഠിപ്പിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സര്വ്വേശ്വരാ!

ഉ. ആമ്മേൻ.

(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12–17)

## ഉയിപ്പുകാലത്തെ വായനകൾ

| | സുവിശേഷം | | | ലേഖനം | |
|---|---|---|---|---|---|
| 1 | ലൂക്കാ. | 24, 1–12 | 24 | റോമ. | 5, 20–6, 23 |
| 2 | യോഹ. | 20, 1–18 | 25 | എഫേ. | 6, 10–24 |
| 3 | യോഹ. | 14, 18–15,15 | 26 | 1 കൊറി. | 15, 1–19 |
| 4 | ലൂക്കാ. | 24, 13–35 | 27 | എഫേ. | 4, 1–26 |
| 5 | യോഹ. | 15, 1–25 | 28 | കൊളോ. | 2, 8–3, 4 |
| 6 | മത്താ. | 10, 1–15 | 29 | എബ്രാ. | 11, 3–12, 2 |
| 7 | മത്താ. | 10, 16–33 | 30 | കൊളോ. | 1, 1–20 |
| 8 | യോഹ. | 20, 19–31 | 31 | എഫേ. | 1, 1–14 |
| 9 | യോഹ. | 14, 1–14 | 32 | എഫേ. | 1, 15–2, 7 |
| 10 | യോഹ. | 16, 16–33 | 33 | എബ്രാ. | 10, 19–36 |
| 11 | യോഹ. | 21, 1–14 | 34 | എഫേ. | 2, 4–22 |
| 12 | യോഹ. | 17, 1–26 | 35 | 1 തിമോ. | 1, 18–2, 15 |
| 13 | ലൂക്കാ. | 24, 36–53 | 36 | ഫിലി. | 1, 27–2, 11 |
| 14 | മക്കോ. | 26, 9–20 | 37 | 1 കൊറി. | 12, 1–27 |
| 15 | യോഹ. | 10, 1–6 | 38 | 1 പത്രോ. | 2, 21–25 |
| 16 | യോഹ. | 4, 4–30 | 39 | 1 പത്രോ. | 1, 13–23 |
| 17 | യോഹ. | 15, 26–16, 4 | 40 | 1 പത്രോ. | 3, 15–22 |
| 18 | യോഹ. | 10, 7–15 | 41 | എബ്രാ. | 13, 17–21 |
| 19 | യോഹ. | 17, 1–8 | 42 | 1 യോഹ. | 2, 1–6 |
| 20 | യോഹ. | 17, 9–17 | 43 | 1 യോഹ. | 2, 7–11 |
| 21 | യോഹ. | 17, 18–26 | 44 | 1 യോഹ. | 3, 1–11 |
| 22 | യോഹ. | 10, 22–30 | 45 | 1 പത്രോ. | 5, 1–4 |
| 23 | യോഹ. | 16, 25–33 | 46 | 1 പത്രോ. | 5, 1–5 |
| | | | 47 | 1 യോഹ. | 5, 11–29 |
| | | | 48 | 2 യോഹ. | 1, 1–6 |
| | | | 49 | എഫേ. | 6, 10–17 |

## കാറോസൂസ

പ്ര: നമുക്കെല്ലാവക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി 'കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമെ' എന്നപേക്ഷിക്കാം.

സ: കത്താവേ....

പ്ര: വഴിയും ജീവനും സത്യവുമായ മിശിഹായേ, നിൻെറ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു് സത്യത്തിലേക്കും മരണത്തിൽനിന്നു് മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു് നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ....

പ്ര: പുനരുത്ഥാനംവഴി പരിഹാസത്തിൻെറ അടയാളമായ കുരിശിനെ മഹത്വത്തിൻെറ ചിഹ്നമായി ഉയത്തിയ കത്താവേ, ഞങ്ങളുടെ ശരീരത്തെ അതിൻെറ ദുരാശകളോടെ കുരിശിൽ തറയ്ക്കുവാനും ആത്മസമപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു് നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ: കത്താവേ....

പ്ര: പുനരുത്ഥാനത്തിൻെറ മഹത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നു് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കത്താവേ....

പ്ര: ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും നിൻെറ മഹത്വപൂർണ്ണമായ ഉത്ഥാനത്തെയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തെയും ഓർത്തുകൊണ്ടു് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷി

കുവാനും വരം തരണമെന്ന് കർത്താവേ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ.......

പ്ര: ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവൻെറയും ഉയിർപ്പിൻെറയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന്, കർത്താവേ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ........

പ്ര: ഞങ്ങളുടെ മനസ്സാക്ഷിയിലൂടെയും ജീവിതസാഹചര്യങ്ങളിലൂടെയും സദാ ഞങ്ങളോടു സംസാരിക്കുന്ന കർത്താവേ, കുരിശുകളുടെയും വേദനകളുടെയും മദ്ധ്യത്തിലും നിന്നിൽ ആശ്വാസം കണ്ടെത്താൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കുന്നു.

സ: കത്താവേ........

പ്ര: യൂദന്മാരെ ഭയന്നു മുറിയടച്ചിരുന്ന ശിഷ്യന്മാരുടെ മുമ്പിൽ അത്ഭുതകരമായി പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ച കർത്താവേ, നിൻെറ സമാധാനം ഞങ്ങൾക്കെന്നും തരണമെന്നു പ്രാർത്ഥിക്കുന്നു.

സ: കത്താവേ........

പ്ര: 'ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട' എന്നരുളിച്ചെയ്തുകൊണ്ടു ശിഷ്യന്മാരുടെ ഭീതി മാററുകയും പരിശുദ്ധമായ മുറിവുകൾ കാണിച്ചുകൊടുത്ത് വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്ത കത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെന്നു പ്രാർത്ഥിക്കുന്നു.

സ: കത്താവേ........

പ്ര: പാപികളുടെ ആലംബവും ദുഃഖിതരുടെ ആശ്വാസവുമായ മിശിഹായേ, അങ്ങേ ഉത്ഥാനത്തിൻെറ മഹത്വത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും അ

ങ്ങേ സ്വർഗ്ഗീയ സമാധാനം നല്കി ഞങ്ങളെ അനു ഗ്രഹിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

സ: കർത്താവേ........

പ്ര: കള്ളനു മോഷ്ടിക്കുവാനോ, ചിതലിനു നശിപ്പിക്കു വാനോ, കഴിയാത്ത സുരക്ഷിതമായ സ്വർഗ്ഗരാജ്യ ത്തിലേയ്ക്കു നിക്ഷേപങ്ങൾ സമ്പാദിക്കുവാൻ ശിഷ്യ ഗണത്തെ ആഹ്വാനം ചെയ്ത കർത്താവേ, കണ്ണു കണ്ടിട്ടില്ലാത്തതും, കാതു കേട്ടിട്ടില്ലാത്തതും ഹൃദ യം ആസ്വദിച്ചിട്ടില്ലാത്തതുമായ നിത്യസൗഭാഗ്യ ത്തിനു ഞങ്ങളെ യോഗ്യരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ,........

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവു മാർ....പാപ്പായ്ക്കും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ.... പിതാവിനും അവരുടെ സഹപ്രവർത്തകരാ യ എല്ലാവർക്കുംവേണ്ടിയും പ്രത്യേകിച്ചു ഞങ്ങളുടെ ഇടവക വികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

സ: കർത്താവേ,....

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം.

മരണത്തെ ജയിച്ചടക്കിയ മിശിഹായേ, നിൻെറ സഭയിൽ സദാ സന്നിഹിതനായി/ നവജീവൻ കൊണ്ടു് അതിനെ നിറയ്ക്കണമെ. നിൻെറ പുനരു ത്ഥാനത്തിൽ പങ്കാളികളാകുവാൻവേണ്ടി/ നിൻെറ ബലിജീവിതത്തിൽ/ ഞങ്ങളെ സഹകാരികളാ ക്കണമെ. നിൻെറ സമാധാനവും ശാന്തിയും/ ഞങ്ങ ളുടെ സമൂഹത്തിലും ഈ കുടുംബത്തിലും/ മനുഷ്യ വർഗ്ഗം മുഴുവനിലും/ നിരന്തരം വസിക്കുവാൻ ഇടയാ ക്കുകയും ചെയ്യണമെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം. സമാപനപ്രാർത്ഥനകൾ: പേജ് 20–25 കാണുക)

## ശ്ലീഹാക്കാലം

### സങ്കീർത്തനം—51

പ്ര: ദൈവമേ, അങ്ങു സത്യവാനാണല്ലോ
അങ്ങേ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെയും
പഠിപ്പിക്കണമേ.

സ: അങ്ങേ അരൂപിയെ അയയ്ക്കുക
അപ്പോൾ സകലതും സൃഷ്ടിക്കപ്പെട്ടും;
ഭൂമുഖം പുതുതാകുകയും ചെയ്യും.

പ്ര: സോപ്പാകൊണ്ടു് എന്നെ തളിക്കണമെ.
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

സ: അങ്ങു് എന്നെ കഴുകണമെ.
ഞാൻ മഞ്ഞിനെക്കാൾ നിർമ്മലനാകട്ടെ.

പ്ര: അങ്ങേ സന്തോഷം എനിക്കു നല്കണമെ,
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

സ: എൻെറ പാപങ്ങളിൽനിന്നു് മുഖം തിരിക്കണമേ.
എൻെറ അപരാധങ്ങൾ മായിച്ചുകളയണമെ.

പ്ര: നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
എൻെറ മനസ്സിനെ ശക്തിപ്പെടുത്തുകയും
ചെയ്യണമെ.

സ: അങ്ങേ തിരുസ്സന്നിധിയിൽനിന്നു്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

പ്ര: അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്നു് എടുത്തുകളയരുതേ.

സ: അങ്ങേ സഹായത്തിനു വീണ്ടും ഞാൻ
അർഹനാകട്ടെ.
അങ്ങേ ചൈതന്യം എന്നെ താങ്ങി നിറുത്തട്ടെ.

പ്ര: വഴി തെററിയവരെ ഞാൻ അങ്ങയുടെ വഴി
പഠിപ്പിക്കും.
പാപികൾ അങ്ങേ പക്കലേയ്ക്കു പിന്തിരിയും.

സ: നീതിമാനായ ദൈവമേ, എന്നെ രക്ഷിക്കണമേ.
ഞാൻ അങ്ങയുടെ നന്മയെ പ്രകീർത്തിക്കട്ടെ.

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പ്ര: അങ്ങേ അരൂപിയെ അയയ്ക്കുക
അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും;
ഭൂമുഖം പുതുതാകുകയും ചെയ്യും.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവിനെ നല്കി / ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ കർത്താവേ / നിന്റെ അരൂപിയാൽ ഞങ്ങളേയും നിറയ്ക്കണമെ. 'എന്റെ പിതാവു് എന്നെ അയച്ചതുപോലെ / ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ ലോകമെങ്ങും പോയി / സുവിശേഷമറിയിക്കുവിൻ' / എന്നു് കല്പിച്ച കർത്താവേ, ഞങ്ങളെയും പ്രേഷിതചൈതന്യത്താൽ നിറയ്ക്കണമെ. / അനുദിന ജീവിതത്തിലൂടെ നിനക്കു സാക്ഷികളാകുവാൻ / ഞങ്ങളെ പ്രാപ്തരാക്കണമെ. ഈ കുടുംബവും പ്രവർത്തനരംഗങ്ങളും സ്ഥലകാലസാഹചര്യങ്ങളും / നിന്റെ സുവിശേഷചൈതന്യത്താൽ പ്രകാശിപ്പിക്കാൻ ഞങ്ങൾ വിളിക്കപ്പെട്ടവരാണെന്ന അവബോധം / ഞങ്ങളിൽ സദാ നിലനിർത്തണമെ. ഈ സുവിശേഷചൈതന്യം / ഞങ്ങളുടെ സകല പ്രവർത്തനങ്ങളിലും / പ്രകടമാക്കുവാൻ കൃപചെയ്യണമെ. ലോകാവസാനംവരെ / ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കുമെന്നരുളിയ മിശിഹായേ, നിന്റെ നാമത്തിൽ സമ്മേളിച്ചിരിക്കുന്ന ഈ കുടുംബത്തെ / നീ എന്നും നയിക്കണമെ. തിന്മയുടെ ശക്തി പ്രബലപ്പെടുവാൻ അനുവദിക്കരുതേ. സന്തോഷത്തിലും ദുഃഖത്തിലും / നിന്നിൽ ആശ്രയിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. നിന്റെ ദിവ്യസാന്നിദ്ധ്യം സദാ നിഴലിക്കുന്ന ഒരു ശരിയായ ക്രൈസ്തവകുടുംബമായിത്തീരുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമെ. നിന്റെ സഭാസേവനത്തിനായി / സ്വയം പൂർണ്ണമായി സമർപ്പിക്കുവാനുള്ള ദൈവവിളിയാൽ ഈ

കുടുംബത്തെ അനുഗ്രഹിക്കണമെന്നും / ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

(സങ്കീർത്തനങ്ങൾ മുതലായവ പേജ് 12-17)

## ശ്ലീഹാക്കാലത്തെ വായനകൾ

സുവിശേഷം

| | | |
|---|---|---|
| 1 | യോഹ. | 15,26–16,15 |
| 2 | യോഹ. | 4,4–30 |
| 3 | ലൂക്കാ. | 7,1–23 |
| 4 | ലൂക്കാ. | 7,31–50 |
| 5 | യോഹ. | 6,51–64 |
| 6 | ലൂക്കാ. | 10,23–42 |
| 7 | മത്താ. | 11,25-30 |
| 8 | യോഹ. | 19,30–37 |
| 9 | ലൂക്കാ. | 6,12–46 |
| 10 | ലൂക്കാ. | 22,16–34 |
| 11 | ലൂക്കാ. | 12,57–13,17 |
| 12 | ലൂക്കാ. | 18,22–35 |
| 13 | മത്താ. | 10,37–11,16 |
| 14 | യോഹ. | 6,28–35 |
| 15 | യോഹ. | 14,1–10 |
| 16 | ലൂക്കാ. | 17,11–19 |
| 17 | മക്കോ. | 5,25–34 |
| 18 | മക്കോ. | 7,31–37 |
| 19 | മക്കോ. | 10,13–16 |
| 20 | മത്താ. | 6,1–8 |
| 21 | മത്താ. | 5,33–37 |
| 22 | മത്താ. | 5,27–30 |

ലേഖനങ്ങൾ

| | | |
|---|---|---|
| 23 | 1 യോഹ. | 4,4–30 |
| 24 | 2 കൊറി. | 12,1–27 |
| 25 | 1 കൊറി | 12,28-13,13 |
| 26 | 1 കൊറി. | 5,6–6,11 |
| 27 | 1 കൊറി. | 11,23–30 |
| 28 | 1 കൊറി. | 7,1–7 |
| 29 | റോമ. | 9,30–10,17 |
| 30 | 1 കൊറി. | 9,13–27 |
| 31 | 1 കൊറി. | 14,1–19 |
| 32 | 1 കൊറി. | 10,14-32 |
| 33 | 1 കൊറി. | 15,58,16-24 |
| 34 | റോമ. | 3,28–4,5 |
| 35 | റോമ. | 8,26–30 |
| 36 | റോമ. | 10,9–17 |
| 37 | 1 കൊറി. | 1,1–9 |
| 38 | 2 കൊറി. | 1,3–8 |
| 39 | 2 കൊറി. | 4,3–10 |
| 40 | ഗലാ. | 3,23–29 |
| 41 | കൊളോ. | 3,1–11 |
| 42 | കൊളോ. | 3,18–4,3 |
| 43 | 2 കൊറി. | 4,7–18 |
| 44 | കൊളൊ. | 2,6–20 |
| 45 | 1 കൊറി. | 10,1–13 |
| 46 | എബ്രാ. | 11,3–10 |
| 47 | റോമ. | 12,1–8 |
| 48 | നടപടി | 13,13–25 |
| 49 | നടപടി | 15,1–29 |
| 50 | നടപടി | 22,1–16 |

## കാറോസൂസ

പ്ര: നമുക്കെല്ലാവക്കും സന്തോഷത്തോടും ഭക്തിയോടും കൂടി കത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു എന്നു പ്രാത്ഥിക്കാം.

സ: കത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

പ്ര: ദരിദ്രക്കു സുവിശേഷം അറിയിക്കപ്പെടുന്നു എന്നരുൾ ചെയ്ത മിശിഹായേ, സുവിശേഷ ഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു നിൻെറ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു്,

സ: കർത്താവേ........

പ്ര: ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ളീഹായുടെ മാതൃകയനുസരിച്ചു നിന്നോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്നു്,

സ: കർത്താവേ........

പ്ര: ഭാരതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിൻെറയും സേവനത്തിൻേറയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു്,

സ: കർത്താവേ,........

പ്ര: അനേകരുടെ മാനസാന്തരത്തിനുവേണ്ടി നിൻെറ ബലിയോടുചേർത്തു തങ്ങളുടെ ജീവിതബലിയർപ്പിക്കുവാൻ ക്ലേശമനുഭവിക്കുന്നവർ ശക്തരാകേണ്ടതിനു് നിൻെറ അരൂപിയെ അവർക്കു നല്കണമെന്നു്,

സ: കർത്താവേ........

പ്ര: രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാനും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമ്മോദീസാ നൽ

കുവാനായി വത്സല ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, അവരുടെ ദൗത്യം തുടരാൻ ഞങ്ങളെ ശക്തരാക്കണമെന്ന്,

സ: കർത്താവേ........

പ്ര: ലോകാവസാനംവരെ ജീവിതത്തിൻെറ എല്ലാ നിമിഷവും ഞങ്ങളോടുകൂടി വസിച്ച് ഈ പ്രപഞ്ച ത്തെ മുഴുവനും നവീകരിക്കുന്ന സുവിശേഷവെളിച്ച ത്താൽ എല്ലാവരെയും പ്രകാശിപ്പിക്കണമെന്ന്,

സ: കർത്താവേ....

പ്ര: സത്യത്തിൻെറ പാതയിലൂടെ ഞങ്ങളെ നടത്തു വാൻ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നല്കു ണമെന്ന്,

സ: കർത്താവേ....

പ്ര: പരിശുദ്ധാത്മാവിലുള്ള മാമ്മോദീസ സ്വീകരി ക്കുവാൻ, പ്രാർത്ഥനയിൽ ഒരുമിച്ചിരുന്ന ശ്ലീഹ ന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ ആശ്വാ സപ്രദനെ അയച്ച്, അവരെ വിശ്വാസത്തിൽ ഉറപ്പിച്ച കർത്താവേ, ഞങ്ങളേയും വിശ്വാസ ത്തിൽ ഉറപ്പിക്കണമെന്ന്,

സ: കർത്താവേ....

പ്ര: സുവിശേഷദൗത്യം നിർവ്വഹിക്കുവാൻ ശ്ലീഹന്മാ രെ നിയോഗിക്കുകയും നിത്യജീവൻെറ പാത യിലേക്കു ഞങ്ങളെ ആനയിക്കുവാൻ ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ ഭാരതത്തിലേ ക്കയയ്ക്കുകയും ചെയ്ത കർത്താവേ, ഈ സുവിശേഷ ചൈതന്യത്താൽ ഞങ്ങളെയും നയിക്കണമെന്ന്,

സ: കർത്താവേ,....

പ്ര: ലോകത്തിൻെറ ജ്ഞാനത്തെ മൗഢ്യമാക്കുകയും ലോകം ഭോഷത്തമായി കരുതിയിരുന്ന കുരിശി നെ രക്ഷയുടെ അടയാളമാക്കുകയും ചെയ്ത കർത്താ വേ, നിൻെറ സുവിശേഷം ലോകമെങ്ങും അറി യിക്കുവാൻ എളിയവരായ ഞങ്ങളെയും പ്രാപ്തരാ ക്കണമെന്ന്,

സ: കർത്താവേ,....

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവ് മാർ....പാപ്പാസ്സും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ....പിതാവിനും അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കുംവേണ്ടിയും പ്രത്യേകിച്ച് ഞങ്ങളുടെ ഇടവകവികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: നമുക്കു പ്രാർത്ഥിക്കാം.
പരിശുദ്ധാത്മാവിനെ നല്കി/സുവിശേഷചൈതന്യംകൊണ്ട് ശ്ലീഹന്മാരെ നിറച്ച കർത്താവേ/ ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ/ ഞങ്ങളുടെ സമൂഹത്തിലും/ഈ കുടുംബത്തിലും ധാരാളമായി വർഷിക്കണമെ. അങ്ങനെ ഞങ്ങളെല്ലാവരും/ നിനക്കു സാക്ഷ്യം വഹിക്കുന്ന പ്രേഷിതരാകട്ടെ. പരസ്പര സ്നേഹത്തിലും ഐക്യത്തിലും / ഞങ്ങൾ വളരുകയും/നിന്റെ അനുയായികൾക്കു യോഗ്യമായ വിധം/വ്യാപരിക്കുകയും ചെയ്യട്ടെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപനപ്രാർത്ഥനകൾ: പേജ് 20-25 കാണുക).

## 6. സഭയുടെ വളർച്ചക്കാലം (കൈത്താക്കാലം)

### സങ്കീർത്തനം 23

പ്ര: കർത്താവ് എന്റെ ഇടയനാകുന്നു
എനിക്ക് ഒന്നിനും മുട്ടുണ്ടാകുകയില്ല.

സ: സമൃദ്ധിയിൽ അങ്ങേ സഭയെ വളർത്തണമേ;
വിശ്വാസത്തിന്റെ കോട്ടയാൽ
അവളെ പരിരക്ഷിക്കണമേ.

പ്ര: സമൃദ്ധമായ പുൽത്തകിടികളിൽ
അവിടന്ന് എന്നെ മേയിക്കും
പ്രശാന്തമായ ജലാശയത്തിലേയ്ക്ക്
അവിടന്ന് എന്നെ നയിക്കും.

സ: അവിടന്ന് എന്നെ ബലപ്പെടുത്തുകയും
തൻെറ നാമത്തിനു ചേർന്നവിധം
നേർവഴിക്ക് എന്നെ നയിക്കുകയും ചെയ്യും.

പ്ര: അങ്ങന്ന് എൻെറ കൂടെയുള്ളതിനാൽ
മരണത്തിൻെറ താഴ്‌വരയിൽക്കൂടി നടക്കുവാനും
ഞാൻ ഭയപ്പെടുകയില്ല.

സ: അങ്ങേ ചെങ്കോലും വടിയും
എനിക്ക് ആശ്വാസം നൽകുന്നു.

പ്ര: എൻെറ ശത്രുക്കളുടെ മുമ്പിൽ
അങ്ങന്നെനിക്ക് വിരുന്നൊരുക്കി.

സ: എൻെറ ശിരസ്സ് തൈലം കൊണ്ടു പൂശി;
എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു.

പ്ര: എൻെറ ജീവിതകാലം മുഴുവൻ
അങ്ങേ അനുഗ്രഹം എന്നെ പിന്തുടരും

സ: കർത്താവിൻെറ ഭവനത്തിൽ
ചിരകാലം ഞാൻ വസിക്കുകയും ചെയ്യും

പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സ: ആദിമുതൽ എന്നേക്കും ആമ്മേൻ.

പ്ര: സമൃദ്ധിയിൽ അങ്ങേ സഭയെ വളർത്തണമേ.
വിശ്വാസത്തിൻെറ കോട്ടയാൽ
അവളെ പരിരക്ഷിക്കണമെ.

പ്ര: നമുക്കു പ്രാർത്ഥിക്കാം.

നല്ലയിടയനായ മിശിഹായെ/നിൻെറ സുവിശേഷദൗത്യം തുടരുന്നതിനായി/തിരുസ്സഭയെ സ്ഥാപിച്ചതിനും / നിരന്തരം പരിപാലിക്കുന്നതിനും/ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു/നിൻെറ സഭയിലൂടെ എല്ലാ വർഗ്ഗത്തിലും വർണ്ണത്തിലും സംസ്കാരത്തിലും പെട്ടവരെ/നീ വിളിക്കുകയും സ്നേഹത്തിലും ഐക്യത്തിലും / ഒന്നിപ്പിക്കുകയും ചെയ്യുന്നുവല്ലോ/നിൻെറ സുവിശേഷസന്ദേശം/എല്ലായിടത്തും അറിയിക്കുന്നതിനും / അതിനു സാക്ഷികളാകുന്നതിനും

വേണ്ടി സ്നേഹത്തിൻെറ ബലിവേദിയിൽ സ്വയം സമർപ്പിച്ച/ശ്ലീഹന്മാരെയും രക്തസാക്ഷികളെയും/ വിശുദ്ധരായ അനേകരേയും / ഞങ്ങൾക്കു മാതൃകയായി നല്കിയതിനും / ഞങ്ങൾ നന്ദി പറയുന്നു. നിരവധി ക്ലേശങ്ങളിലൂടെ നീങ്ങുന്ന തിരുസ്സഭയെ/നിരന്തരം പരിപാലിക്കുന്നവനായ കർത്താവേ, വഴിയും ജീവനും സത്യവും കാണിച്ചുതന്ന നല്ല യിടയാ, / എപ്പോഴും വിശ്വസ്തരായി, നിൻെറ കാലടികളെ പിഞ്ചെല്ലുവാൻ / ഞങ്ങളെ ശക്തരാക്കണമെ. ജീവിതത്തിലെ ഒരു നിമിഷവും / രക്ഷയുടെ കോട്ടയായ നിൻെറ സഭയിൽനിന്ന് / വ്യതിചലിക്കുവാൻ ഞങ്ങൾക്കു ഇടവരുത്തരുതേ, സഭയോടൊത്തു ചിന്തിക്കുവാനും രക്ഷാകരദൗത്യത്തിൽ സജീവമായി പങ്കുചേരുവാനും, / ഈ കുടുംബത്തെയും ഞങ്ങളോരോരുത്തരേയും / സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ഉ: ആമ്മേൻ.

(സങ്കീർത്തനങ്ങൾ മുതലായവ: പേജ് 12-17)

## സഭയുടെ വളർച്ചക്കാലത്തിലെ വായനകൾ

| | | | | | |
|---|---|---|---|---|---|
| | സുവിശേഷം | | 13 | യോഹ. | 3, 1–10 |
| 1 | ലൂക്കാ. | 14,1–14 | 14 | മത്താ. | 10,10–24 |
| 2 | ലൂക്കാ. | 12,1–12 | 15 | മത്താ. | 11,2–15 |
| 3 | ലൂക്കാ. | 15,4–44 | 16 | മർക്കോ. | 10,28–35 |
| 4 | യോഹ. | 20, 19–31 | 17 | മത്താ. | 13,36–43 |
| 5 | യോഹ. | 9,1–38 | 18 | ലൂക്കാ. | 9,28–36 |
| 6 | മർക്കോ. | 7,1–23 | 19 | മത്താ. | 13,47–52 |
| 7 | ലൂക്കാ. | 16,19–17,10 | 20 | ലൂക്കാ. | 22,24–30 |
| 8 | മത്താ. | 10,16–33 | 21 | മത്താ. | 25,14–30 |
| 9 | ലൂക്കാ. | 17,5–19 | 22 | യോഹ. | 6,60–69 |
| 10 | ലൂക്കാ. | 15,1–25 | 23 | ലൂക്കാ. | 5,1–11 |
| 11 | ലൂക്കാ. | 18,1-14 | 24 | മത്താ. | 7,21–27 |
| 12 | മത്താ. | 10,37–42 | 25 | മർക്കോ. | 4,1–9 |

| | | | | | |
|---|---|---|---|---|---|
| | ലേഖനം | | 38 | എബ്രാ. | 11,3–10 |
| 26 | 1കൊറി. | 1,10-17 | 39 | 1തെസ്സ. | 2,1–22 |
| 27 | 2കൊറി. | 1,8–14 | 40 | എഫേ. | 4,1–16 |
| 28 | 2കൊറി. | 10,4–18 | 41 | 1തെസ്സ. | 2,14–3,13 |
| 29 | 2കൊറി. | 3,4–18 | 42 | 2കൊറി. | 12,1–14 |
| 30 | 1കൊറി. | 7,1–11 | 43 | 2തെസ്സ. | 11–14 |
| 31 | 2കൊറി. | 10,1–18 | 44 | 2തെസ്സ. | 2,15–3,18 |
| 32 | 2കൊറി. | 11,14–21 | 45 | ഫിലി. | 1,12–25 |
| 33 | നടപടി. | 13,13–23 | 46 | റോമ. | 2,1–11 |
| 34 | നടപടി. | 5,12–32 | 47 | റോമ | 3,21–36 |
| 35 | നടപടി. | 19,8–20 | 48 | റോമ. | 5,1–11 |
| 36 | നടപടി. | 4,32–5,11 | 49 | 1കൊറി. | 2,9–16 |
| 37 | 2കൊറി | 12,14–21 | 50 | എഫേ. | 2,1–10 |

## കാറോസൂസ

പ്ര: നമുക്കെല്ലാവർക്കും വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ 'കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു' എന്നു് ഏററുപറയാം.

സ: കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്ര: നിൻെറ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളേയും എതിർപ്പുകളെയും നേരിടുന്നതിനും നിൻെറ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു്,

സ: കർത്താവേ....

പ്ര: സഭയോടൊത്തു ചിന്തിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ്സ് നിൻെറ ജനത്തിനു നൽകണമെന്നു്,

സ: കർത്താവേ....

പ്ര: വിവിധ സഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു്,

സ: കർത്താവേ,....

പ്ര: ഈ ലോകത്തിൽ നിന്നെപ്രതി നിന്ദനങ്ങളും പീഡകളും ദുഷ്പ്രചരണങ്ങളും സഹിക്കുന്നവർക്കു സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം വാഗ്ദാനം ചെയ്തു് ഞങ്ങൾക്കു പ്രത്യാശ പ്രദാനം ചെയ്യണമെന്നു്,

സ: കർത്താവേ,....

പ്ര: നിന്നെപ്രതി ബന്ധുമിത്രാദികളെയോ, സമ്പത്തോ ഉപേക്ഷിക്കുന്നവർക്കു് ഇഹത്തിൽ നൂറിരട്ടിയും സ്വർഗ്ഗത്തിൽ നിത്യജീവനും വാഗ്ദാനം ചെയ്ത കർത്താവേ, നിന്റെ പാതയിലൂടെ ഞങ്ങളെ നയിക്കണമെന്നു്,

സ: കർത്താവേ....

പ്ര: നീതിമാന്മാർക്കും നീതിരഹിതർക്കും ഒരുപോലെ മഴയും വെയിലും പ്രദാനം ചെയ്തു് മനുഷ്യരോടുള്ള വാത്സല്യം കാണിച്ചു് എല്ലാവരുടേയും രക്ഷ ആഗ്രഹിക്കുന്ന കർത്താവേ, എല്ലാവരിലും നിന്നെ കാണുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു്,

സ: കർത്താവേ....

പ്ര: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം മിശിഹായിൽ പുനഃപ്രതിഷ്ഠിക്കുവാനും സകലവും അങ്ങയോടു രമ്യപ്പെടുത്തി എല്ലാററിനെയും മിശിഹായിൽ പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തുവാനും തിരുമനസ്സാകണമെന്നു്,

സ: കർത്താവേ....

പ്ര: 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞുകൊണ്ടു ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിച്ച പരിശുദ്ധകന്യകാമറിയത്തെ ഞങ്ങൾക്കു മാതാവും മാതൃകയുമായി നല്കിയ കർത്താവേ, ജീവിത

ലാളിത്യത്തിലും നൈമ്മല്യത്തിലും അങ്ങേ പി ഞ്ചെല്ലുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു്,

സ: കർത്താവേ....

പ്ര: ലോകത്തിൻെറ വഞ്ചനയാലും ദുരാശകളുടെ പ്രലോഭനത്താലും ചിന്തയിലും വചനത്തിലും പ്രവൃത്തിയിലും വ്യതിചലിച്ചുപോയ ഞങ്ങളെ അനുതാപത്തിലൂടെ രക്ഷയുടെ കവാടത്തിലേക്കു കാരുണ്യപൂർവം നയിക്കണമെന്നു്,

സ: കർത്താവേ,....

പ്ര: നിന്നെ അറിഞ്ഞു സ്നേഹിച്ചു സ്തുതിക്കുന്നതിനായി നിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഞങ്ങൾ നന്ദിഹീനരും വ്യർത്ഥവിചാരങ്ങളിൽ വ്യാപൃതരും സത്യത്തെ എതിർക്കുന്നവരുമായിത്തീരുവാൻ ഒരിക്കലും അനുവദിക്കരുതേ എന്നും അനുതപിക്കുന്നവരെ ധൂർത്ത പുത്രനെപ്പോലെ സ്വീകരിക്കണമേ എന്നും,

സ: കർത്താവേ,....

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവു മാർ .... പാപ്പാസ്സും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ .... പിതാവിനും അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കും വേണ്ടിയും പ്രത്യേകിച്ചു ഞങ്ങളുടെ ഇടവക വികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാത്ഥിക്കുന്നു,

സ: കർത്താവേ,....

പ്ര: നമുക്കു പ്രാത്ഥിക്കാം.

ഞങ്ങളുടെ കത്താവായ ദൈവമേ, / നിനക്കു പ്രിയംകരങ്ങളായ സുകൃതങ്ങൾ / ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും പരിമളം പരത്തുവാൻ കൃപ ചെയ്യണമേ. അങ്ങേയ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ടു ഞങ്ങൾ ലോകത്തിൻെറ ദീപവും ഭൂമിയുടെ ഉപ്പും ആകുവാൻ നീ തന്നെ ഞങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമേ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപനപ്രാത്ഥനകൾ: പേജ് 20–25 കാണുക)

# 7. ഏലിയാ, ശ്ലീവാ, കാലങ്ങൾ
# 8. മൂശക്കാലം

സങ്കീർത്തനം 50

പ്ര: കർത്താവായ ദൈവം സംസാരിച്ചു
സൂര്യോദയം മുതൽ അസ്തമയംവരെ
അവിടന്നു ഭൂമിയെ വിളിച്ചു
സ: കർത്താവിനു പുതിയ കീർത്തനം പാടുവിൻ
ലോകമെല്ലാം കർത്താവിനെ സ്തുതിക്കട്ടെ.
എന്തുകൊണ്ടെന്നാൽ, അവിടന്നു
ഭൂമിയെ വിധിക്കാൻ വരുന്നു.
പ്ര: സൗന്ദര്യപൂർണ്ണമായ സീയോനിൽനിന്നു
ദൈവം പ്രകാശം വീശുന്നു.
നമ്മുടെ ദൈവം വരുന്നു.
അവിടന്നു മൗനമായിരിക്കുകയില്ല.
സ: എരിയുന്ന തീ അങ്ങേയ്ക്കു മുൻപേ നീങ്ങുന്നു.
അങ്ങയുടെ ചുററും കൊടുങ്കാററ് ഇരമ്പുന്നു.
പ്ര: തന്റെ ജനത്തെ വിധിക്കാൻ
അവിടന്നു മുകളിൽനിന്ന് ആകാശത്തേയും ഭൂമിയേയും വിളിക്കുന്നു.
സ: ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന
നീതിമാന്മാരെ വിളിച്ചു കൂട്ടുവിൻ
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു.
എന്തെന്നാൽ വിധിക്കുന്നവൻ ദൈവമാകുന്നു.
പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
സ: ആദിമുതൽ എന്നേക്കും ആമ്മേൻ.
പ്ര: കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
ലോകമെല്ലാം കർത്താവിനെ സ്തുതിക്കട്ടെ.
എന്തുകൊണ്ടെന്നാൽ, അവിടന്നു ഭൂമിയെ വിധിക്കാൻ വരുന്നു.

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ ജീവന്റെ ആരംഭവും അന്ത്യവുമായ മിശിഹായേ, ഈ ലോകത്തിന്റെ അഴകും പ്രതാ

പവും, സമ്പത്തുമെല്ലാം / താല്ക്കാലികമാണെന്നും / സകലത്തിനും അന്ത്യം കുറിക്കുന്ന മരണത്തോടെ / അവയെല്ലാം നഷ്ടപ്പെടുമെന്നും / മനസ്സിലാക്കി / ഒരിക്കലും മാററമില്ലാത്തവനായ / നിന്നെ മാത്രം മുൻനിർത്തി ജീവിക്കുന്നതിന്ന് / ഞങ്ങളെ ശക്തരാക്കേണമെ. നിൻെറ നിത്യപ്രഭയാൽ / ഞങ്ങളുടെ അനുദിനജീവിതത്തെ / പ്രകാശപൂരിതമാക്കണമെ. നന്മയും തിന്മയും വിവേചിച്ചറിയുന്നതിനും / എന്തുസഹിച്ചും നന്മയെ മാത്രം സ്വീകരിക്കുന്നതിനും / തിന്മയെ എതിക്കുന്നതിനും / ഞങ്ങളെ പ്രാപ്തരാക്കേണമെ. നിൻെറ പ്രമാണത്തിൻെറ വഴിയിലൂടെ നടന്ന് / മരണത്തെ പരാജയപ്പെടുത്തുന്നതിനും / അതിനെ നിത്യജീവൻെറ കവാടമാക്കിത്തീക്കുന്നതിനും / ഇടയാക്കേണമെ. സമയത്തിൻെറ പൂർണ്ണതയിൽ / മഹത്വത്തോടെ നീ വരുമ്പോഠം / നീതിമാന്മാരുടെ സമൂഹത്തോടു ചേന്നു / നിന്നെ സ്വാഗതം ചെയ്യുവാൻ / ഞങ്ങളെ യോഗ്യരാക്കേണമെ. കുരിശുകളും സങ്കടങ്ങളും നിറഞ്ഞ ഈ ലോകജീവിതം / മരണാനന്തരജീവിതത്തിന്ന് / യഥാർത്ഥ ഒരുക്കമൊക്കിത്തീർക്കുവാൻ കൃപ ചെയ്യേണമെ. ലോകാരംഭംമുതൽ / ഞങ്ങഠംക്കായി സജ്ജമാക്കിയിരിക്കുന്ന / മഹത്വത്തിൻെറ വാടാത്ത കിരീടം / നിന്നിൽനിന്നു സ്വീകരിക്കുവാൻ / ഞങ്ങളെ അർഹരാക്കേണമെ. സത്യത്തിനും നീതിക്കുംവേണ്ടി / സദാ ജീവിക്കുന്നതിനും / ജീവിതാന്ത്യംവരെ വിശ്വസ്തതയോടെ നിലനില്ക്കുന്നതിനും / വരംതരണമെന്ന് / നിന്നോടു ഞങ്ങഠം പ്രാത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉ. ആമ്മേൻ.

(സങ്കീത്തനങ്ങഠം മുതലായവ: പേജ് 12–17)

## ഏലിയാ, ശ്ലീവാ, മൂശക്കാലങ്ങളിലെ വായനകൾ

| | | | | | |
|---|---|---|---|---|---|
| | സുവിശേഷം | | 30 | 2 തെസ്സ. | 2, 15–3,18 |
| 1 | ലൂക്കാ, | 18,35–19,10 | 31 | ഫിലി. | 1, 12–25 |
| 2 | മത്താ. | 13, 1–23 | 32 | ഫിലി. | 1,27–2, 11 |
| 3 | മത്താ. | 13,24–43 | 33 | ഫിലി. | 3, 1–14 |
| 4 | മത്താ. | 4, 12–5,16 | 34 | ഫിലി. | 4, 4–23 |
| 5 | മത്താ. | 17, 14–26 | 35 | 1 കൊറി. | 14, 21–33 |
| 6 | മത്താ. | 15, 21–38 | 36 | 2 കൊറി. | 1, 23–2,16 |
| 7 | മത്താ. | 18, 1–18 | 37 | ഗലാ. | 5, 1–26 |
| 8 | മത്താ. | 20, 1–16 | 38 | ഗലാ. | 6, 1–18 |
| 9 | ലൂക്കാ. | 8, 41–56 | 39 | 1 തിമോ | 5, 1–16 |
| 10 | മത്താ. | 8, 23–9,9 | 40 | റോമ. | 5, 12–21 |
| 11 | മത്താ. | 22,22–37 | 41 | റോമ. | 6, 3–11 |
| 12 | ലൂക്കാ. | 9,51–62 | 42 | റോമ. | 6, 16–23 |
| 13 | ലൂക്കാ. | 12, 49–53 | 43 | റോമ. | 7, 18–25 |
| 14 | മക്കേ൪ാ. | 2, 23–28 | 44 | റോമ. | 8, 12–18 |
| 15 | മക്കേ൪ാ. | 1, 40–45 | 45 | 1 കൊറി. | 6, 12–20 |
| 16 | മത്താ. | 22, 1–14 | 46 | 1 കൊറി. | 12, 12–20 |
| 17 | മത്താ. | 3,31–35 | 47 | എഫേ. | 3, 1–12 |
| 18 | ലൂക്കാ. | 11,33–36 | 48 | എഫേ. | 4, 11–16 |
| 19 | ലൂക്കാ. | 11, 1–13 | 49 | എഫേ. | 5, 21–32 |
| 20 | ലൂക്കാ. | 5, 1–11 | 50 | എബ്രാ. | 10, 4–14 |
| 21 | മക്കേ൪ാ. | 12,28–34 | 51 | എബ്രാ. | 10, 22–31 |
| 22 | മത്താ. | 5,20–26 | 52 | എബ്രാ. | 12,22–29 |
| 23 | മക്കേ൪ാ. | 10,2–12 | 53 | എബ്രാ. | 13, 8–15 |
| 24 | മത്താ. | 15, 1–9 | 54 | റോമ. | 8, 18–27 |
| 25 | മത്താ. | 7, 1–6 | 55 | റോമ. | 7, 7–13 |
| 26 | മത്താ. | 11, 12–19 | 56 | എഫേ. | 6, 10–18 |
| 27 | മക്കേ൪ാ. | 12, 13–17 | 57 | 1 കൊറി. | 15, 12–19 |
| | ലേഖനം | | 58 | 1 കൊറി. | 15, 12–28 |
| 28 | 2 തെസ്സ. | 6, 20–7,6 | 59 | 1 കൊറി. | 15, 42–49 |
| 29 | 2 തെസ്സ. | 1, 1–10 | 60 | ഫിലി. | 2, 1–18 |

## കാറോസൂസ

പ്ര: നമുക്കെല്ലാവക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണെമെ എന്നപേക്ഷിക്കാം.

സ: കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേരംക്കണമേ.

പ്ര: പ്രമാണങ്ങളേയും പ്രവാചകന്മാരേയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂത്തിയാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ മാതാപിതാക്കളിലും മേലധികാരികളിലും മററുള്ളവരിലും നിന്നെ ദശിക്കുവാനും ദൈവഹിതമനുസരിച്ച് സദാ പ്രവത്തിക്കുവാനും ഞങ്ങളെ ശക്തരാക്കേണമെന്നു് ഞങ്ങരം അപേക്ഷിക്കുന്നു.

സ: കത്താവേ........

പ്ര: ഏലിയായുടെ തീക്ഷ്ണതയോടും മൂശയുടെ ധൈര്യത്തോടും കൂടെ ജീവിതകാലം മുഴവൻ നിനക്കു ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്നു നിന്നോടു ഞങ്ങരം അപേക്ഷിക്കുന്നു.

സ: കത്താവേ........

പ്ര: താബോർ മലയിൽവച്ചു രൂപാന്തരപ്പെട്ടുകയും നിന്റെ മഹത്വം കണ്ടു ഭീതിപൂണ്ട വത്സല ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കത്താവേ, വിധി ദിവസത്തിൽ മഹത്വ പൂണ്ണനായി നീ പ്രത്യക്ഷപ്പെടുമ്പോരം ആനന്ദത്തോടെ നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്നു നിന്നോടു ഞങ്ങരം അപേക്ഷിക്കുന്നു.

സ: കത്താവേ........

പ്ര: അക്രമം വെടിഞ്ഞു സ്നേഹത്തിലും സഹിഷ്ണതയിലും സമാധാനത്തിലും ലോകജനതയെ നയിക്കുവാൻ സമൂഹത്തിൽ നേതൃത്വം വഹിക്കുന്ന എല്ലാവരേയും പഠിപ്പിക്കേണമെന്നു നിന്നോടു ഞങ്ങരം അപേക്ഷിക്കുന്നു.

സ: കത്താവേ........

പ്ര: ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, നീ കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോഠം നിൻെറ വലത്തു ഭാഗത്തു അണിനിരക്കുവാൻ ഞങ്ങളേയും അർഹരാക്കണമെന്ന് നിന്നോടു ഞങ്ങഠം അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: ലോകം മുഴുവൻ നേടിയാലും ജീവൻ നഷ്ടപ്പെടുത്തിയാൽ ഒരു ഫലവുമില്ലെന്ന സത്യം വെളിപ്പെടുത്തിയ കർത്താവേ നിത്യജീവനെമാത്രം ലക്ഷ്യംവച്ചുകൊണ്ടു് അനുദിനം ജീവിക്കുന്നതിനുള്ള വരം തരേണമെന്ന് ഞങ്ങഠം അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: മനുഷ്യരായി ജനിക്കുന്ന എല്ലാവക്കും വികസിച്ചു വാടുന്ന പുഷ്പംപോലെയും ക്ഷണഭംഗുരമായ പുൽക്കൊടിപോലെയും ചുരുങ്ങിയ ജീവിതം മാത്രമുള്ളതിനാൽ ഈ ജീവിതകാലമത്രയും നന്നായും ഫലപ്രദമായും ചെലവഴിച്ച് മരണാനന്തര ജീവിതത്തിലേക്കുള്ള സമ്പാദ്യങ്ങഠം നേടുവാൻ ഞങ്ങളെ ഉത്സുകരാക്കേണമെന്ന് നിന്നോടു ഞങ്ങഠം അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: ഭൂമിയിൽ ഞങ്ങളുടെ താല്ക്കാലികവാസത്തിൻെറ അവസാനം അനിശ്ചിതം ആയിരിക്കയാൽ ഞങ്ങളുടെ അനുദിനജീവിതത്തെ നിനക്കു സ്വീകാര്യമായ ബലിയായി സമപ്പിക്കുവാൻ സഹായിക്കേണമെന്ന് നിന്നോടു ഞങ്ങഠം അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: സകല മനുഷ്യരിലും കുടികൊള്ളുന്ന മരണഭീതിയിൽനിന്ന് വിമുക്തരായി, മിശിഹായോടുകൂടി മരിക്കുന്നവർ മിശിഹായോടുകൂടി ഉയിപ്പിൽ മഹത്വം പ്രാപിക്കുമെന്ന വിശ്വാസത്തിൽ ഞങ്ങളെ

ഉറപ്പുള്ളവരാക്കേണമെന്ന് നിന്നോട്ട ഞങ്ങൾ അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: ക്ലേശങ്ങളും പ്രലോഭനങ്ങളും നിറഞ്ഞ ഈ ലോക ജീവിതത്തിൽ മറിയത്തെപ്പോലെ ത്യാഗോജ്ജ്വലമായ ജീവിതം നയിക്കുന്നതിനും സ്വയം പരിഹാരബലിയായി സമർപ്പിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോട്ട ഞങ്ങൾ അപേക്ഷിക്കുന്നു.

സ: കർത്താവേ....

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവ് മാർ........ പാപ്പായ്ക്കും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ........ പിതാവിനും അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കും വേണ്ടിയും പ്രത്യേകിച്ച് ഞങ്ങളുടെ ഇടവകവികാരിക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: നമുക്കു പ്രാർത്ഥിക്കാം.

പ്രവാചകന്മാരുടെ പ്രതീക്ഷയും / പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, / ദൈവദൂതന്മാരാൽ പരിസേവിതനായി / കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ / വിശുദ്ധരോടൊന്നിച്ച് നിന്നെ എതിരേല്ക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കേണമെ. നിന്റെ പെസഹാരഹസ്യത്തിൽ / സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ / സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യേണമെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം, സമാപനപ്രാർത്ഥനകൾ:
(പേജ് 20–25 കാണുക.)

## 9 സഭയുടെ അന്ത്യമഹത്വീകരണകാലം

### സങ്കീർത്തനം 64

പ്ര: ആകാശമണ്ഡലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ
അത്യുന്നതങ്ങളിൽ അവിടുത്തെ പുകഴ്ത്തുവിൻ:
സ: കർത്താവിനു പുതിയ കീർത്തനം പാടുവിൻ
നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ പുകഴ്ത്തുവിൻ.
പ്ര: അത്യുന്നതങ്ങളിൽ അവിടുത്തെ പുകഴ്ത്തുവിൻ
കർത്താവിൻെറ മാലാഖമാരേ അവിടുത്തെ പുകഴ്ത്തുവിൻ.
സ: കർത്താവിൻെറ സൈന്യങ്ങളെ അവിടുത്തെ പുകഴ്ത്തുവിൻ.
സൂര്യനും ചന്ദ്രനും കർത്താവിനെ സ്തുതിക്കുവിൻ
മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ, കർത്താവിനെ പുകഴ്ത്തുവിൻ
പ്ര: അവിടുന്ന് അരുളിച്ചെയ്തപ്പോഠം അവയെല്ലാം ഉണ്ടായി
അവിടുന്ന് ആജ്ഞാപിച്ചപ്പോഠം അവയെല്ലാം സൃഷ്ടിക്കപ്പെട്ടു.
സ: അവിടുന്ന് അവയെല്ലാം നിത്യകാലത്തേയ്ക്കു് സുസ്ഥിരമാക്കി
അലംഘ്യമായ നിയമവും അവിടുന്ന് അവയ്ക്കു നല്കി.
ഭൂലോകത്തിലെങ്ങും കർത്താവിനെ സ്തുതിക്കുവിൻ
പ്ര: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
പ്ര: കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ പുകഴ്ത്തുവിൻ.

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം.
ഞങ്ങളുടെ രക്ഷകനായ മിശിഹായേ, / മനുഷ്യകുല

ത്തിൻെറ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / തിരുസ്സഭയെ സ്ഥാപിച്ചതിന് / ഞങ്ങൾ നന്ദിപറയുന്നു. ലോകാവസാനംവരെ / നീ ഭരമേല്പിച്ച രക്ഷാകരദൗത്യം തുടരാൻ / നിൻെറ നിർമ്മല വധുവായ സഭയെ സജ്ജമാക്കിയല്ലോ. നിൻെറ മാംസരക്തങ്ങളാൽ / അവളെ പരിപോഷിപ്പിക്കുകയും / പരിശുദ്ധാത്മാവിനാൽ ജീവിപ്പിക്കുകയും / നയിക്കുകയും ചെയ്യുന്നതിന് / നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നീ ഭരമേല്പിച്ച ദൈവികമായ ദൗത്യം / ഞങ്ങളുടെ അമ്മയായ സഭ / വിശ്വസ്തയായി അനുസ്യൂതം തുടരുന്നതിനും / ഞങ്ങളോരോരുത്തരും പരമാവധി സഹകരിക്കുന്നതിനും / നിൻെറ കൃപാവരം ധാരാളമായി ചൊരിയേണമെ. യുഗാന്ത്യത്തിൽ / നീ പ്രതാപവാനായി പ്രത്യക്ഷപ്പെടുമ്പോൾ / നിനക്കു മാത്രം സമർപ്പിതയായ സഭ നൈർമ്മല്യപൂർവ്വം തൻെറ മക്കളായ ഞങ്ങളോടൊപ്പം / നിന്നെ സ്വീകരിക്കുന്നതിന് ഇടവരുത്തേണമെ. പിതാവായ ദൈവത്തിന് / ഏററവും സ്വീകാര്യമായ സമർപ്പണമായിത്തീരുവാൻ / ഈ സഭയെ സജ്ജമാക്കേണമെന്നു / ഞങ്ങൾ പ്രാർത്ഥിക്കുന്നു. ബലഹീനരും പാപികളും നിറഞ്ഞ സഭ / ഒരിക്കലും വികലമാകുവാൻ / അനുവദിക്കരുതേ. സഭയുടെ നിത്യഭവനമായ സ്വർഗ്ഗത്തെ ലക്ഷ്യംവച്ചു നീങ്ങുന്ന / ഈ തീർത്ഥാടകസമൂഹത്തെ / നിൻെറ പരിശുദ്ധാത്മാവാൽ / എപ്പോഴും ശരിയായി നയിക്കേണമെ. ഞങ്ങൾ ഓരോരുത്തരും / സ്വർഗ്ഗീയസഭയിൽ/ പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും / നിരന്തരം പാടിപ്പുകഴ്ത്തുന്നതിന് / ഇടവരുത്തേണമെന്ന് വിനയപൂർവ്വം പ്രാത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉ. ആമ്മേൻ.

(സങ്കീത്തനങ്ങൾ മുതലായവ: പേജ് 12–17 കാണുക.)

## സഭയുടെ അന്ത്യമഹത്വീകരണകാലം

| | | | | | |
|---|---|---|---|---|---|
| | സുവിശേഷം | | 31 | ലൂക്കാ. | 21, 8–19 |
| 1 | മത്താ. | 16, 13–19 | 32 | മത്താ. | 25, 1-13 |
| 2 | മത്താ. | 12, 1–21 | 33 | ലൂക്കാ. | 14, 7-14 |
| 3 | യോഹ. | 2. 12–22 | 34 | ലൂക്കാ. | 20, 9–19 |
| 4 | മത്താ | 22, 41–23, 22 | 35 | മത്താ. | 4, 18–23 |
| 5 | മക്കേ. | 10, 35–45 | 36 | മക്കേ. | 7, 1–6 |
| 6 | മത്താ. | 7, 21–27 | 37 | മത്താ. | 3, 1–12 |
| 7 | മത്താ. | 21, 33–46 | 38 | യോഹ. | 18, 33–37 |
| 8 | മത്താ. | 8, 5–13 | | ലേഖനം | |
| 9 | മത്താ. | 13, 47_50 | 39 | 1 കൊ. | 12, 28–13, 13 |
| 10 | ലൂക്കാ. | 11, 37–44 | 40 | എബ്രാ. | 8, 1–9, 10 |
| 11 | ലൂക്കാ. | 12, 13–21 | 41 | എബ്രാ. | 9, 5–15 |
| 12 | ലൂക്കാ. | 10, 17–20 | 42 | എബ്രാ. | 9, 16–28 |
| 13 | മത്താ. | 25, 14–30 | 43 | 1 പത്രോ. | 4, 12–19 |
| 14 | ലൂക്കാ. | 6, 20_26 | 44 | ഗലാ. | 1, 1–5 |
| 15 | ലൂക്കാ. | 16, 1_9 | 45 | ഗലാ. | 5, 25–6, 10 |
| 16 | ലൂക്കാ. | 17, 20–30 | 46 | ഫിലി. | 3, 17–4, 3 |
| 17 | ലൂക്കാ. | 14, 12-14 | 47 | 2 കൊറി. | 5, 1–10 |
| 18 | മത്താ. | 19, 27–30 | 48 | ഗലാ. | 1, 6–12 |
| 19 | ലൂക്കാ. | 16, 14-31 | 49 | 1 തിമോ. | 6, 7–16 |
| 20 | മത്താ. | 24, 37–44 | 50 | 2 തെസ്സ. | 2, 1–12 |
| 21 | മത്താ. | 14, 25–35 | 51 | 2 പത്രോ. | 8–15 |
| 22 | മക്കേ | 13, 9–13 | 52 | എബ്രാ | 5, 1–8 |
| 23 | ലൂക്കാ. | 22, 24–32 | 53 | 1 കൊറി. | 1, 18-31 |
| 24 | യോഹ. | 14, 13–20 | 54 | 1 തെസ. | 2, 2–8 |
| 25 | മത്താ. | 10, 28–33 | 55 | റോമ. | 16, 1–27 |
| 26 | മത്താ. | 5, 13–19 | 56 | എഫേ. | 4, 9–14 |
| 27 | മത്താ. | 5, 1–12 | 57 | കൊളോ. | 14, 10–5 |
| 28 | മത്താ. | 13, 24–30 | 58 | റോമ. | 10, 10–18 |
| 29 | യോഹ. | 17, 20–26 | 59 | 2 കൊറി. | 12, 1–14 |
| 30 | മത്താ. | 20, 1–16 | 60 | റോമ. | 8, 18–25 |

## കാറോസൂസ

പ്ര: നമുക്കെല്ലാവർക്കും തിരുസ്സഭയുടെ ഭാവിമഹത്വത്തെ സ്മരിച്ചുകൊണ്ടു 'കർത്താവേ, നിൻെറ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ' എന്നു പ്രാത്ഥിക്കാം.

സ: കർത്താവേ, നിൻെറ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമെ.

പ്ര: ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനമനുസരിച്ചു സഭയിൽ നിരന്തരം വസിച്ചുകൊണ്ടു് അവളെ നിത്യഭാഗ്യത്തിലേക്കു നയിക്കുന്ന കത്താവേ,

സ: കർത്താവേ....

പ്ര: ശ്ലീഹന്മാരേയും അവരുടെ പിൻഗാമികളെയും ദൈവജനത്തിനു നേതൃത്വം നല്കുവാൻ നിശ്ചയിച്ച കാരുണ്യവാനായ കത്താവേ,

സ: കർത്താവേ....

പ്ര: സഭയെ സ്നേഹിക്കുകയും നിർമ്മലവധുവായിരിക്കുവാൻ അവൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത കത്താവേ,

സ: കർത്താവേ....

പ്ര: ലോകസൃഷ്ടിക്കു മുമ്പു തന്നെ നിനക്കുണ്ടായിരുന്ന മഹത്വത്തിൽ ഞങ്ങൾ പങ്കുകാരാകുവാൻ വേണ്ടി അനുദിനം ഞങ്ങളുടെ കുരിശുമെടുത്തു നിന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കത്താവേ,

സ: കർത്താവേ....

പ്ര: ദൈവമക്കളെ ഒന്നിപ്പിക്കുന്നതിനുവേണ്ടി ജീവരക്തം വിലയായി നല്കി തിരുസ്സഭയെ സ്ഥാപിക്കുകയും നിത്യസൗഭാഗ്യത്തിനു് അർഹമാക്കുകയും ചെയ്ത കർത്താവേ, ആ മഹത്വത്തിൽ ഞങ്ങളേയും പങ്കുകാരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: പുതിയനിയമത്തിലെ ദൈവജനമായി ഞങ്ങളെ തെരഞ്ഞെടുത്തു് വിശുദ്ധരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ സഭയെ പണുതുയർത്തി വിശുദ്ധന്മാരുടെ പട്ടണത്തിൽ നിവസിക്കുന്നവരും ദൈവത്തിൻെറ വീട്ടുകാരുമാക്കിത്തീർത്ത കർത്താവേ,

സ: കർത്താവേ....

പ്ര: സകല ജാതികളെയും ശിഷ്യപ്പെടുത്തി ജ്ഞാനസ്നാനം നല്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയും സ്ഥലകാലജാതി വ്യത്യാസങ്ങൾ കൂടാതെ എല്ലാവരെയും ഒന്നിപ്പിച്ചു തിരുസ്സഭയ്ക്കു രൂപം നല്കുകയും ചെയ്ത കർത്താവേ,

സ: കർത്താവേ....

പ്ര: അടിമത്തത്തിൽനിന്നു മോചനം നല്കിയ പെസഹാകുഞ്ഞാടിനു പകരം പുതിയനിയമത്തിലെ പരിഹാരകുഞ്ഞാടായ നിൻെറ മരണംവഴി വീണ്ടെടുത്ത സഭയുടെ മക്കളായി ഞങ്ങളെ തെരഞ്ഞെടുത്ത കർത്താവേ,

സ: കർത്താവേ....

പ്ര: ആകാശത്തിലും ഭൂമിയിലുമുള്ള സകല മനുഷ്യരേയുംകാൾ മറിയത്തെ വരപ്രസാദത്താൽ അലങ്കരിക്കുകയും സഭയിൽ അതുല്യമായ രീതിയിൽ അംഗത്വം നല്കി ഞങ്ങൾക്കു മാതൃകയാക്കുകയും ചെയ്ത കർത്താവേ,

സ: കർത്താവേ....

പ്ര: നിൻെറ പീഡാനുഭവത്തിൻെറയും കുരിശുമരണത്തിൻെറയും ഉത്ഥാനത്തിൻെറയും പാവനസ്മരണയ്ക്കായി വിശുദ്ധ കുർബാനയർപ്പിക്കുവാനും മനുഷ്യജീവിതത്തിൻെറ ആരംഭം മുതൽ അവസാനംവരെ എല്ലാ രംഗങ്ങളേയും വിശുദ്ധീകരിക്കുവാൻ

കൂദാശകൾ സ്ഥാപിച്ച തിരുസ്സഭവഴി പരികർമ്മം ചെയ്യുകയും ചെയ്യുന്ന കർത്താവേ,

സ: കർത്താവേ....

പ്ര: എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നരുളിയ കർത്താവേ, ഈ കുടുംബത്തിൽ നിന്നു മരണത്തിലൂടെ വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ . (മരിച്ചവരെ ഓർക്കുക) കടങ്ങളും പാപങ്ങളും ക്ഷമിച്ച് അവരെ നിത്യാനന്ദത്തിൽ ചേർക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്ര: തിരുസ്സഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പിതാവ് മാർ .... പാപ്പായ്ക്കും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ .... പിതാവിനും അവരുടെ സഹപ്രവർത്തകരായ എല്ലാവർക്കുംവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ: കർത്താവേ....

പ്രധാനി: നമുക്കു പ്രാർത്ഥിക്കാം.

തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ / കാൽവരിയിൽ ജീവാർപ്പണം ।ചെയ്ത മിശിഹായെ / അങ്ങേ ശരീരരക്തങ്ങളാൽ പരിപോഷിക്കപ്പെടുന്ന / ഈ സമൂഹത്തിൽ നീ പ്രസാദിക്കേണമെ / പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ / നീ പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ / ഞങ്ങളും നിന്നിൽ ഒന്നായിരിക്കുവാൻ / സഹായിക്കേണമേ. നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കുന്ന / ഞങ്ങളേവരേയും നിലനില്പിന്റെ വരം നല്കി / അനുഗ്രഹിക്കുകയും ചെയ്യേണമെ.

സ: ആമ്മേൻ.

(വിശ്വാസപ്രമാണം സമാപനപ്രാർത്ഥനകൾ: പേജ് 20—25 കാണുക.)

മൂന്നാം ഭാഗം

# ബൈബിൾ ജപമാല

ഞങ്ങളുടെ പിതാവായ ദൈവമേ, നിൻെറ വത്സല മക്കളായ ഞങ്ങളെല്ലാവരും ഇന്നത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളെല്ലാം അവസാനിപ്പിച്ച നിൻെറ മുമ്പിൽ ഒന്നിച്ച കൂടിയിരിക്കുന്നു. നീ ഞങ്ങൾക്ക നല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നിൻെറ കൃപാവരങ്ങളോട്ട സഹകരിക്കാതെ പ്രവർത്തിച്ചതിനു മാപ്പപേക്ഷിക്കുന്നു. നിൻെറ രക്ഷാകരമായ ദിവ്യരഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനും അവയെ അനുഭവിച്ചറിയുന്നതിനും ആഗ്രഹിക്കുന്ന ഞങ്ങളെ അതിനു പ്രാപ്തരാക്കേണമെ. ഈ ജപമാല ഭക്തിപൂർവ്വവും പ്രയോജനപ്രദവുമായ വിധത്തിൽ നടത്തുന്നതിന് ഞങ്ങളെ സഹായിക്കണമെ. പരി. അമ്മേ, നീ ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കേണമെ.

വിശ്വാസപ്രമാണം (പേജ് 20 കാണുക)

ഞങ്ങളെ സൃഷ്ടിക്കുകയും, രക്ഷിക്കുകയും, വിശുദ്ധീകരിക്കുകയും, ചെയ്യുന്ന ദൈവമേ, നിനക്കു ഞങ്ങൾ കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. നിൻെറ ദിവ്യദാനങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയിൽ അനുദിനം വളർന്നു രക്ഷാകരഫലങ്ങൾ അനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്നു നിന്നോട്ട ഞങ്ങൾ പ്രാത്ഥിക്കുന്നു.

1 സ്വർഗ്ഗ .... 3 നന്മ .... 1 ത്രിത്വസ്തുതി.

# I സന്തോഷ രഹസ്യങ്ങൾ

## 1 മംഗലവാർത്ത

'ആറാം മാസത്തിൽ ഗലിലെയായിലെ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിൻെറ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന ഒരു കന്യകയുടെ അടുക്കലേയ്ക്കു ദൈവം ഗബ്രിയേൽ ദൂതനെ അയച്ചു. ആ കന്യകയുടെ പേരു് മറിയം എന്നായിരുന്നു. ദൂതൻ അവരുടെ പക്കലെത്തി ഇപ്രകാരം പറഞ്ഞു: 'ദൈവകൃപ ലഭിച്ചവളേ, സ്വസ്തി! കർത്താവു നിന്നോടു കൂടെ! 'ഈ വാക്കുകൾ കേട്ട് അവർ അത്യധികം അസ്വസ്ഥയായി. ഈ അഭിവാദനം എന്തായിരിക്കാമെന്ന് അവർ ചിന്തിച്ചു. ദൈവദൂതൻ അവരോടു പറഞ്ഞു:' മറിയമേ, ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. ഇതാ നീ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും: അദ്ദേഹത്തിന് ഈശോ എന്നു പേരിടണം. അദ്ദേഹം വലിയവനായിരിക്കും. അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെടും.' (Lk. 1: 26–32).

നമുക്കു പ്രാർത്ഥിക്കാം

പരി. അമ്മേ, നിന്നിൽ ദൈവം മനുഷ്യനായി അവതരിച്ചതുപോലെ, ഞങ്ങളുടെ ഹൃദയത്തിലും നിൻെറ ദിവ്യപുത്രനെ സ്വീകരിക്കുവാൻ, ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവികസാന്നിദ്ധ്യം സദാ അനുസ്മരിച്ചുകൊണ്ടുള്ള ജീവിതം നയിക്കുന്നതിനു ഞങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കേണമെ.

1 സ്വർഗ്ഗ .... 10 നന്മ .... 1 ത്രിത്വസ്തുതി.

## 2 സന്ദർശനം

'ആ ദിവസങ്ങളിൽത്തന്നെ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ

പോയി. അവർ സക്കറിയായുടെ വീട്ടിൽ പ്രവേശിച്ച് ഏലീശ്ബാസ്സ് അഭിവാദനം പറഞ്ഞു. മറിയത്തിൻെറ അഭിവാദനം ശ്രവിച്ച മാത്രയിൽ ശിശു ഏലീശ്ബായുടെ ഉദരത്തിൽ കുതിച്ചുചാടി; ഏലീശ്ബാ പരിശുദ്ധാത്മാവുകൊണ്ടു നിറയുകയും ചെയ്തു. അവർ ഉച്ചത്തിൽ ഉടനെ ഇങ്ങനെ ഉദ്ഘോഷിച്ചു, 'നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു; നിൻെറ ഉദരഫലവും അനുഗൃഹീതമാകുന്നു'. (ലൂക്കാ 1:39—42)

നമുക്കു പ്രാർത്ഥിക്കാം.

പരി. അമ്മേ നിൻെറ ഇളയമ്മയെ സന്ദർശിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും നീ മനസ്സായല്ലോ. മററുള്ളവരെ സ്നേഹത്തോടെ സേവിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും വേണ്ട ചൈതന്യം ലഭിക്കുന്നതിനു് നിൻെറ മക്കളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

## 3. ഈശോയുടെ ജനനം

'ദാവീദിൻെറ ഗോത്രത്തിലും കുടുംബത്തിലും പെട്ടവനാകയാൽ യൗസേപ്പ് പേരെഴുതിക്കുന്നതിനു്, ഗലീലിയായിലെ പട്ടണമായ നസ്രത്തിൽ നിന്നും യൂദയായിൽ ബേത്ലെഹം എന്നറിയപ്പെട്ടിരുന്ന ദാവീദിൻെറ പട്ടണത്തിലേക്കു് മറിയം എന്ന തൻെറ ഗർഭിണിയായ ഭാര്യയോടുകൂടെ പോയി. അവർ അവിടെ ആയിരിക്കുമ്പോൾ മറിയത്തിനു പ്രസവിക്കുവാനുള്ള ദിവസങ്ങൾ തികഞ്ഞു. മറിയം തൻെറ കടിഞ്ഞൂൽപ്പുത്രനെ പ്രസവിച്ച് പിള്ളക്കച്ചയിൽ പൊതിഞ്ഞു് പുൽത്തൊട്ടിയിൽ കിടത്തി; എന്തെന്നാൽ സത്രത്തിൽ അവർക്കു സ്ഥലം കിട്ടിയില്ല. (ലൂക്കാ. 2:4—7)

നമുക്കു പ്രാർത്ഥിക്കാം

ദൈവസുതനു പിറവിയേകിയ പ. അമ്മേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ദൈവവുമായുള്ള ഗാഢമായ സ്നേ

ഹത്തിലും ഐക്യത്തിലും നിരന്തരം വളർന്നുചേരുവാൻ പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

## 4. കാഴ്ചസമർപ്പണം

'വേദവിധിപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങൾക്കായി ഉണ്ണിയീശോയെ അവിടുത്തെ മാതാപിതാക്കൾ ദേവാലയത്തിൽ കൊണ്ടുചെന്നപ്പോൾ ശിമയോൻ ശിശുവിനെ കരങ്ങളിൽ സംവഹിച്ചുകൊണ്ടു് ദൈവത്തെ വാഴ്ത്തി ഉദ്ഘോഷിച്ചു: 'കർത്താവേ, അങ്ങയുടെ വാക്കനുസരിച്ചു് അങ്ങയുടെ ദാസനെ ഇപ്പോൾ സമാധാനത്തിൽ വിട്ടയച്ചാലും! വിജാതീയർക്കു വെളിവാകുവാനുള്ള പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിനുള്ള മഹത്വവുമായി സകല ജനതയുടെയും മുമ്പിൽ അങ്ങു് ഒരുക്കിയിരിക്കുന്ന അങ്ങയുടെ രക്ഷ, ഇതാ എൻെറ നയനങ്ങൾ ദർശിച്ചിരിക്കുന്നു.' (ലൂക്കാ. 2: 28–32).

നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ ആശ്രയമായ അമ്മേ, നിൻെറ വത്സല മക്കളായ ഞങ്ങൾ, ജീവിക്കുന്ന ദേവാലയങ്ങളാണെന്ന വസ്തുത മനസ്സിലാക്കി പരസ്പരം സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും വേണ്ട അനുഗ്രഹം നിൻെറ ദിവ്യപുത്രനിലൂടെ ഞങ്ങൾക്കു ലഭിച്ചുതരേണമെ.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

## 5. ഈശോ ദേവാലയത്തിൽ

'അവിടുത്തെ മാതാപിതാക്കൾ ആണ്ടുതോറും പെസഹാത്തിരുനാളിനു് ജറുസലേമിലേക്കു പോയിരുന്നു. അവിടുത്തേക്കു പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവർ പതിവുപോലെ തിരുനാളിനു പോയി. തിരുനാൾ കഴിഞ്ഞു് അവർ തിരിച്ചുപോന്നു. എന്നാൽ ബാലനായ ഈശോ ജറുസലേമിൽത്തന്നെ താമസിച്ചു: അവിടുത്തെ

മാതാപിതാക്കാം ഇതറിഞ്ഞുമില്ല. അവിടുന്ന് അവരു ടെ സഹയാത്രക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമെന്ന് കരുതി അവർ ഒരു ദിവസത്തോളം യാത്ര ചെയ്തു. അനന്തരം അവർ ബന്ധുക്കളുടെയും പരിചിതരുടെയും ഇടയിൽ അവിടുത്തെ തിരക്കി. കാണാതിരുന്നതിനാൽ അവിടുത്തെ അന്വേഷിച്ചുകൊണ്ട് അവർ ജറുസലേമി ലേക്കു മടങ്ങി. മൂന്നു ദിവസങ്ങാംക്കുശേഷം അവർ ദേ വാലയത്തിൽ അവിടുത്തെ കണ്ടെത്തി. അപ്പോാം അ വിടുന്നു ഉപദേഷ്ടാക്കളുടെ ഇടയിലിരുന്ന് അവർ പറ യുന്നതു് ശ്രദ്ധിക്കുകയും അവരോടു ചോദ്യങ്ങാം ചോദി ക്കുകയുമായിരുന്നു. കേട്ടവരെല്ലാം അവിടുത്തെ ഗ്രഹണ ശക്തിയിലും മറുപടിയിലും വിസ്മയിച്ചു.'

(ലൂക്കാ 2: 41-47)

### നമുക്കു പ്രാത്ഥിക്കാം

സ്നേഹസമ്പന്നയായ പരി. അമ്മേ, പാപംവഴിയാ യി ഞങ്ങാം ഈശോയിൽ നിന്നും അകന്നുപോകാതി രിക്കുന്നതിനുള്ള അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കേ ണമെ. ഞങ്ങാം വ്യതിചലിക്കുന്നതിനിടയായാൽ പ ശ്ചാത്താപത്തിൻെറ പാതയിലൂടെ നിൻെറ ദിവ്യപുത്ര ൻെറ പക്കലേയ്ക്കു വരുവാൻ ഞങ്ങാംക്കുവേണ്ടി പ്രാ ത്ഥിക്കേണമെ.

1 സ്വർഗ്ഗ .... 10 നന്മ .... 1 ത്രിത്വസ്തുതി.

## II ദുഃഖരഹസ്യങ്ങൾ

### 1. ഈശോ ഗത്സേമനിയിൽ

'അപ്പോൾ ഈശോ അവരോടൊത്തു് ഗത്സേമനി എന്ന സ്ഥലത്തേയ്ക്കു പോയി. അവിടുന്നു ശിഷ്യരോടു പറഞ്ഞു: 'ഞാൻ അവിടെപ്പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിപ്പിൻ' (മത്താ. 26: 36) അവിടുന്നു് അവരോടു പറഞ്ഞു: 'മരണതുല്യമായ ദുഃഖമാണു് ഞാൻ അനുഭവിക്കുന്നതു്; നിങ്ങൾ എന്നോടു കൂടി ഇവിടെ ഉണർന്നിരിക്കുവിൻ.' അല്പംകൂടി മുമ്പോട്ടുപോയി സാഷ്ടാംഗം വീണു് അവിടുന്നു പ്രാർത്ഥിച്ചു: 'എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു് അകന്നു പോകട്ടെ; എങ്കിലും എന്റെ ഇഷ്ടമല്ല; അങ്ങയുടെ ഇഷ്ടംപോലെ' (മത്താ. 26: 38–39).

നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ രക്ഷയ്ക്കായി, പിതാവിന്റെ ഇഷ്ടം നിറവേററുവാൻ തയ്യാറായ ഈശോയെ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു. ക്ലേശങ്ങളിലും പ്രതിസന്ധികളിലും നിരാശരാകാതെ നിന്നെ നിരന്തരം അനുഗമിക്കുന്നതിനു വേണ്ട അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യേണമെ.,

1 സ്വർഗ്ഗ. .... 10 നന്മ .... 1 ത്രിത്വസ്തുതി.

### 2. ചമ്മട്ടിയടി

'തന്മൂലം ജനക്കൂട്ടത്തെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിച്ചുകൊണ്ടു പീലാത്തോസ് അവർക്കുവേണ്ടി ബറാബ്ബായെ മോചിപ്പിച്ചു. ഈശോയെയാകട്ടെ ചമ്മട്ടികൊണ്ടു് അടിച്ചശേഷം ക്രൂശിക്കാനായി അവർക്കു് ഏല്പിച്ചുകൊടുത്തു.' (മർക്കോ. 15: 15) 'പ്രവാചകരുടെ തിരുവെഴുത്തുകൾ പൂർത്തിയാകുന്നതിനു വേണ്ടിയാണു് ഇവയെല്ലാം സംഭവിച്ചതു്. അപ്പോൾ ശിഷ്യന്മാരെല്ലാ

വരും അവിടുത്തെ വിട്ടു് ഓടിപ്പോയി' (മത്താ. 26: 56) 'ഈശോയെ കാവൽ നിന്നിരുന്നവർ അവിടുത്തെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു' (ലൂക്കാ 22: 63).

നമുക്കു പ്രാർത്ഥിക്കാം

പാപമില്ലാതിരിക്കെ, പാപികളായ ഞങ്ങളെ രക്ഷിക്കുവാൻവേണ്ടി ശാരീരികവും മാനസികവുമായ നിരവധി പീഡനങ്ങൾ സഹിച്ച ഈശോയേ, സ്വയം പരിത്യാഗവും പ്രായശ്ചിത്തവും വഴി, പാപങ്ങളെയും പാപസാഹചര്യങ്ങളെയും വിജയകരമായി നേരിടുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കേണമെ.

1 സ്വർഗ്ഗ..... 10 നന്മ.... 1 ത്രിത്വസ്തുതി.

## 3. മുൾമുടിധാരണം

'പട്ടാളക്കാർ ഒരു മുൾക്കിരീടമുണ്ടാക്കി അവിടുത്തെ ശിരസ്സിൽവച്ചു. ഒരു ചുവന്ന മേലങ്കിയും അവിടുത്തെ അണിയിച്ചു അവർ അവിടുത്തെപ്പക്കൽവന്നു 'യൂദന്മാരുടെ രാജാവേ, വാഴുക! എന്നു പറഞ്ഞു കൈകൊണ്ടു് അവിടുത്തെ പ്രഹരിച്ചു. (യോഹ. 19: 2–3) അനന്തരം അവർ ഞാങ്ങണ കൊണ്ടു് അവിടുത്തെ ശിരസ്സിൽ അടിക്കുകയും അവിടുത്തെ മേൽ തുപ്പുകയും മുട്ടുകുത്തി അവിടുത്തെ പ്രണമിക്കുകയും ചെയ്തു. (മർക്കോ 15: 19) മുൾക്കിരീടവും ചുവന്ന മേലങ്കിയും ധരിച്ചു് ഈശോ പുറത്തേക്കു വന്നു. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു. 'ഇതാ മനുഷ്യൻ' (യോഹ. 19: 5).

നമുക്കു പ്രാർത്ഥിക്കാം,

സകലത്തിന്റേയും നാഥനും സ്രഷ്ടാവുമായ ദൈവമേ, നിന്റെ തിരുസുതൻ ഒരു അടിമയേയും കുററവാളിയേയുംപോലെ പരിഹാസത്തിനും പീഡനത്തിനും വിധേയനായല്ലോ. എല്ലാവിധ ദുരഭിമാനത്തിൽനിന്നും വ്യർത്ഥചിന്തയിൽനിന്നും ഞങ്ങളെ വിമോചിപ്പിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി

## 4. ഗാഗുൽത്താമലയാത്ര

'ഈശോയെ കൊണ്ടുപോകുമ്പോഠം, നാട്ടിൻപുറത്തു നിന്നു് ആ വഴിയെ വന്ന സൈറീൻകാരൻ ശിമയോൻ എന്നൊരാളെ അവർ പിടികൂടി. ഈശോയുടെ കുരിശു്, അവിടുത്തെ പുറകെ ചുമന്നുകൊണ്ടു പോകാനായി, അവർ അതു് അയാളുടെ ചുമലിൽ വച്ചുകൊടുത്തു. ഒരു വലിയ ആഠംക്കൂട്ടവും, അവിടുത്തെക്കുറിച്ചു കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ ഒരു ഗണവും അവിടുത്തെ പിന്നാലെ പോയിരുന്നു. അവരുടെ നേരെ തിരിഞ്ഞു് ഈശോ അരുളിച്ചെയ്തു: 'ജറുസലേം പുത്രിമാരേ, എന്നെക്കുറിച്ചു നിങ്ങഠം വിലപിക്കേണ്ടാ! നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും വിലപിക്കുവിൻ' (ലൂക്കാ 23:26–29) തലയോടിൻെറ സ്ഥലം, എന്നത്ഥമുള്ള ഗാഗുൽത്താ' എന്ന സ്ഥലത്തേക്കു് അവർ അവിടുത്തെ കൊണ്ടുപോയി (മക്കേം. 15:12).

നമുക്കു പ്രാത്ഥിക്കാം.

ഭാരമേറിയ കുരിശും വഹിച്ചുകൊണ്ടു കാൽവരി കയറിയ മിശിഹായേ ശിഷ്യരായ ഞങ്ങളും അനുദിന ജീവിതത്തിലെ കുരിശും വഹിച്ചുകൊണ്ടു നിന്നെ അനുഗമിക്കുവാനാണല്ലോ ഞങ്ങളോടു് ആഹ്വാനം ചെയ്തിരിക്കുന്നതു്. ആകയാൽ അനുദിന ക്ലേശങ്ങളാകുന്ന ഞങ്ങളുടെ കുരിശുകളെ ക്ഷമയോടും വിശ്വാസത്തോടും സ്നേഹത്തോടുംകൂടി നേരിടുവാനും, നിൻെറ യഥാത്ഥ ശിഷ്യരായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കേണമെ.

1 സ്വഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

## 5. കുരിശുമരണം

'അവർ അവിടുത്തെ കുരിശിൽ തറച്ചപ്പോഠം മൂന്നാം മണിക്കൂർ ആയിരുന്നു' (മർക്കോ. 15:25) 'ഇവൻ യൂദന്മാരുടെ രാജാവായ ഈശോ ആകുന്നു' എന്നെഴുതിയ ഒരു കുററപത്രം അവർ അവിടുത്തെ ശിരസ്സിനു

മുകളിൽ സ്ഥാപിച്ചു. അവിടുത്തെ ഇടത്തും വലത്തുമായി രണ്ടു കവർച്ചക്കാരെയും അവർ അവിടുത്തോടൊപ്പം കുരിശിൽ തറച്ചു.' (മത്താ. 27:37–48) ഈശോയുടെ കുരിശിനു സമീപം അവിടുത്തെ അമ്മയും മാതൃസഹോദരിയും ക്ലെയോഫാസിൻെറ ഭാര്യയായ മറിയവും മഗ്ദലേനാ മറിയവും നിന്നിരുന്നു. ഈശോ, തൻെറ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും സമീപത്തു നില്ക്കുന്നതു കണ്ടു് അമ്മയോടു പറഞ്ഞു: 'സ്ത്രീയേ, ഇതാ നിങ്ങളുടെ മകൻ' പിന്നീടു് അവിടുന്നു ശിഷ്യനോടു പറഞ്ഞു: 'ഇതാ നിൻെറ അമ്മ.' ആ സമയം മുതൽ ആ ശിഷ്യൻ അവരെ തൻെറ ഭവനത്തിൽ സ്വീകരിച്ചു. അതിനുശേഷം എല്ലാം പൂർത്തിയായി എന്നറിഞ്ഞു് ഈശോ അരുളിച്ചെയ്തു: 'എനിക്കു ദാഹിക്കുന്നു.' ഇങ്ങനെ ആ തിരുവെഴുത്തു പൂർത്തിയായി. വിനാഗിരി നിറച്ച ഒരു പാത്രം അവിടെയുണ്ടായിരുന്നു. അവർ ആ വിനാഗിരിയിൽ ഒരു നീർപ്പഞ്ഞി കുതിർത്തു് ഒരു ഹിസോപ്പുതണ്ടിൽവച്ചു് അതു് അവിടുത്തെ ചുണ്ടോടടുപ്പിച്ചു. ഈശോ വിനാഗിരി സ്വീകരിച്ചശേഷം അരുളിച്ചെയ്തു: 'പൂർത്തിയായിരിക്കുന്നു.' അനന്തരം അവിടുന്നു തല ചായിച്ചു് ആത്മാവിനെ സമർപ്പിച്ചു. (യോഹ. 19:20–25).

നമുക്കു പ്രാർത്ഥിക്കാം.

കുരിശുമരണംവഴി ശിക്ഷയുടെ അടയാളമായിരുന്ന കുരിശിനെ രക്ഷയുടെ അടയാളമായി ഉയർത്തിയ ഈശോയെ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. രക്ഷാകരമായ കുരിശിൽ അഭയം പ്രാപിച്ചുകൊണ്ടു ജീവിക്കുവാൻ അവിടുന്നു ഞങ്ങളെ അനുഗ്രഹിക്കേണമെ.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

# III മഹിമയുടെ രഹസ്യങ്ങൾ

## 1. ഈശോയുടെ ഉത്ഥാനം

'ശാബത്തു കഴിഞ്ഞപ്പോഠം മഗ്ദലേനാമറിയവും യാക്കോബിൻെറ അമ്മയായ മറിയവും ശാലോമിയും അവിടുത്തെ മൃതശരീരം പൂശേണ്ടതിനു സുഗന്ധദ്രവ്യങ്ങഠം വാങ്ങി. ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോഠംത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി.' (മക്കോ. 16:1–2).

'ദൂതൻ സ്ത്രീകളോടു പറഞ്ഞു: 'ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട ഈശോയെ നിങ്ങഠം അന്വേഷിക്കുന്നു എന്നു് എനിക്കറിയാം. അവിടുന്നു് ഇവിടെയില്ല; അരുളിച്ചെയ്തിരുന്നതുപോലെ അവിടുന്നു് ഉയിർത്തെഴുന്നേററു. അവിടുന്നു വച്ചപ്പെട്ടിരുന്ന സ്ഥലം നിങ്ങഠം വന്നു കാണുവിൻ. അവിടുന്നു മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തിരിക്കുന്നു എന്നു നിങ്ങഠം വേഗം ചെന്നു് അവിടുത്തെ ശിഷ്യരെ അറിയിക്കുവിൻ. ഇതാ അവിടുന്നു നിങ്ങഠംക്കു മുമ്പായി ഗലിലെയായിലേക്കു പോകുന്നു; അവിടെവച്ചു നിങ്ങഠം അവിടുത്തെ കാണും. ഇതാ ഇക്കാര്യം നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു.'

(മത്താ. 28:5–7)

നമുക്കു പ്രാർത്ഥിക്കാം.

മാമ്മോദീസായിലൂടെ ഈശോമിശിഹായുടെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളികളാകുന്നതിനു് ഞങ്ങളെ അനുഗ്രഹിച്ച പിതാവായ ദൈവമേ, ഞങ്ങഠംക്കായി ഒരുക്കിയിരിക്കുന്ന നിത്യമഹത്വത്തിൽ നിനക്കു് അനവരതം സ്തുതിപാടുവാൻ കൃപ ചെയ്യണമെ.

1 സ്വർഗ്ഗ.... 10 നന്മ.... 1 ത്രിത്വസ്തുതി.

## 2. സ്വർഗ്ഗാരോഹണം

ഈശോ അടുത്തുചെന്ന് അവരോട് അരുളിച്ചെയ്തു: 'സ്വർഗ്ഗത്തിലും ഭൂമിയിലും സർവ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു; അതുകൊണ്ടു നിങ്ങൾ പോയി സർവജനപദങ്ങളെയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഇതാ, ലോകാവസാനംവരെ എന്നാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.' (മത്താ. 28: 18–20).

അനുഗ്രഹിച്ചുകൊണ്ടിരിക്കവേ അവിടുന്നു അവരെ വിട്ടുപിരിഞ്ഞു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു'.(ലൂക്കാ 24:51–52).

നമുക്കു പ്രാർത്ഥിക്കാം.

സ്വർഗ്ഗാരോഹണം ചെയ്ത ഈശോയെ, ഞങ്ങളുടെ ജീവിതപ്രവർത്തനങ്ങളിലെല്ലാം, അനശ്വരമായ സ്വർഗ്ഗഭാഗ്യം മുന്നിൽ കണ്ട് ജീവിതത്തെ ക്രമീകരിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ.

1 സ്വർഗ്ഗ....10 നന്മ....1 ത്രിത്വസ്തുതി.

## 3. പരിശുദ്ധാത്മാവിൻെറ ആഗമനം

'ഇതാ എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി പ്രാപിക്കുന്നതുവരെ നിങ്ങൾ നഗരത്തിൽത്തന്നെ വസിക്കുവിൻ' (ലൂക്കാ. 24:49).

'പന്തക്കുസ്താദിനത്തിൽ അവരെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി ഇരിക്കുകയായിരുന്നു. പെട്ടെന്ന് കൊടുങ്കാററിൻെറ ആരവംപോലുള്ള ഒരു ശബ്ദം ആകാശത്തുനിന്നുണ്ടായി. അവർ സമ്മേളിച്ചിരുന്ന ഭവനം മുഴുവൻ അതു നിറഞ്ഞു. വേർപിരിഞ്ഞു തീ നാമ്പുകൾ അ

വക്ക് ദൃശ്യമായി. അവ അവർ ഓരോരുത്തരുടെയും മേൽ വന്നിരുന്നു' (നടപടി 2, 1–3).

നമുക്കു പ്രാൎത്ഥിക്കാം.

ഞങ്ങളെ അനാഥരായി വിട്ടുകളയാതെ, പരിശുദ്ധാത്മാവിനെ നീ ഞങ്ങൾക്കു പ്രദാനം ചെയ്തതിനു് ഞങ്ങൾ നന്ദി പറയുന്നു. പരിശുദ്ധാത്മാവിൻെറ പ്രചോദനമനുസരിച്ചു് സദാ ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു് ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

1 സ്വർഗ്ഗ.... 10നന്മ....1 ത്രിത്വസ്തുതി.

## 4. മാതാവിൻെറ സ്വർഗ്ഗാരോപണം

'എന്നാൽ നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായി മിശിഹാ ഉയിർപ്പിക്കപ്പെട്ടു.... ആദം മൂലം എല്ലാവരും മരിക്കുന്നതുപോലെ മിശിഹായിൽ സർവരും ജീവിക്കും. എന്നാൽ ഓരോരുത്തരും അവനവൻെറ ക്രമമനുസരിച്ചു് ഉയിർത്തെഴുന്നേല്ക്കും. എല്ലാവരിലും ആദ്യം മിശിഹാ, അതുകഴിഞ്ഞു് അവിടുത്തെ ആഗമനത്തിൽ മിശിഹായ്ക്കുള്ളവർ' (1 കൊറി 15:20,22–23).

'നശ്വരമായതു് അനശ്വരതയും, മർത്ത്യമായതു് അമർത്ത്യതയും ധരിക്കുമ്പോൾ 'വിജയം മരണത്തെ ഗ്രസിച്ചു' എന്നു് എഴുതപ്പെട്ടിരിക്കുന്നതു് അന്വൎത്ഥമാകും.

'മരണമെ, നിൻെറ വിജയമെവിടെ? മരണമേ, നിൻെറ ദംശനമെവിടെ'.

'മരണത്തിൻെറ ദംശനം പാപവും, പാപത്തിൻെറ ശക്തി നിയമവുമാണു്. നമ്മുടെ കൎത്താവായ ഈശോമിശിഹാവഴി നമുക്കു വിജയം നല്കുന്ന ദൈവത്തിനു സ്തുതി' (1 കൊറി 15:54–57).

നമുക്കു പ്രാൎത്ഥിക്കാം.

ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോപിതയായ പരി. അമ്മേ, നിൻെറ മഹത്വത്തിൻ മക്കളായ ഞങ്ങൾ പൂർണ്ണ

ഹൃദയത്തോടെ സന്തോഷിക്കുന്നു. ഉയിർപ്പിൻെറ പ്രതീക്ഷയിൽ ജീവിക്കുവാനും മഹത്വം പ്രാപിക്കുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ....10 നന്മ....1 ത്രിത്വസ്തുതി.

## 5. മാതാവിൻെറകിരീടധാരണം

'നീ ജറുസലേമിൻെറ മഹത്വമാകുന്നു, നീ ഇസ്രായേലിൻെറ ആനന്ദമാകുന്നു. നീ നമ്മുടെ ജനത്തിൻെറ ആനന്ദമത്രേ, കർത്താവിൻെറ കരം നിന്നെ ശക്തിപ്പെടുത്തി. തൻനിമിത്തം നീ എന്നേയ്ക്കും വാഴ്ത്തപ്പെട്ടവളായിരിക്കും' (യൂദിത്ത് 15:10).

'അരുണോദയംപോലെ ശോഭിക്കുന്നവളും, ചന്ദ്രനെപ്പോലെ സുന്ദരിയും, സൂര്യനെപ്പോലെ പ്രഭാപൂർണ്ണയും സമരസന്നദ്ധമായ സൈന്യനിരയെപ്പോലെ ഭയപ്രദയും മരുഭൂമിയിൽ നിന്നു്.... സന്തോഷത്തിൽ മുഴുകിയും വരുന്ന ഇവളാരാണു്.' (ഉത്തമഗീതങ്ങൾ 6:9;8:5)

എൻെറ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എൻെറ ഹൃദയം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ, അവിടുന്നു തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു, ഇതാ ഇപ്പോൾ മുതൽ എല്ലാതലമുറയും എന്നെ അനുഗൃഹീത എന്നു പ്രകീർത്തിക്കും. (ലൂക്കാ. 1:46–49)

നമുക്കു പ്രാർത്ഥിക്കാം.

ദൈവത്താൽ പ്രത്യേകവിധം അനുഗ്രഹിക്കപ്പെട്ട ഞങ്ങളുടെ അമ്മേ, ഇഹലോകജീവിതം പരലോകജീവിതത്തിനു് ഒരുക്കമായി മുന്നോട്ടു നയിക്കുന്നതിനും, അങ്ങനെ മക്കളായ ഞങ്ങൾ സ്വർഗ്ഗത്തിൽ നിന്നോടൊന്നിച്ചു് പിതാവായ ദൈവത്തെ നിരന്തരം സ്തുതിക്കുന്നതിനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ....10 നന്മ.... I ത്രി.

## സമാപനപ്രാത്ഥന

ഞങ്ങളുടെ കത്താവായ ദൈവമേ, / ഈ പ്രാത്ഥനാവേളയിൽ ഞങ്ങരംക്കു നൽകിയ / എല്ലാ അനുഗ്രഹങ്ങരംക്കും നന്ദിപറയുന്നു. രക്ഷാകരരഹസ്യത്തെപ്പററിയുള്ള ഈ ധ്യാനത്തിലൂടെ / നിൻെറ അനന്തമായ സ്നേഹം ഞങ്ങരംക്കു വെളിപ്പെടുത്തിത്തന്നുവല്ലോ. / എന്നാൽ ആ സ്നേഹത്തിനു അനുയോജ്യമായ പ്രത്യുത്തരം നല്കുന്നതിനു ഞങ്ങരം അശക്തരാവുന്നു. ഞങ്ങളോടു ക്ഷമിക്കണമെ / ഞങ്ങളുടെ ഈ പ്രാർത്ഥനയിൽതന്നെ വന്നിട്ടുള്ള തീക്ഷ്ണതക്കുറവിന് / നിന്നോടു ഞങ്ങരം മാപ്പപേക്ഷിക്കുന്നു. നല്ലവനായ ദൈവമേ, എപ്പോഴും എല്ലായിടത്തും നിൻെറ പൈതൃകപരിപാലനയുടെ തണലിൽ ജീവിക്കുവാൻ / ഞങ്ങരം ആഗ്രഹിക്കുന്നു. നിൻെറ കാരുണ്യം മാത്രമാണു ഞങ്ങളുടെ ഏകാശ്രയം. ഞങ്ങരംക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത നല്ലവനായ ഈശോയെ, / നിന്നിൽ ഞങ്ങരം ശരണപ്പെടുന്നു. നിൻെറ അനുഗ്രഹവും, പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും / സ്നേഹർപൂർണ്ണമായ പരിപാലനയും / നിരന്തരം ഞങ്ങളെ നയിക്കുമാറാകട്ടെ. രക്ഷകനായ ഈശോയെ, / നിനക്കു ഏററം പ്രിയപ്പെട്ട പരി. കന്യകമറിയത്തെ / ഞങ്ങരംക്കു അമ്മയായി നീ തന്നുവല്ലോ / പരി. അമ്മേ, നിൻെറ വത്സലമക്കളായ ഞങ്ങളെ നിൻെറ തിരുക്കുമാരനു അനുയോജ്യമാം വിധം ജീവിക്കുന്നതിനു പ്രാപ്തരാക്കേണമെ. ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ, സകല വിശുദ്ധരേ, മാലാഖാമാരേ, ഞങ്ങളുടെ ഈ പ്രാത്ഥനകരം നിങ്ങളുടെ മദ്ധ്യസ്ഥത്തിലൂടെ / പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. ഈ പ്രാത്ഥനകരം സ്വീകരിച്ച് / ഈ കുടുംബ(സമൂഹ)ത്തേയും ഞങ്ങളെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.
ഉ: ആമ്മേൻ

നമ്മുടെ കത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിൻെറ സ്നേഹവും, / പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും / നാമെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും. ഉ. ആമ്മേൻ.

## നാലാം ഭാഗം

## ഭക്തഗാനങ്ങൾ

### 1 കർതൃപ്രാർത്ഥന

(പാട്ടുകുർബ്ബാന)

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ
നിൻനാമം പൂജിതമായിടേണം
നിന്നുടെ രാജ്യമീ ഭ്രുവിൽ വരേണം
നിൻചിത്തം സ്വർലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

അന്നന്നുവേണ്ടുന്ന ഭോജ്യം
ഞങ്ങൾക്കു നീ നല്കിടേണം
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമേ.

പാപത്തിൽ വീഴാതെ കാത്തിടേണേ
തിന്മയിൽനിന്നു നീ രക്ഷിക്കണേ
രാജ്യവും ശക്തിമഹത്വങ്ങളും
നിൻേറതാകുന്നു നിത്യം
നിൻേറതാകുന്നു നിത്യം.

### 2 ദൈവം നല്ല ഇടയൻ

(ഗാനധാര പേജ് 27)

ഇടയൻ നല്ല ഇടയൻ
അവനൊരുവൻ നമ്മൾക്കുടയോൻ (ഇടയൻ....)
പച്ചപ്പുൽപ്പുറം തോറുമവൻ
മെച്ചമായി നമ്മെ നടത്തും
നിത്യജീവൻെറ ഉറവയിങ്കൽ
നിന്നും ദാഹജലം തരുമെ (ഇടയൻ....)

ഇരുളാംമൂടിയ പാതകളിൽ
വഴിതേടിയലഞ്ഞീടുമ്പോഠം
വഴികാട്ടി നടത്തിടുമീ
അഴലാകെയകററിടുമീ
അഴലാകെയകററിടുമീ (ഇടയൻ....)

## 3 അനുതാപകീർത്തനം

(പേജ് 38)

ആഴത്തിൽ നിന്നു ഞാൻ
ആർദ്രമായ് ക്കേഴുന്നു
ദൈവമേ എന്നെ നീ കേഠംക്കേണമേ
പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ
ആരാരീ ലോകത്തിൽ രക്ഷനേടും
പാപത്തിൻ മോചനം
നിന്നിൽ ഞാൻ തേടുന്നു
നീയാണെൻമോക്ഷവും പ്രത്യാശയും
പുലരുവാൻ കാക്കുന്ന
കാവൽക്കാരെന്നപോൽ
സകലേശാ നിന്നെ ഞാൻ കാത്തിരിപ്പൂ
പാപങ്ങഠം മോചിക്കും
കാരുണ്യവാരിധേ
ആത്മാക്കഠംക്കാശ്വാസം നൽകേണമെ

## 4 പ്രകാശത്തിനുവേണ്ടി

കനിവെഴും പ്രകാശമേ നയിക്ക നീ
ഒരു കതിരുതേടി ഇരുളിലലയും ഞങ്ങളെ
മമഗൃഹത്തിൽ നിന്നുമകലെയാണു ഞാൻ
ഇരുണ്ടുനിറയുമന്ധകാരമാണു ചുററിലും.
കരുണതൻ പ്രകാശ പടലമെ
സദയമെന്നെ നീ നയിക്കണെ
വഴി ഇരുണ്ടു കഴൽ കുഴഞ്ഞു ഞാൻ
നിഴലുകഠം തൻ നടുവിൽ നിൽപ്പൂ ഞാൻ.

അഴകെഴുന്ന ദേവദൂതികൾ
അരികിൽവന്നു പുഞ്ചിരിച്ചിടും
അകലെയാ വിദാന വീഥിയിൽ
സദയമെന്നെ നീ നയിക്കണെ.
മിഴികൾ നിന്റെ കിരണമേൽക്കുവാൻ
അകമഴിഞ്ഞനുഗ്രഹിക്കണെ
വഴിയിലെത്ര വിഷമമാകിലും
മമപദങ്ങൾ ലക്ഷ്യമെത്തിടും.
(ആരാധനാഗീതങ്ങൾ No. 57, P.33)

## 5 ശാന്തിയുടെ സന്ദേശം

നാഥാ നിൻശാന്തിയെ ലോകം ദർശിക്കുവാൻ
എൻകൊച്ചു ജീവിതം ഹേതുവായ്ത്തീരട്ടെ
വിദ്വേഷമുള്ളത്തിൽ സ്നേഹം വിതയ്ക്കാനും
തെററുചെയ്‌വോർക്കെന്നും മാപ്പുനല്കീടാനും
സംശയഗ്രസ്തരെ നേരെ നയിക്കാനും
ദൂതനായെന്നെയയയ്ക്കണേ നീ.
ദുഃഖിതലോകരെ മോദരാക്കീടാനും
കൂരിരുൾ മാററുവാൻ ദീപം തെളിക്കാനും
നൈരാശ്യമുള്ളോർക്കാശ നല്കീടാനും
ദൂതനായെന്നെയയയ്ക്കണേ നീ
തെററിൽ ചരിപ്പവരെ നേർവഴി കാട്ടാനും
ഭിന്നചിത്തരെ രമ്യമാക്കാനും
യോഗ്യനല്ല ഞാനെന്നിരുന്നാലും
ദൂതനായെന്നെയയയ്ക്കണേ നീ.
ആശ്വാസം തേടാതെ ആശ്വസിപ്പിക്കാനും
സ്വാർത്ഥതയെന്നിയെ മനസ്സിലാക്കാനും
സ്നേഹം തേടാതെന്നും സ്നേഹിക്കാനും
ദൂതനായെന്നെയയയ്ക്കണേ നീ.
നൽകുമ്പോഴാണു ലഭിക്കുന്നതെന്നും
മാപ്പേകിയാൽ മാത്രം മാപ്പിനർഹനെന്നും
മരിക്കുമ്പോഴാണു ജനിക്കുന്നതെന്നും
ദൂതനായെന്നെ പഠിപ്പിക്ക നീ.
(ആരാധനാഗീതങ്ങൾ No 109 P. 72

## 6 വി. കുർബ്ബാനയ്ക്കുള്ള സ്തോത്രം

(ഗാനധാര, പേജ് 146)

ഭക്ത്യാവണങ്ങുക സാഷ്ടാംഗം വീണു നാം
ഏററം മഹത്തമിക്കൂദാശയെ
നവ്യനിയമത്തിൻ കർമ്മങ്ങരം വന്നല്ലോ
പൂർവ്വികം സാദരം മാറിനിൽപ്പൂ
ഇന്ദ്രിയങ്ങരംക്കെഴും പോരായ്മയൊക്കെയും
തീർക്കുക വിശ്വാസ ദിവ്യദീപ്തി (2)
ദൈവപിതാവിനും തന്നേകജാതനും
സ്തോത്രമുണ്ടാകണമെന്നുമെന്നും
പാവനാത്മാവിനുമവ്വിധം നിസ്തുല
സ്തോത്രമുണ്ടാകേണം നിത്യകാലം
സ്വസ്തിയും കീർത്തിയും ശക്തിയുമാർന്നെന്നും
വാഴുക ത്രിയൈക ദൈവം. ആമ്മേൻ. (2)

## 7 ദിവ്യകാരുണ്യത്തിനു സ്തുതി

(ഗാനധാര, പേജ് 161)

ദിവ്യനൽകാരുണ്യമേ മാലാഖമാരുടെ ഭോജനമേ
സന്തതമാരാധന സ്തോത്രങ്ങരം നൽകുന്നു ഞങ്ങരം
അന്തിമഭോജനവേളയിൽ പൂപം
തൻകരവല്ലിയിലായ് മോദാൽ
സംവഹിച്ചീശോ അൻപോടരുളി
എൻ ശരീരമിതെന്നായ്
ദ്രാക്ഷാരസത്തെ തൻ ശോണിതവുമായ്
മാററി മാനോർക്കായി.

സ്വർലോക സേനകളാരാധിച്ചീടും
സ്നേഹക്കൂദാശയെ ഞാൻ മോദാൽ
കാണുന്നു മേലിൽ സത്യദൈവമായ്
വിശ്വാസ നേത്രങ്ങളാൽ
എൻ ത്രാണകൻ നീ എൻ പ്രാണനും നീ
എൻ പ്രിയനീശോ നാഥാ.

## 8. നല്ലിടയൻ ഈശോ

നല്ലിടയനീശോ നല്ലിടയൻ
പച്ചപുൽത്തകിടി തന്നിൽ
നമ്മെ മേയ്പവൻ
സ്നേഹമുള്ളവൻ കരുണാസാഗരമവൻ
ഈശോ നല്ലിടയൻ
എന്നെ കുളിർച്ചോലയിൽ അവൻ നയിക്കും
ശക്തിപകർന്നെന്നെത്താൻ വഴി നടത്തും
ക്ലേശമെല്ലാം നീക്കിയെന്നെ പരിപാലിക്കും
ഈശോ നല്ലിടയൻ....നല്ലിടയനീശോ....
അന്ധകാരം നിറഞ്ഞിടും ഭൂതലത്തിൽ
സന്തതമെനിക്കു തുണയേകുന്നവൻ
നിത്യജീവൻ നൽകിയെന്നെ അനുഗ്രഹിക്കും
ഈശോ നല്ലിടയൻ....നല്ലിടയനീശോ....

(ആരാധാനഗീതങ്ങൾ No. 83 P. 52)

## 9 ക്രിസ്മസ് ഗാനങ്ങൾ

(ഗാനധാര, പേജ് 182)

പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണി നിൻ
തൃപ്പാദം കുമ്പിട്ടു നിൽക്കുന്നു ഞാൻ
മിന്നും നിലാവിൻെറ തൂവെള്ളിക്കൈകൾ നിൻ
പരിപൂതമേനിയെ പുൽകീടുന്നു
ഊർന്നൂർന്നിറങ്ങുന്ന മഞ്ഞിൻ തരികളാൽ
പൊന്നാട നെയ്യുന്നു പൂഞ്ചന്ദ്രിക
ഭൂമിയിലീശ്വര പുത്രൻ ജനിച്ചപ്പോൾ
പൂത്തിരി കത്തിച്ചില്ലാരുമാരും
പൂവൽമെയ് മൂടുവാൻ ശീതമകററുവാൻ
പൂഞ്ചേല നൽകിയില്ലാരുമാരും.

10 (ഗാനധാര, പേജ് 183)

വീട്ടുകളില്ല വഴിയമ്പലമില്ല
രക്ഷകന്നൂഴിയിൽ വന്നുപിറക്കാൻ
ഇടമില്ല, ഇടമില്ല.

ആഴിയുമംബരവീഥികളും
ഭൂമിയുമഖിലചരാചരവും
തീർത്തവന്നൂഴിയിൽ വന്നുപിറക്കാൻ
ഇടമില്ല, ഇടമില്ല.

നരികൾക്കവനിയിലളയുണ്ട്
പറവഗണത്തിനു കൂടുണ്ട്
മനുഷ്യപുത്രനു തലചായ്ക്കാൻ
ഇടമില്ല, ഇടമില്ല.

നാഥൻനിന്നുടെ ഹൃദയത്തിൻ
വാതിൽമുട്ടി വിളിക്കുന്നു
'മകനേ ഉള്ളിലെനിക്കുപിറക്കാൻ
ഇടമുണ്ടോ, ഇടമുണ്ടോ'.

## 11 പരിശുദ്ധാത്മാവിനോട്

(ഗാനധാര, പേജ് 189)

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാരവിരിപ്പു മാററിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹന ദിവ്യ ഗാനമേ

വിണ്ടുണങ്ങി വരണ്ട മാനസം
കണ്ട വിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

12 (ഗാനധാര, പേജ് 193)

പാവനാത്മാവേ വരൂ
പാരിടത്തിൽ നീ വരൂ
ദാനവർഷം തൂകിടാൻ
സ്നേഹരൂപാ നീ വരൂ
ഹൃത്തടങ്ങളാം നിൻകൃപാ
സത്തയിങ്കൽ ചേർത്തിടാൻ
ചിൽസ്വരൂപനീശനെ
സൽപ്രകാശം തൂകണെ
നല്ല മാർഗ്ഗം കാട്ടുവാൻ
നന്മമാത്രം ചെയ്യുവാൻ
നൽവരങ്ങളേകണെ
ചിന്മയാ പ്രഭാകര.

13 മാതാവിനോട്
(ഗാനധാര, പേജ് 196)

പാരിജാതമലരേ
പാപത്തിൻ പാഴ്മണ്ണിൽ പൊട്ടിവിടർന്ന
പാരിജാതമലരേ
ദേവമാതാവേ
പറുദീസായിലെ ആദ്യനാരി
പാപത്തിൻ തേൻകനി തിന്നു
മണ്ണിൽ മരണത്തിൻ വിത്തുവിതച്ചു
കണ്ണീർ തടാകം ചമച്ചു.
പരമ പിതാവിന്റെ ഏകജാതൻ
പ്രാണൻ പകരുന്ന പൊൻകനി
മാനവമക്കൾക്കു നീ കാഴ്ച തന്നു
സ്വർഗ്ഗകവാടം തുറന്നു.

## 14 പ. കന്യക, നല്ല അമ്മ

(ഗാനധാര, പേജ് 196)

നന്മനേരും അമ്മ വിണ്ണിൻ രാജകന്യ
ധന്യധമ്മ കന്യാമേരീ ലോകമാതാ
കണ്ണിലുണ്ണിയാകും ഉണ്ണിയേശുതൻെറ
അമ്മയായ ദേവി മേരീ ലോകമാത

മാതാവെ മാതാവെ, മണ്ണിൻ ദീപം നീയെ
നീയല്ലോ നീയല്ലോ നിത്യസ്നേഹധാര
കുമ്പിറം നീട്ടും കയ്യിൽ സ്നേഹം തൂകും മാതാ
കാരുണ്യാധിനാഥാ മേരീ ലോകമാതാ

പാവങ്ങരം പൈതങ്ങരം താപം തൂകിനിൽപ്പൂ
സ്നേഹത്തിൻ കണ്ണീരാൽ പൂക്കരം തൂകി നിൽപ്പൂ
ആശാപൂരം നീയെ ആശ്രയതാരം നീയേ
പാരിൻ തായ നീയെ മേരീ ലോകമാതാ.

## 15 വിശ്വാസവെളിച്ചത്തിനുവേണ്ടി

(ഗാനധാര, പേജ് 223)

വെളിച്ചം തരേണമേ (2)
നിത്യമാം പ്രകാശമേ, വെളിച്ചം തരേണമേ

എന്നുള്ളിൽ വസിക്കും നിൻരൂപത്തെ ദർശിപ്പാനും
വിശ്വാസ വെളിച്ചത്തിൽ സന്തതം ചരിപ്പാനും

എന്നെ നീ കാണുംപോലെ നിന്നെ ഞാൻ കാണുവാനായ്
എൻ നയനങ്ങരംക്കു നിൻവെളിച്ചം തരേണമേ

ആയിരം തിരികളെൻ ചുററിലുമെരിഞ്ഞാലും
അക്ഷികളന്ധമായാലെന്തതിൻ പ്രയോജനം

തമസ്സിൽ മുങ്ങീടുമ്പോരം തിമിരം തിങ്ങീടുമ്പോരം
ചേതസ്സിൽ വരേണമേ വെളിച്ചം തരേണമെ

അന്യരിൽ നന്മകാണാൻ കണ്ടുസന്തോഷിക്കുവാൻ
എന്നുരംക്കാമ്പിലങ്ങേ വെളിച്ചം ചിന്തീടണേ.

ആതുരർ അവശരിൽ ക്ലേശിതർ പീഡിതരിൽ
എൻ ശത്രുമിത്രങ്ങളിൽ എൻ സഹവാസികളിൽ

എൻവേലജോലികളിൽ എൻസ്ഥലമതിലും ഞാൻ
നിൻനാമം ദർശിക്കുവാൻ വെളിച്ചം തരേണമേ.

സന്താപസന്തോഷത്തിൽ വീഴ്ചയിൽ വിജയത്തിൽ
എന്നുടെ രോഗമതിൽ എൻ മനഃക്ലേശത്തിലും

എന്നിലും എല്ലാററിലും ദൈവമേ നിന്നുള്ളം ഞാൻ
തെളിവായ് ദർശിക്കുവാൻ വെളിച്ചം തരേണമേ

## 16 ദൈവം ഏക ആശ്രയം

(ഗാനധാര പേജ് 220

കർത്താവിലെന്നും എൻെറ ആശ്രയം
കർത്തൃസേവയൊന്നാണെൻെറ ജീവിതം
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നുപോകും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്യെന്നും വാഴ്ത്തുമേശുവേ 2
ഇത്രനൽരക്ഷകൻ വേറെയില്ലൂഴിൽ
ഹല്ലേലുയ്യാ പാടും ഞാൻ

തൻസ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകില്ല എതു ദുഃഖനാളിലും
തൻതിരു കൈകളാൽ താങ്ങി നടത്തിടും
തൻസ്നേഹം ചൊല്ലാൻ പോര വാക്കുകൾ
(ആർത്തു)

വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻപാതയിൽ
വൻതിരപോലവേ ക്ലേശങ്ങൾവന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും
(ആർത്തു....)

## 17 ദൈവത്തിനു സ്തോത്രം

ദൈവത്തിനു സ്തോത്രം പാടിടുവിൻ
അവൻ വല്ലഭനല്ലോ ദയ എന്നുമുള്ളവൻ
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിട്ടുന്നോനെ
ഏകമായ് വണങ്ങി പാടിടാമെന്നും.
പരിപാലകനല്ലോ സർവ്വശക്തനല്ലയോ
നിത്യസ്നേഹമല്ലയോ സ്തുതി എന്നുമവന്
താനുന്നതനല്ലോ കൃപചെയ്തിട്ടുമല്ലോ
തൻ സന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ.
ജ്ഞാനത്താൽ ആകാശത്തെ വാർത്തെടുത്തവൻ
ഭൂതലത്തെ വെള്ളത്തിന്മേൽ ഉറപ്പിച്ചവൻ
ദീപ്തി നല്കും സൂര്യചന്ദ്ര താരവൃന്ദത്തെ
മോടിയായ് വാനിടത്തിൽസ്ഥാപിച്ചവൻ
പരിപാലകനല്ലോ....

മേഘങ്ങളെ വാഹനങ്ങളാക്കിയവൻ
കാററിന്റെ പക്ഷങ്ങളിൽ സഞ്ചരിപ്പവൻ
വെള്ളത്തിന്മേൽമാളികയെ നിർമ്മിച്ചവൻ
അഗ്നിയെ താൻ സേവകരായ് നിയമിപ്പവൻ
പരിപാലകനല്ലോ....

(ആരാധനാഗീതങ്ങൾ No. 85pp. 53–54)

## 18 ഈശോയിൽ ഐക്യം

(ഗാനധാര, പേജ് 221)

മുന്തിരിച്ചെടിയല്ലോ ഞാൻ നിങ്ങളതിൻ ശാഖകളും
നിങ്ങളെന്നിൽ വസിക്കുകിൽ പൂത്തുതളിർക്കും (മുന്തി....)
എന്നിൽ നിങ്ങൾ വസിക്കുന്നില്ലായെങ്കിൽ വെട്ടപ്പെട്ട
ശാഖപോലെ നിങ്ങൾ വാടിവരണ്ടുപോകും (മുന്തി....)
നിങ്ങളെന്നിൽ ജീവിക്കുകയുമെൻ വചനം
നിങ്ങൾക്കുള്ളിൽ
വാസഗേഹം തേടുകയുംചെയ്യുന്നുവെങ്കിൽ (മുന്തി... )
നിങ്ങൾക്കിഷ്ടമുള്ളതെല്ലാം ചോദിച്ചിടാമവയെല്ലാം
ലഭ്യമാകുമെന്നും നിങ്ങൾ അറിഞ്ഞുകൊൾവിൻ (മുന്തി....)

നിങ്ങഠം നല്ല ഫലം നൽകി ശിഷ്യരായിത്തീരും നേരം
സ്വർഗ്ഗതാതനതിൽ നിത്യമഹത്വം കൊള്ളും (മുന്തി....)
എൻെറ പിതാവെന്നെ നിത്യം സ്നേഹിച്ചീടുന്നതുപോലെ
നിങ്ങളെയും നിത്യംമന്നിൽ സ്നേഹിക്കുന്ന ഞാൻ
(മുന്തി....)
എന്നും എന്നും നിങ്ങഠം നിലനില്ക്കണമെന്നാശിക്കുന്നു
സ്വർഗ്ഗീയമാം ശാന്തി നല്കുമെൻെറ സ്നേഹത്തിൽ
മുന്തി....)
എൻ പിതാവിൻ കല്പനകഠം കാക്കുന്നതുപോലെ
നിങ്ങഠം
എന്നുമെൻെറ കല്പനകഠം പാലിക്കുന്നെങ്കിൽ (മുന്തി....)

## 19 വി. തോമാശ്ലീഹായോട്

(ഗാനധാര, പേജ് 206)

ഭാരതം കതിരുകണ്ടു
ഭൂമുഖം തെളിവുകണ്ടു
മാർത്തോമ്മാ നീ തെളിച്ച മാർഗ്ഗത്തി–
ലായിരങ്ങഠം ആനന്ദശാന്തി കണ്ടു

ധൈര്യം പകർന്നുനിന്ന ജീവിതം
ഗുരുവിൻ മനംകവർന്ന ജീവിതം
പരസേവനം പകർന്ന ജീവിതം
സുവിശേഷദീപ്തിയാന്ന ജീവിതം

ഇരുളിൽ പ്രകാശമായ് വിടർന്നു നീ
മരുവിൽ തടാകമായി വിരിഞ്ഞു നീ
സുരലോകപാത നരനു കാട്ടുവാൻ
ഒരു ദൈവദൂതനായണഞ്ഞു നീ.

## 20 ഉറങ്ങാൻപോകുമ്പോഠം

ഞാനുറങ്ങാൻ പോകും മുമ്പായ്
നിനക്കേകുന്നിതാ നന്ദി നന്നായ്
ഇന്നു നീ കാരുണ്യപൂർവ്വം
തന്ന നന്മകഠം ഒക്കേയ്ക്കുമായ്

നിന്നാഗ്രഹത്തിനെതിരായ്ച്ചെയ്തോ
രെൻകൊച്ചു പാപങ്ങരം പോലും
എൻ കണ്ണുനീരിൽ കഴകാം മേലിൽ
പുണ്യപ്രവൃത്തികരം ചെയ്യാം.

ഞാനുറങ്ങീടുമ്പോഴെല്ലാം എനി—
ക്കാനന്ദ നിദ്രതരേണം
സർവ്വഭയങ്ങളും നീക്കി നിത്യ
നിർവൃതി തന്നരുളേണം.

കന്യകാമാതാവുമൊപ്പം
കാവൽമാലാഖയും കൂടി
രാത്രി മുഴവനുമെന്നെ നോക്കി
കാത്തരുളീടുക വേണം (ഞാനുറങ്ങാൻ....)

## 21 വാവാ യേശുനാഥ

വാ വാ യേശുനാഥാ.... വാ വാ യേശുനാഥാ
ഹായെൻ ഹൃദയം തേടിടും സ്നേഹമേ നീ. (വാ വാ....)

1 നീയെൻ പ്രാണനാഥൻ
നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ.
(വാ വാ....)

2 പാരിലില്ലിതു പോൽ
വാനിലില്ലിതു പോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം ചിന്തിച്ചീടാൻ....
(വാ വാ....)

3 പൂക്കരംക്കില്ല പ്രഭ
തേൻ മധുരമല്ല
നീ വരുമ്പോളെൻ ആനന്ദം വർണ്ണ്യമല്ല
(വാ വാ....)

4 വേണ്ട പോകരുതേ
നാഥാ നില്ക്കണമെ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡപം....
(വാ വാ....)

5 ആധി ചേരുകിലും....വ്യാധി നോവുകിലും
നീ അരികിലെന്നാലെനിക്കാശ്വാസമേ....
(വാ വാ....)

6 ശാന്തിയിൽ നീന്തി നീന്തി....
കാന്തിയിൽ മുങ്ങി മുങ്ങി....
നിന്നിൽ ഞാനുമേ....എന്നിൽ നീ ഇങ്ങനെ
നാം.... (വാ വാ....)

## 22 സമയമാം രഥത്തിൽ

സമയമാം രഥത്തിൽ ഞാൻ
സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാൺമതിന്നായ്
ഞാൻ തനിയേ പോകുന്നു—2

രാത്രിയിൽ ഞാൻ ദൈവത്തിന്റെ
കൈകളിലുറങ്ങുന്നു
അപ്പോഴുമെൻ രഥത്തിന്റെ
ചക്രം മുമ്പോട്ടോടുന്നു (സമയമാം....)

രാവിലെ ഞാൻ ദൈവത്തിന്റെ
കൈകളിലുണരുന്നു
അപ്പോഴുമെൻ മനസ്സിന്റെ
സ്വപ്നം മുമ്പോട്ടോടുന്നു (സമയമാം....

ആകെയല്പ നേരം മാത്രം
എന്റെ യാത്ര തീരുവാൻ
ആകെയരനാഴികമാത്രം
ഈയുടപ്പുമാററുവാൻ (സമയമാം....)

## അഞ്ചാം ഭാഗം

## രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (മൂന്നു പ്രാവശ്യം) സ്വർഗ്ഗസ്ഥനായ പിതാവേ.... (പേജ് 11 കാണുക.)

നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളെ സൃഷ്ടിച്ച് അനുദിനം പരിപാലിക്കുന്ന സ്നേഹനിധിയായ പിതാവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കുള്ളതെല്ലാം നിൻേറതാകുന്നു. ഞങ്ങളുടെ ആയുസ്സും, ആരോഗ്യവും, ധനവും, കീർത്തിയും ബുദ്ധിയും, ശക്തിയുമെല്ലാം നിൻേറ ദാനമാണെന്ന് ഏററു പറയുന്നു ഈ നിരവധി ദാനങ്ങൾക്ക് ഞങ്ങൾ ആത്മാർത്ഥമായി നന്ദിപറയുന്നു. തൻേറ പരസ്യജീവിതകാലത്ത് ഈശോമിശിഹാ ദുഃഖിതരേയും ക്ലേശിതരേയും, രോഗികളേയും ആകുലചിത്തരേയും സന്ദർശിക്കുകയും സമാശ്വസിപ്പിക്കുകയും അവർക്ക് സൗഖ്യം നല്കുകയും ചെയ്തിരുന്നുവല്ലോ? നിൻേറ കാരുണ്യത്തിൽ ഞങ്ങൾ പൂർണ്ണമായി ആശ്രയിക്കുന്നു. നിൻേറ പരിപാലനയാൽ ഞങ്ങൾ സുരക്ഷിതരാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു. നിൻേറ സ്നേഹവും പരിലാളനയും ജീവിതത്തിൻേറ ഓരോ നിമിഷവും അനുഭവിച്ചാസ്വദിക്കുവാൻ ഞങ്ങൾക്കിടവരുത്തണമേ. ആത്മാവിൻേറയും ശരീരത്തിൻേറയും നാഥനായ കർത്താവേ, ഞങ്ങളുടെ (രോഗിയുടെ പേരു്) സമൃദ്ധമായി അനുഗ്രഹിക്കണമെ. ഇയാൾക്ക് രോഗശാന്തിയും ആരോഗ്യവും നല്കേണമെ. നിൻേറ ദിവ്യഹിതത്തിനു് ഇയാളെ പൂർണ്ണമായി ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉ. ആമ്മേൻ

(താഴെ നല്കിയിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ, അതിൽ കൂടുതലോ, സൗകര്യം പോലെ ചൊല്ലാവുന്നതാണ്.)

സങ്കീർത്തനങ്ങരം 13, 15, 16, 19, 22, 23, 31, 33, 34, 38, 40, 42, 51, 122, 129, 144, 145; 146, 147, 148, 149, 150,

സകലത്തിൻെറയും നാഥാ നിന്നെ....

പേജ് 15 കാണുക

ലേഖനം: 2 കൊറി. 12:7–10

സുവിശേഷം: യോഹ. 11:1–5

## കറോസൂസ

പ്ര: നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടുംകൂടി കാരുണ്യവാനായ കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേരംക്കണമെ എന്നു പ്രാർത്ഥിക്കാം

സ: കർത്താവേ....

പ്ര: ഞങ്ങരംക്കുവേണ്ടി പീഡകളും വേദനകളും അനുഭവിച്ച മിശിഹായേ, നിൻെറ പീഡാനുഭവത്തോടു ചേർത്തു് ഈ രോഗിയുടെ ക്ലേശങ്ങളും സ്വീകരിക്കണമെന്നു്,

സ: കർത്താവേ....

പ്ര: പ്രത്യാശയോടെ നിന്നെ സമീപിച്ച സകല രോഗികളേയും സുഖപ്പെടുത്തിയ കരുണാനിധിയായ ഈശോയെ, നിൻെറ ഈ ദാസൻെറ (ദാസിയുടെ) മേൽ കരുണയും അനുഗ്രഹവും വർഷിക്കണമെന്നു്,

സ: കർത്താവേ....

പ്ര: ശാരീരികവും മാനസികവുമായ ക്ലേശങ്ങളിൽ വേദനിക്കുന്ന നിൻെറ മക്കളുടെ നിലവിളി കേരംക്കണമെന്നു്,

സ: കർത്താവേ....

പ്ര: പിതാവായ ദൈവമേ, കുരിശിൽ നിനക്കു ബലിയർപ്പിച്ച തിരുസുതനെ ഓർത്തു് ഈ (രോഗിയുടെ

പേരു്) വേദനകളും ക്ലേശങ്ങളും സ്നേഹബലിയായി സ്വീകരിക്കണമെന്നു്,

സ: കർത്താവേ....

പ്ര: വേദനയുടെ മദ്ധ്യത്തിലും സ്വർഗ്ഗീയ പിതാവിൻെറ സാന്നിദ്ധ്യം അനുഭവിച്ചാസ്വദിച്ചിരുന്ന ഈശോയെ, എല്ലാ ക്ലേശങ്ങളും സമചിത്തതയോടെ സഹിക്കുന്നതിനും നിൻെറ ദിവ്യഹിതത്തിനു പൂർണ്ണമായ വിധേയത്വം പ്രകടിപ്പിക്കുന്നതിനുമുള്ള വരം ഈ രോഗിക്കു നൽകണമെന്നു്.

സ: കർത്താവേ....

പ്ര: 'അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്നവർ എൻെറ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' എന്നരുളിയ കരുണാർദ്രനായ കർത്താവേ, ഈ രോഗിയുടെമേൽ കനിവുണ്ടായി രോഗശാന്തിയും ആരോഗ്യവും നൽകണമെന്നു്,

സ: കർത്താവേ....

നമുക്കു പ്രാർത്ഥിക്കാം.

സന്താപത്തിലും സന്തോഷത്തിലും / ഒരിക്കലും ഒററപ്പെട്ടവരല്ലെന്നും / പിതാവായ ദൈവത്തിൻെറ സ്നേഹത്തിലും / ഈശോമിശിഹായിലുള്ള സാഹോദര്യത്തിലും / പരസ്പരം ബന്ധിതരുമാണെന്ന ബോദ്ധ്യത്തോടെ ജീവിക്കുവാൻ/ ഞങ്ങളേവരേയും പ്രത്യേകിച്ച (രോഗിയുടെ പേരു്) / അനുഗ്രഹിക്കണമെ. പരി. കന്യകാമറിയമേ / വി. യൗസേപ്പേ / ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ/സകല വിശുദ്ധരേ/രക്തസാക്ഷികളെ/നിങ്ങൾ ഈ രോഗിക്കുവേണ്ടിയും / ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കേണമേ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും/ പിതാവായ ദൈവത്തിൻെറ സ്നേഹവും / പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും / നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

ഉ. ആമ്മേൻ.

ആറാം ഭാഗം

# മരിച്ചവർക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ് *

ശുശ്രൂഷി: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ / നിൻെറ തിരുനാമത്തിനു സ്തുതി.

നമുക്കു പ്രാർത്ഥിക്കാം: സമാധാനം നമ്മോടുകൂടെ.

## സ്ളോസാ

പുരോ: കരുണയുള്ള കർത്താവെ/കരയുന്നവർ നിന്നെ വിളിക്കുകയും/ സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിൻെറ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ /നിൻെറ ദാസരെ ആശ്വസിപ്പിക്കണമെ. ജീവൻേറയും മരണത്തിൻേറയും നാഥനും/ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ശുശ്രൂ: ആമ്മേൻ.

## ഓനീസ

(മൽക്കാമിശിഹാ....)

1\. 'എൻെറകർത്താവേ, നിന്നെഞാൻ പ്രകീർത്തിക്കും'
മഹിമയോടന്തിമ വിധിനാളിൽ
കർത്താവേ, നീ അണയുമ്പോഠം
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ

2\. 'കർത്താവേ നിന്നെ ഞാൻ ആശ്രയിച്ചു.'
കർത്താവേ, നിൻ കുരിശിനെ ഞാ—
നാരാധിച്ചു വണങ്ങുന്നു.
അതുതാൻ ഞങ്ങഠംക്കുത്ഥാനം
രക്ഷയുമുയിരും നല്കുന്നു.

---

* കുടുംബങ്ങളിൽ പ്രാർത്ഥനയായി ചെറിയ ഒപ്പീസ് ചൊല്ലാവുന്നതാണ്.

3 'ആകാശവും ഭൂമിയും നിൻേറതാകുന്നു'
ആകാശവുമീ ഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നല്കണമേ; മൃതനായുസ്സും,

4 'അവരാനന്ദ കീർത്തനങ്ങൾ പാടും'
മൃതരാം നരരുടെ പാപങ്ങൾ
മാസ്സുണമേ നിൻ കൃപയാലേ
മാമ്മോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

5 'അവൻെറ സന്തോഷത്തിലവരാനന്ദിക്കും'
കർത്താവേ നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻസുതരെ
നിത്യവിരുന്നിൽ ചേർക്കണമേ.

6 'അവരിലാരും അവശേഷിച്ചില്ല.'
മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടി മുളയ്ക്കുന്നു
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

7 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.'
ബാവാപുത്രൻ റൂഹായേ,
മൃതനാമെന്നിൽ കനിയേണം
ജീവൻ നല്കി മഹോന്നതമാം
പ്രഭയുടെ നാട്ടിൽ ചേർക്കേണം.

8 'ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.'
തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

ശുശ്രൂ: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

## സ്ളോസ

പുരോ: കർത്താവേ, നിൻെറ കരുണ ഞങ്ങളെ അനുഗമിക്കുകയും നിൻെറ ദയാധിക്യം ഞങ്ങളുടെ പാപങ്ങളും മായിച്ചുകളയുകയും, ചെയ്യുമാറാകട്ടെ. മഹനീയമായ നിൻെറ ത്രിത്വത്തിൻെറ അനുഗ്രഹം/ ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവൻേറയും മരണത്തിൻെറയും നാഥനും / നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ശുശ്രൂ: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കേണമെ.

## ഹൂസാ

പുരോ: കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവൻെറ കാരണവും/ആത്മാവിൻെറ പ്രത്യാശയും നീയാകുന്നു. ജീവൻേറയും മരണത്തിൻെറയു നാഥനും / നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ശുശ്രൂ: ആമ്മേൻ.

## മദ്രാശാ

(കുർബാനകഴിഞ്ഞയുടനെയാണെങ്കിൽ കമ്പെൽമാറൻ..)

പുരോ: കൈക്കൊള്ളണമെ,
ഹൃദയംഗമമാം
വിശ്വാസമോടെ
ദാസൻ ചെയ്യും
ബലിയെൻ നാഥാ,
തിരുസ്സന്നിധിയിൽ

ശുശ്രൂ: കൈക്കൊള്ളണമെ........

പുരോ: പൂർവ്വന്മാരാം
നോഹ് അബ്രാഹം
ഇസാഹക്ക് യാക്കോബ്
മഹിതാശയർതൻ
പരിപാവനമാം
ബലികരംപോലെ

ശുശ്രൂ: കൈക്കൊള്ളണമേ....

പുരോ: പുരുവത്സലരാം
ശ്ളീഹരുമൊരുപോൽ
വിനയാന്വിതരായ്
തവസന്നിധിയിൽ
ചെയ്യൊരുനവമാം
ബലിപോൽ നാഥാ,

ശുശ്രൂ: കൈക്കൊള്ളണമമ....

(മററവസരങ്ങളിൽ)
(ലാതെക്റേലാക്)

പുരോ: ഉന്നതനൃപനാം മിശി
ഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊ
ട്ടണരാൻ വരമരുളേണം.

ശുശ്രൂ: ഉന്നതനൃപനാം....
വിധിയുടെ നാളിൽ
വിജയപ്രഭയിൽ വിണ്ഡലമെങ്ങും
പൊങ്ങിമുഴങ്ങും കാഹള
നാദം പൂജിതമല്ലോ.

ശുശ്രൂ: ഉന്നതനൃപനാം....

പുരോ: അന്ത്യമെഴാത്തൊരവി
കലമോദം നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറ
യിങ്കൽ ചേർക്കണമീശോ,

ശുശ്രൂ: ഉന്നതനൃപനാം....

## ശൂറായ

(സങ്കീ. 129)

ശുശ്രൂ: കർത്താവേ, അഗാധത്തിൽനിന്നുനിന്നെ ഞാൻ വിളിക്കുന്നു,

(കാനോന) മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിൻെറ തിരുനാമത്തിനു സ്തുതി.

(രണ്ടു ഗണമായി തുടരുന്നു)

കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. കർത്താവേ, എൻെറ ശബ്ദം കേൾക്കണമേ.

എൻെറ പ്രാർത്ഥന ചെവിക്കൊള്ളണമേ.

കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും?

എന്തുകൊണ്ടെന്നാൽ പാപമോചനം നിൻെറ പക്കൽനിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എൻെറ പ്രതീക്ഷ അവൻെറ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരേപ്പോലെ / കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ / അവൻ കരുണയുള്ളവനാകുന്നു.

പൂർണ്ണമായ രക്ഷയും അവൻെറ പക്കലാകുന്നു.

ഇസ്രായേലിനെ അതിൻെറ പാപങ്ങളിൽനിന്നെല്ലാം അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ: കർത്താവേ, അഗാധത്തിൽ നിന്നു നിന്നെ ഞാൻ വിളിക്കുന്നു.

(കാനോന) മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

നമുക്കു പ്രാത്ഥിക്കാം: സമാധാനം നമ്മോടുകൂടെ.

## സ്ലോസ

പുരോ: സജീവവും ജീവദായകവുമായ ശബ്ദത്താൽ / ലാസറിനെ ഉയിർപ്പിച്ച കർത്താവേ / ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ / നിന്റെ ദാസനെ (ദാസിയെ) വിളിക്കുകയും / നിന്റെ വലത്തു ഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങളം പൊറുക്കുന്നവനും / കരുണനിറഞ്ഞവനും നീതിമാനുമായ വിധികത്താവേ / ജീവന്റെയും, മരണത്തിന്റെയും നാഥനും / നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ശുശ്രൂ: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കേണമെ.

പുരോ: കർത്താവേ, മരിച്ചവരെ നീ കരുപൂണാവും ജീവിപ്പിക്കണമേ / ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ/ഉത്ഥാനം പ്രതീക്ഷിച്ച മരണമടഞ്ഞവരെ / നീ മഹിമയോടുകൂടി ഉയിപ്പിക്കണമെ/ജീവന്റെയും മരണത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

പുരോ: സകലത്തിൻെറയും നാഥനും ദൈവവുമായ മിശിഹായേ / നിൻെറ കുരിശിൻെറ അടയാളത്തോടും / ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ / വാനമേഘങ്ങളിൽ പ്രത്യക്ഷനാവുകയും / സ്വർഗ്ഗരാജ്യത്തിൻെറ വാതിലുകൾ തുറക്കപ്പെടുകയും / മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും / ദുഷ്ടജനങ്ങൾ നീതിമാന്മാരിൽനിന്നും വേർതിരിക്കപ്പെടുകയും ചെയ്യുന്ന / ഭയാനകമായ / വിധിദിവസത്തിൽ തൻെറ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽതന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന / സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) / നീ സ്വീകരിക്കണമെ/ ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും / നിൻെറ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ / ഇപ്പോഴും ✠ എപ്പോഴും ✠ എന്നേയ്ക്കും.

ശുശ്രൂ: ആമ്മേൻ.

# കുടുംബപ്രതിഷ്ഠ

കുടുംബനായകൻ: ഈശോയുടെ തിരുഹൃദയമേ,

(എല്ലാവരും കൂടി) ഈ കുടുംബത്തേയും / ഞങ്ങളെ ഓരോരുത്തരേയും / ഞങ്ങൾ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ / അങ്ങു രാജാവായി വാഴേണമേ / ഞങ്ങളുടെ പ്രവൃത്തികളെല്ലാം / അങ്ങു തന്നെ നിയന്ത്രിക്കേണമെ / ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം / ആശീർവ്വദിക്കുകയും / സങ്കടങ്ങളിൽ ആശ്വാസം / നല്കുകയുംചെയ്യേണമെ / ഞങ്ങളിൽ ആർക്കെങ്കിലും / അങ്ങയെ ഉപദ്രവിക്കുന്നതിനിടയായാൽ / ഞങ്ങളോടു ക്ഷമിക്കണമേ. മരിച്ചുപോയ / ഞങ്ങളുടെ കുടുംബാംഗങ്ങളെ / നിത്യഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കേണമെ. അങ്ങയെ കണ്ടാനന്ദിക്കുവാൻ / സ്വർഗ്ഗത്തിലെത്തുന്നതുവരെ / ആത്മീയവും ശാരീരികവുമായ / എല്ലാ വിപത്തുകളിൽനിന്നു് / ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിൻെറ വിമലഹൃദയവും / മാർ യൗസേപ്പുപിതാവും / ഞങ്ങളുടെ പ്രതിഷ്ഠയെ അങ്ങേയ്ക്കു സമർപ്പിക്കയും ജീവിതകാലം മുഴുവനും / ഇതിൻെറ സജീവസ്മരണ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോയുടെ തിരുഹൃദയമേ / ഞങ്ങളെ
അനുഗ്രഹിക്കേണമേ.

മറിയത്തിൻെറ വിമലഹൃദയമേ /
ഞങ്ങൾക്കുവേണ്ടി........

വിശുദ്ധ യൗസേപ്പേ / ഞങ്ങൾക്കുവേണ്ടി...........

ഞങ്ങളുടെ പിതാവായ, മാർ തോമ്മാശ്ലീഹായേ /
ഞങ്ങൾക്കുവേണ്ടി........

വിശുദ്ധ മർഗ്ഗരീത്താ മറിയമേ, ഞങ്ങൾക്കു
വേണ്ടി........

'അനുദിന പ്രാൎത്ഥന കുടുംബങ്ങളിൽ' അനേകം കുടുംബങ്ങളെ പ്രാൎത്ഥനാജീവിതത്തിൽ വളർത്തുമെന്ന് വിശ്വസിക്കുന്നു. നമ്മുടെ ആരാധനക്രമമനുസരിച്ചുള്ള കുടുംബപ്രാൎത്ഥനയിൽ ദൈവജനം പരിശീലിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ പുസ്തകത്തിന്റെ മൂന്നാം ഭാഗമായ 'ബൈബിൾ ജപമാല'യാകട്ടെ, പ്രത്യേക പരിശീലനം കൂടാതെ എല്ലാവർക്കും എളുപ്പത്തിൽ ഉപയോഗിക്കുവാൻ പര്യാപ്തമാണ്. ബൈബിൾ ജപമാലയും ദൈവവചനപാരായണവും ധ്യാനവും പ്രാൎത്ഥനാനുഭൂതിയായി പരിണമിക്കുന്നു. ഈ നല്ല പുസ്തകം നമ്മുടെ കുടുംബപ്രാൎത്ഥനയ്ക്കായി കാഴ്ചവച്ച ബ. കൂടപ്പുഴ സേവ്യറച്ചന് ഹൃദയപൂർവ്വമായ അനുമോദനങ്ങൾ

Bishop's House,
Manantavady,
25-1-1980.

മാർ ജേക്കബ് തൂങ്കുഴി
മാനന്തവാടി രൂപതാ മെത്രാൻ

അനുദിന പ്രാൎത്ഥന കുടുംബങ്ങളിൽ, എന്ന പ്രർത്ഥനപ്പുസ്തകം ലഭിച്ചു. നമ്മുടെ റീത്തനുസരിച്ചുള്ള ആരാധനക്രമവുമായി ബന്ധപ്പെടുത്തി കുടുംബപ്രാർത്ഥനയും തയ്യാറാക്കിയതു് ഉചിതമായി. അനുദിനകൎത്തവ്യങ്ങൾ പ്രാൎത്ഥനാമയമാക്കാനും ദിവ്യബലിയുടെ തുടർച്ചയാക്കാനും ഈ പ്രാൎത്ഥനാരീതി സഹായകമാണ്. ബ. കൂടപ്പുഴ സേവ്യറച്ചന് അനുമോദനങ്ങൾ!

Bishop's House,
Irinjalakuda,
13-1-1980.

മാർ ജെയിംസ് പഴയാററിൽ
ഇരിഞ്ഞാലക്കുട രൂപതാ മെത്രാൻ

''ബ. കൂടപ്പുഴ സേവ്യറച്ചൻ തയ്യാറാക്കിയിട്ടുള്ള ''അനുദിന പ്രാർത്ഥന'' എന്ന ഗ്രന്ഥം നമ്മുടെ കുടുംബങ്ങളിൽ ഉപയോഗിക്കുവാൻ പററിയ വളരെ നല്ല ഒരു പ്രാർത്ഥനാസംഗ്രഹമാണ്. ദേവാലയത്തിൽ നടക്കുന്ന ആരാധനക്രമങ്ങളും കുടുംബപ്രാർത്ഥനകളും തമ്മിൽ ആഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടതാണ്. ഇതു വ്യക്തമാക്കുവാൻ ഈ ഗ്രന്ഥം വളരെയധികം ഉപകരിക്കുന്നു. സജീവമായും ഫലപ്രദമായും ദിവ്യബലിയിൽ സംബന്ധിക്കുവാനും ഇതു നമ്മെ സഹായിക്കും. കാലത്തിനനുസരിച്ച് മാറിമാറിവരുന്ന പ്രാർത്ഥനകളും വായനകളും ആവർത്തനവിരസത ഒഴിവാക്കുന്നു. കുടുംബങ്ങളിൽ നിർബന്ധമായും ചൊല്ലേണ്ട ജപമാലയ്ക്കും ഇതിൽ സ്ഥാനം കൊടുത്തിട്ടുണ്ട്. ജപമാല രഹസ്യങ്ങൾ മുഴുവനും വേദപുസ്തക വാക്യങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് ദൈവവചനവുമായുള്ള നമ്മുടെ ബന്ധവും സജീവമാക്കുന്നു. ഈ പ്രാർത്ഥനാപ്പുസ്തകം ഉപയോഗിക്കുന്നതു് എല്ലാത്തരത്തിലും പ്രയോജനകരമായിരിക്കും.''

Bishop's House,
Tellicherry,
26-12-1979

മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി
തലശ്ശേരി രൂപതാ മെത്രാൻ.

10487

''കുടുംബങ്ങളെ ഒന്നിപ്പിക്കുന്നതിനും ജീവിത വിജയത്തിനാവശ്യമായ ദൈവാനുഗ്രഹം ധാരാളമായി ലഭിക്കുന്നതിനും കുടുംബപ്രാർത്ഥന ശക്തിയേറിയ ഒരു മാദ്ധ്യമമാണ്. പ്രാർത്ഥിക്കുന്ന കുടുംബങ്ങളിലേ ക്രിസ്തു വിഭാവനം ചെയ്ത സ്നേഹവും ശാന്തിയും കളിയാടൂ. വിരസമായ പ്രാർത്ഥനാരീതികൾക്കു പകരം വി. ഗ്രന്ഥത്തിലും ആരാധനക്രമത്തിലും അടിസ്ഥാനമുള്ള പ്രർത്ഥനാരീതികൾ നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം പിടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള പ്രാർത്ഥനയ്ക്കു് സഹായിക്കുന്നതാണ് ''അനുദിനപ്രാർത്ഥന കുടുംബങ്ങളിൽ.'' ഇതിനുരൂപം കൊടുത്ത ബ. കൂടപ്പുഴ സേവ്യറച്ചനെ ഞാൻ അനുമോദിക്കുന്നു. ഈ പ്രർത്ഥനാരീതി നമ്മുടെ കുടുംബങ്ങളിൽ എത്രയുംവേഗം പ്രചരിക്കട്ടെ''


[illegible]ouse,
[illegible]
[illegible]0.

മാർ ജോസഫ് കുണ്ടുകുളം,
തൃശ്ശൂർ രൂപതയുടെ മെത്രാൻ.

DRAM ACHARYA LIBRARY

# അനുദിനപ്രാർത്ഥന

## കുടുംബങ്ങളിൽ



ഡോ. സേവ്യർ കൂടപ്പുഴ

Indic Digital Archive Foundation
gpura.org